REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

# ചിത്രവാരിക

27th THULAM 1110

12th NOVEMBER 1934.



മൈസൂർ രാജമന്ദിരത്തിൻെറ മുൻവശത്തുള്ള ഗോപുരം.

The Palace Studio, Mysore.

VOL. VII. NO. 10

Price As. 2. വില ൨ ണ

# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧. | ൧൧൧൦ തുലാം ൨൭-ാംനു- തിങ്കളാഴ്ച. | ലക്കം ൧൦.




ജാർജ്ജ് രാജകുമാരന്റെ ഭാവിപത്നിയായ മെരിനാ രാജകുമാരി, ഫിലിപ്പ് ഡിലാസലോ എന്ന പ്രശസ്തചിത്രകാരന്റെ ചിത്രശാലയിൽനിന്ന് വെളിയിൽ ഇറങ്ങുന്നു. പുറകിൽ നിൽക്കുന്നതു് ഡിലാസലോ ആണ്. രാജകുമാരിയുടെ ചിത്രം പൂർത്തിയാകുമ്പോൾ അതു് വിവാഹസമ്മാനമായി ലാസലോ രാജകീയദമ്പതികൾക്കു നൽകുന്നതായിരിക്കും.

U. P. S.

# ഫ്റഞ്ചുമയ്യഴി.

എം. കരുണാകരൻ ബി. എ.



മയ്യഴിയിലെ സെൻറുതെരേസാ പള്ളിയുടെ മുൻവശം

അക്ടോബർ 14-ം 15-ം തീയതികളിലായിരുന്നു ഇവിടത്തെ ഉത്സവം.

A. Padmanabhan, Mahe.

സ്വാതന്ത്ര്യം, സമത്വം, സഹോദരത്വം എന്നീ മഹനീയഗുണങ്ങളെ അടിസ്ഥാനമാക്കി ഭരണം നയിക്കുന്ന ഫ്രെഞ്ചുറിപ്പബ്ലിക്കൻഗവർമ്മെണ്ടിന്റെ കീഴിൽ വടക്കേമലബാറിലുള്ള ഒരു ചെറുനഗരിയാണു മയ്യഴി. മലബാറിലെ ഒരു സുഖവാസസ്ഥലമായി പരിഗണിക്കപ്പെട്ടുവരുന്ന ഈ രാജ്യം പ്രകൃതിദേവിയാൽ അനുഗൃഹീതമായ ഒരു സ്ഥലംതന്നെയാണ്. ഇതിനുവടക്കുഭാഗത്തായി "മയ്യഴിപ്പുഴ"എന്ന നാമധേയത്താൽ അറിയപ്പെടുന്ന ഒരു ചെറുപുഴ ഒഴുകുന്നുണ്ട്. നദീതീരത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾക്കു ഉള്ളിലോട്ടു മാറിക്കിടക്കുന്ന മററു സ്ഥലങ്ങളെ അപേക്ഷിച്ചു പലേ മേന്മകളുമുണ്ടെന്നു പറഞ്ഞറിയിക്കേണ്ടുന്ന ആവശ്യമില്ലല്ലൊ. ഇതുകൂടാതെ ഈ ചെറുനഗരിയുടെ പടിഞ്ഞാറുഭാഗം ഉള്ളതു സദാ ഇരമ്പിക്കൊണ്ടിരിക്കുന്ന അറബിക്കടലാണ്. ഏകദേശം ഒന്നരനാഴിക ചതുരശ്രം മാത്രമുള്ള ഫ്റഞ്ചുമയ്യഴിയിലെ സുഖസന്ദായകമായ കാലാവസ്ഥ ഇവിട്ടത്തേക്കു ആണ്ടുതോറും അനേക ജനങ്ങളെ അന്യദിക്കുകളിൽനിന്നു ആകർഷിക്കുന്നുണ്ട്.

ഈ രമണീയപ്രദേശത്തിന്റെ സമഷ്ടിയായ ഒരു വർണ്ണനയ്ക്കാരംഭിക്കുന്നതിനുമുമ്പായി ഇതിന്റെ ആദിമചരിത്രത്തെപ്പററി സംക്ഷിപ്തമായി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇതു ഫ്റഞ്ചുകാർക്കധീനമായതു 1726-ലാണ്. അതുവരെയും ഒരു നാട്ടുതമ്പുരാന്റെ കീഴിൽ എത്രയോ മോശമായ സ്ഥിതിയിലായിരുന്നു ഈ സ്ഥലം. 1726-ൽ ഒരു ചെറുതായ ഫ്റഞ്ചുസൈന്യം ഡി. പാർഡെയിലൻ (D. Pardaillan) എന്ന മഹാന്റെകീഴിൽ Maihi (മയ്യഴിയുടെ അന്നത്തെ പേർ ചരിത്രഗ്രന്ഥത്തിൽ ഇങ്ങിനെയാണു കാണുന്നതു്.) ക്കു നേരെവരികയും ഈ സ്ഥലത്തെ നാട്ടുപ്രഭുവോടു കിഴടങ്ങാൻ ആവശ്യപ്പെടുകയും ചെയ്തു. എങ്കിലും രാജ്യാവകാശിയായ പ്രഭു പാർഡെയിലന്റെ കല്പനയെ തിരസ്കരിച്ചു. Maihi യുടെവടക്കുഭാഗമുള്ള ആഴംകുറഞ്ഞ പുഴയും പടിഞ്ഞാറൻകരയ്ക്കു സമീപം ആഴംകുറഞ്ഞതും ആകമാനം പാറക്കല്ലുകളാൽ നിറഞ്ഞതുമായ സമുദ്രവും ഇതിനെ സുരക്ഷിതമാക്കാൻ പര്യാപ്തങ്ങളായിരുന്നു. എങ്കിലും പാർഡയിലന്റെ കീഴുദ്യോഗസ്ഥനും യുദ്ധകാര്യവിചക്ഷണനുമായ Francois Mahé De La Bourdounais (ഫ്റാൻസ്വാ മാഹെ ഡെലാബൂർഡൊനെ) ഈ സ്ഥലം കൈവശപ്പെടുത്താനുതകുന്ന ഒരു പ്ലാൻ (Plan) പാർഡെയിലനു സമർപ്പിക്കുകയും, അതുപ്രവൃത്തിപഥത്തിൽ വരുത്താനായി ഉടനേതന്നെ മേലുദ്യോഗസ്ഥന്റെ അനുമതിവാങ്ങുകയും ചെയ്തുവെന്നാണു ചരിത്രത്തിൽനിന്നറിയപ്പെടുന്നതു്. അങ്ങിനെ സൈന്യങ്ങളെ ബോട്ടുകളിലാക്കി Maihi യുടെ പടിഞ്ഞാറുഭാഗം കൊണ്ടുവന്നിറക്കിയതോടുകൂടി നാട്ടുപ്രഭുവുമായി യുദ്ധത്തിലേർപ്പെടാൻ തന്നെ La Boundounais നിശ്ചയിച്ചു. യുദ്ധാനന്തരം പരാജിതനായ പ്രഭുവിൽനിന്നു ഫ്റഞ്ചുകാർ Maihi കൈവശപ്പെടുത്തി. ഈ യുദ്ധത്തിൽ നാട്ടുസൈന്യത്തിനു അതിയായ നഷ്ടങ്ങൾ സംഭവിച്ചിരുന്നു. ഫ്റഞ്ചുകാരുമായി രണ്ടാമതും യുദ്ധംചെയ്യുന്നതു കൂടുതൽ ആപത്തുകൾക്കു കാരണമായിരിക്കും എന്നു മനസ്സിലാക്കിയ നാട്ടുപ്രഭു അവരുമായി ഒരു സന്ധിയിലേർപ്പെട്ടു. മയ്യഴിയുടെ ആദിമചരിത്രത്തിൽ പ്രധാനമായ ഈ സന്ധി 1726 നവമ്പർ 8-ാംതീയതിയായിരുന്നു ഇരുകക്ഷികളും ഒപ്പിട്ടതു്. ഈ കരാറുപ്രകാരം നാട്ടുപ്രഭുവിനു ഇംഗ്ലീഷുകാരുമായി കച്ചവടം നടത്താൻ പാടില്ലെന്നും, മയ്യഴിയിലെ സർവ്വാധികാരങ്ങളും ഫ്റഞ്ചുകാർക്കു വിട്ടുകൊടുത്തതായും കാണുന്നുണ്ട്. Francois Mahé De La Bourdounais യുടെ നേതൃത്വത്തിൻകീഴിൽ കരസ്ഥമാക്കപ്പെട്ട ഈ സ്ഥലത്തിനു Maihi എന്ന പഴയ പേർ പോക്കി ഇദ്ദേഹത്തിന്റെ നാമധേയത്തിലടങ്ങിയ Mahe എന്ന പേർതന്നെ ഫ്റഞ്ചുകാർ നൽകി. Mahé (മയ്യഴി) കീഴടക്കിയ ഉടനേതന്നെ അതിനെ അന്യശത്രുക്കളിൽനിന്നു രക്ഷിക്കാനായി ഇതിന്റെ പടിഞ്ഞാറുഭാഗം കടലോരത്തിനു സമീപമുള്ള ഒരു കുന്നിന്മേൽനിന്നു കിഴക്കേ അതൃത്തിയിൽ സ്ഥിതിചെയ്യുന്ന മറെറാരു കുന്നിന്മേലേക്കു സൈന്യങ്ങൾക്കു ഗതാഗതം ചെയ്യാനുതകുന്നമട്ടിൽ ഒരു തുരങ്കം ഉണ്ടാക്കുകയും അവിടെ യുദ്ധസാമഗ്രികളൊക്കെ സൂക്ഷിക്കുവാനായി ഒരു "മരുന്നറ" ഉണ്ടാക്കുകയും ചെയ്തു. ഈ തുരങ്കവാതിലുകൾ അൽപകാലം മുൻപു പൂർണ്ണമായി അടച്ചുകളഞ്ഞു എങ്കിലും "മരുന്നറ" ഇന്നും ഇവിടെ ശേഷിച്ചുകാണ്മാനുണ്ട്. ഇങ്ങിനെയുള്ള ചരിത്രലക്ഷ്യങ്ങൾ മാനുഷഹസ്തങ്ങളാൽ എവിടെയും എന്നും നശിപ്പിക്കപ്പെടാതിരിക്കട്ടെ.!

മലബാറിലെ (Robin Hood) റോബിൻഹുഡ്ഡായ തച്ചോളി ഒതേനനു മയ്യഴിയിൽ ഒരെങ്കക്കളരിയുണ്ടായിരുന്നു എന്ന സംഗതി ചരിത്രപ്രസിദ്ധമാണല്ലൊ. ഇദ്ദേഹം അന്നു ഉറുമിയും പലിശയും സൂക്ഷിച്ചിരുന്ന സ്ഥലമാണു ഇന്നും ഇവിടെ "ഉറുമിയന്റെ വീട്" എന്ന പേരാൽ അറിഞ്ഞുവരുന്നതു എന്നു ഇവിടങ്ങളിലുള്ള വയസ്സുമൂപ്പുള്ളവർ പറഞ്ഞുകേൾക്കുന്നുണ്ട്. മയ്യഴിയുടെ ആദിമചരിത്രത്തെപ്പററി ഇനിയും വിശദമായറിയാനാഗ്രഹിക്കുന്ന സഹൃദയന്മാരും ചരിത്രാന്വേഷികളും 1917-ൽ ഫ്രെഞ്ച് ഇന്ത്യാഗവർണ്ണരായ മൊൺസ്യെ ആൽഫ്രെഡ് മത്തിനൊ (Monsieur Alfred Martineou) എഴുതി പ്രസിദ്ധപ്പെടുത്തിയ "Les Orignes De Mahe" (The Origin of Mahe) എന്ന ഗ്രന്ഥം വായിക്കേണ്ടിയിരിക്കുന്നു എന്നു മാത്രം തൽക്കാലം പ്രസ്താവിച്ചുകൊള്ളട്ടെ.

ഏകദേശം ഇരുപതുകൊല്ലങ്ങൾക്കുമുൻപു മയ്യഴിയിലെ കച്ചവടം ഇന്നത്തേക്കാളും എത്രയോ നല്ല സ്ഥിതിയിലായിരുന്നു. അന്നു ഒരു Free Port ആയിരുന്ന മയ്യഴിയിൽ പലേവിധസാധനങ്ങളും ഏതുരാജ്യക്കാർക്കും ഇറക്കുമതി ചെയ്യാമായിരുന്നു. ഫ്റഞ്ചുമദ്യങ്ങൾ എത്രയോ ചുരുങ്ങിയവിലക്കു മയ്യഴിയിൽ കിട്ടിയിരുന്ന ഒരു കാലമായിരുന്നു അതു്. ഇതുകൂടാതെ കൽക്കരിവ്യാപാരവും എത്രയോ കേമമായ നിലയിൽഇവിടെ അക്കാലങ്ങളിൽ നടന്നുവന്നിരുന്നു എന്നസംഗതി ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാണ്. പിന്നീടു ലോകമഹായുദ്ധം കഴിഞ്ഞതോടുകൂടി 1920-ൽ ഫ്റഞ്ചുഗവർമ്മെന്റ മയ്യഴിക്കു ഫ്റീപോർട്ട് എന്നനിലയിൽ കൊടുത്തതായ കരാറു് ദുർബ്ബലപ്പെടുത്തിക്കളഞ്ഞു. ഇതോടുകൂടി മയ്യഴിയിലെ കച്ചവടത്തിന്റെ സ്ഥിതിയും വലിയ മോശപ്പെട്ടനിലയിലായി. ഇന്നു് ഫ്റഞ്ച് ഇന്ത്യാനേഷനൽഅസംബ്ളിയിൽ മയ്യഴിയുടെ അഭിവൃദ്ധിക്കായി ധീരധീരം പോരാടുന്ന ഇവിടത്തെ പ്രതിനിധികൾ ഈ സ്ഥലം Free Port ആക്കുവാനായി ഭഗീരഥപ്രയത്നം ചെയ്തുവരുന്നുണ്ട് എന്നുള്ള കിംവദന്തി എത്രമേൽ വാസ്തവമാണെന്നറിയുന്നില്ല.

മയ്യഴി, Free port ആയിരുന്ന കാലത്തു ഫ്രെഞ്ചുമദ്യങ്ങളുടെ കച്ചവടം എത്രയോ കേമമായി നടന്നിരുന്നു എന്ന സംഗതി പ്രസ്താവിച്ചുകഴിഞ്ഞുവല്ലൊ. ഈ സംഗതിയെ അടിസ്ഥാനമാക്കി, സരസകവിയായ ശ്രീമാൻ, കെ. സി. നാരായണൻനമ്പ്യാരാൽ രചിക്കപ്പെട്ട ഒരു ശ്ലോകം ഇവിടെ ഉദ്ധരി

ക്കുന്നതു മാന്യവായനക്കാൎക്ക രസിക്കുമെന്നു വിചാരിക്കുന്നു-

"വിസ്കിബ്രാണ്ടിപ്രലേവിധംവയിനുമാ-
മദ്യങ്ങൾഹൃദ്യങ്ങളായ്
മിസ്സീന്മാൎക്കുമെട്ടപ്പതിന്നവിടമാ-
ണാദായമെന്നാകിലും
നിഷ്ഠാപട്യമുരച്ചിടാം പ്രിയതമേ!
തീവണ്ടിയേൎപ്പാടിനാൽ
ദുഷ്കാലംപിടിപെട്ടമയ്യഴിയതിൻ-
മാഹാത്മ്യാമാഹാ!ഗതം."

ബിലാത്തിമദ്യങ്ങൾ അന്നു ഫ്രഞ്ച് ബിലാത്തിയിൽനിന്നു ഗമ്മേൎൻറുമുഖേന നേരിട്ടു തലശ്ശേരി വരുത്തുകയും, അവിടുന്നു ചുങ്കം കൊടുക്കാതെ മയ്യഴികൊണ്ടുവരികയുമായിരുന്നു സമ്പ്രദായം. തന്നിമിത്തം, ബ്രാണ്ടി, വിസ്കി മുതലായവയ്ക്കു മയ്യഴി വളരെ സഹായമായിരുന്നു. തിവണ്ടി വന്നതോടുകൂടി, ഫ്രഞ്ചുമദ്യങ്ങൾ പുതുശ്ശേരി (Pondicherry) നിന്നു തീവണ്ടിവഴിയായി വരുത്തുവാൻ സാധിക്കുന്നതുകൊണ്ടു തലശ്ശേരിയിലേക്കു വരുത്തുന്ന സമ്പ്രദായം ഗവണ്മേൻറു നിറുത്തൽ ചെയ്തു. പിന്നീട്, മദ്യങ്ങൾ പുതുശ്ശേരിനിന്നു് കച്ചവടത്തിനായി വരുത്തുമ്പോൾ ഇംഗ്ലീഷുരാജ്യങ്ങളിൽകൂടി കൊണ്ടുവരുന്നതുകൊണ്ടു ബ്രിട്ടീഷുഗവണ്മേൻറിനു ചുങ്കംകൊടുക്കേണ്ടതാണെന്ന ഒരു നിയമം നടപ്പിൽ വന്നു. ഫ്രഞ്ച് ഉദ്യോഗസ്ഥന്മാൎക്കുമാത്രം കുടിക്കുവാൻ മദ്യങ്ങൾ പുതുശ്ശേരിനിന്നു പാസ്സ്പോർട്ടോടുകൂടി വരുത്താമെന്നു ഗവണ്മേൻറു് തീർച്ചപ്പെടുത്തി. അങ്ങിനെ "മിസ്സിന്മാൎക്കു (ദരിദ്രന്മാരായവൎക്കു)കൂടി കുടിക്കാവുന്ന ഫ്രഞ്ച്മദ്യങ്ങൾ മയ്യഴിയിൽ വിൽക്കാതെയായി. തീവണ്ടി ഏർപ്പാടുകൊണ്ടാണു് ഇതൊക്കെ സംഭവിച്ചതെന്നു നമ്പ്യാരവർകൾക്കു് തോന്നുകയാലാണു് തീവണ്ടിയെ കുററം പറഞ്ഞതു്. "മാഹാത്മ്യം" എന്നു കവി ഉപയോഗിച്ചപദത്തിനു മദ്യംനിമിത്തമുള്ള മാഹാത്മ്യമെന്നുമാത്രമെ അൎത്ഥമുള്ളു. ഒരു യുക്ത്യാർത്ഥവുംകൂടി ഈ ശ്ലോകത്തിനു കൊടുക്കാവുന്നതാണു്. തീവണ്ടി വരുന്നതിന്നു മുമ്പായി, മയ്യഴിയിൽ മദ്യപാനം ചെയ്യുവാനായി വരുന്ന രസികന്മാർ ധനവാന്മാരും, സ്വകാൎയ്യമായി സ്വദേശവും വിട്ടുവന്നു ആരുമറിയാതെ കുടിച്ചുപോകുന്നവരുമായിരുന്നു. തീവണ്ടി വന്നതോടുകൂടി എല്ലാവൎക്കും ഒരുപോലെ മയ്യഴിയിൽ വരുവാൻസാധിക്കുന്നതുകൊണ്ടു മുമ്പുണ്ടായിരുന്ന രഹസ്യസ്ഥിതി ഇല്ലാതായി. തന്നിമിത്തം മി. നമ്പ്യാരുടെ നായകനു മയ്യഴിയിൽവന്നു മദിരാപാനംചെയ്യുവാൻ അസാധ്യമായിത്തീൎന്നു. അപ്പോൾ ആ ആവലാധി ഭാൎയ്യയോടു പറഞ്ഞതാണു്.

ഈഴവസമുദായത്തിൻെറ അഭിവൃദ്ധിയെ ലാക്കാക്കി സ്ഥാപിക്കപ്പെട്ട എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ ഒരു വാർഷികോത്സവം 1909-ൽ ഇവിടെവെച്ചു, ഇവിടുത്തെ ചില ഈഴവനേതാക്കന്മാരുടെയും സുപ്രസിദ്ധസാഹിത്യകാരനായ മി: മൂക്കോത്തു കുമാരൻെറയുംആഭിമുഖ്യത്തിൻകീഴിൽ കൊണ്ടാടിയിരുന്നുഎന്ന സംഗതി ഈരാജ്യത്തിൻെറ ചരിത്രത്തിൽ മുഖ്യമായ ഒന്നാണു്. സ്വാതന്ത്ര്യം, സമത്വം, സഹോദരത്വംഎന്നീഗുണങ്ങൾ അഹമഹമികയാ വിലസുന്ന മയ്യഴിരാജ്യത്തിലെ നിവാസികൾ കഴിഞ്ഞ കൊല്ലം ഹരിജനോദ്ധാരണത്തിനായി പരിശ്രമിക്കാൻവേണ്ടി മലബാർ സന്ദർശിച്ച അവസരത്തിൽ സബർമ്മതിയിലെ യോഗിവൎയ്യനെ ഇവിടുത്തേക്കു ക്ഷണിച്ചുവരുത്തിയതും, അദ്ദേഹത്തിന്നു ഈ വിഷയത്തിൽ ചിലവഴിക്കാനായി ധനസഹായം ചെയ്തതുംമററുമൊക്കെ മയ്യഴിയുടെ ചരിത്രത്തിലെ പ്രധാനസംഭവങ്ങൾതന്നെയാണു്.

ഏകദേശം മുപ്പതുകൊല്ലങ്ങൾക്കുമുമ്പു താത്താക്കമ്പെനിയുടെ ഒരു ശാഖ ഇവിടെ സ്ഥാപിക്കാനായിഅതിൻെറ ഉടമസ്ഥന്മാർ ശ്രമിച്ചപ്പോൾ എന്തോ ചില കാരണങ്ങളാൽ അതു മുടങ്ങിപ്പോയി. ആ കമ്പനി ഇന്നു മയ്യഴിയിലുണ്ടായിരുന്നുവെങ്കിൽ അഭ്യസ്തവിദ്യന്മാരായഇവിടുത്തെ യുവാക്കളിൽ മിക്കവരും "ഇന്നു രാജപാതയുടെ നിതാന്തസഖാക്കളായി" നടക്കേണ്ടി വരികയില്ലായിരുന്നു. ഇവിടുത്തെ തൊഴിലില്ലായ്മയെ പരിഹരിക്കാനുപയുക്തങ്ങളായ മാൎഗ്ഗങ്ങൾ വല്ലതും ഗവർമ്മെണ്ടു കണ്ടുപിടിക്കേണ്ടതായ കാലം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു.

ഇനി ഈ രാജ്യത്തിൻെറ ചുരുങ്ങിയ ഒരു വൎണ്ണനയ്ക്കാരംഭിച്ചുകൊള്ളട്ടെ. മയ്യഴിപ്പുഴയും അറബിക്കടലും തമ്മിൽ ചേരുന്ന അഴിമുഖത്തിന്നടുത്താണു് ഇവിടുത്തെ "Hotel de l' administrature" (Government House) സ്ഥിതിചെയ്യുന്നതു്. ഇതിന്നു മുമ്പിലായിട്ടാണു് ഇവിടുത്തെ പബ്ളിക്ക്പാൎക്ക് ഉള്ളതു്. ഇവിടെയിരുന്നാൽ കാണാവുന്ന പ്രകൃതിരമണീയങ്ങളായ കാഴ്ചകൾ ഏവരുടെയും മനസ്സിനെ ആകൎഷിക്കത്തക്കതാണു്. പ്രശാന്തഗംഭീരയായി ഒഴുകിവരുന്ന നദി, കല്ലോലമാലകളാൽ അലംകൃതമായ, പുഞ്ചിരിതൂകിക്കൊണ്ടു ഇരിക്കുന്ന സമുദ്രത്തോടു വന്നുചേരുന്ന കാഴ്ച, ആരെയാണു് ആനന്ദസാഗരത്തിൽ നിമഗ്നരാക്കാത്തതു്! ഉഷ്ണകാലങ്ങളിൽ മയ്യഴിയിലെ ജനതതിക്കു വൈകുന്നേരം നാലുമണിയോടുകൂടി ഇവിടുത്തെ പബ്ളിക്ക്പാൎക്കിൽ വന്നുചേരാനുള്ള ഉൽക്കണ്ഠ ഒന്നുവേറെതന്നെയാണു്. മാൎച്ച്, ഏപ്രിൽ, മെയി എന്നീ മാസങ്ങളിൽ അന്യദിക്കുകളിൽനിന്നു് ആളുകൾ 'സുഖമെടുക്കാ'നായി ഇവിടെവന്നു താമസിക്കുക പതിവാണു്. ഈ അവസരത്തിൽ പബ്ളിക്ക്പാൎക്കിൽ മനോഹരമായി കെട്ടിപ്പടുത്ത 'സീററു'കളിന്മേലിരുന്നു മന്ദമാരുതനേററു് സുഖമനുഭവിക്കുന്ന ആളുകളേവരും മയ്യഴിയിലെ കാലാവസ്ഥയെപ്പററി പുകഴ്ത്തിപ്പറയാതെയിരിക്കയില്ല. ഉഷ്ണകാലങ്ങളിൽ വൈകുന്നേരം അഞ്ചുമണിവരേയും ആപ്പീസുകളിലിരുന്നു ജോലിയെടുക്കുന്ന ഇവിടുത്തെ ഉദ്യോഗസ്ഥവൃന്ദം അവിടംവിട്ടു സ്വഗൃഹങ്ങളിലേക്കു പോയ ഉടനെ തന്നെ പബ്ളിക്ക്പാൎക്കിലേക്കാണു തിരിക്കുന്നതു്. ആഹ്ളാദചിത്തരായ ബാലികാബാലകന്മാർ ലോകത്തിലൊരാളെയും ഭയപ്പെടാനില്ലെന്നു നടിച്ചുകൊണ്ടു പബ്ളിക്കുപാൎക്കിലെ നദിതീരത്തിൽ കൂടി ഉലാത്തുന്നതും ഈ കാലങ്ങളിൽ സൎവ്വസാധാരണമാണു്. സൎവ്വകലാശാലാബിരുദകൾ ഭഗീരഥപ്രയത്നംചെയ്തു കിട്ടിയവരും, അല്പം ചില ക്ലാസുകളിലൊക്കെ പഠിച്ചതിന്നുശേഷം ജോലിയുംതേടി പലേദിക്കിലും ചുററിസഞ്ചരിച്ചിട്ടും നിഷ്ഫലമായതിനാൽ നിരാശാപൂൎണ്ണമായ ജീവിതം നയിക്കുന്നവരും വൈകുന്നേരം ദിവസേന ഈ സ്ഥലത്തു വന്നുചേൎന്നു പഴങ്കഥകളും മൂളൽപാട്ടുകളും തട്ടിവിടുക പതിവാണു്. ഇവിടെ സന്ധ്യാസമയത്തു വന്നുകൂടുന്ന ഏവരുടെയും മനസ്സിനെ ആകൎഷിക്കുന്ന മറെറാരു കാഴ്ചയാണു് ഇവിടുത്തെ സൂൎയ്യാസ്തമനം. സൎവ്വചരാചരങ്ങൾക്കും ഉന്മേഷപ്രദായിയായി, കൎമ്മസാക്ഷിയായി, പകൽസമയം മുഴുവനും ആകാശദേശത്തു പരിലസിക്കുന്ന പകലവൻ, തൻെറ ജ്വലിച്ചുകൊണ്ടിരിക്കുന്ന ശിരസ്സ് പശ്ചിമാംഭോധിയിലേക്കു താഴ്ത്തുന്ന ആ മനോമോഹനമായ കാഴ്ച ആരെയാണു് ആനന്ദിപ്പിക്കാത്തതു്!!! "കന്യാകുമാരിയിലെ സൂൎയ്യോദയം" ഒരു കവീന്ദ്രൻെറ പ്രൌഢഗംഭീരമായ വൎണ്ണനയ്ക്കു വിഷയീഭവിച്ചതുപോലെ, മയ്യഴിയിലെ സൂൎയ്യാസ്തമനവും കവിപ്രവരന്മാരുടെ വശ്യവചസ്സുകളാൽതന്നെ വൎണ്ണിക്കപ്പെടേണ്ടതാണു്. സൂൎയ്യദേവൻ മറയുവാൻ തുടങ്ങുന്നതോടുകൂടി പക്ഷികൾ മധുരകൂജനങ്ങളാൽ ഈശ്വരനെ സ്തുതിക്കുവാൻ തുടങ്ങുന്നതു പാൎക്കിലിരിക്കുന്നവരെ ആനന്ദതുന്ദിലരാക്കിഭവിപ്പിക്കുന്നതാണു്. തദവസരത്തിൽ ഫ്രഞ്ചുറിപ്പബ്ളിക്കിൻെറ പ്രശസ്തിയെ പ്രതിനിമിഷം ലോകമെങ്ങും വ്യാപിപ്പിച്ചുകൊണ്ടുഇരിക്കുന്ന "ത്രിവിധം നിറമൊടു വിലസുന്ന" പതാകയെ,"ഗവർമ്മെണ്ടുഹൌസി"ലെ ദ്വാരപാലന്മാർ കീഴ്പോട്ടിറക്കിക്കളയുന്നതും, പാൎക്കിൽ പലേവിധ വിനോദങ്ങളിലായി ഏൎപ്പെട്ടിരുന്ന ബാലികാബാലന്മാർ, സൂൎയ്യദേവൻ മറഞ്ഞതുനിമിത്തം കളികളൊക്കെ നിൎത്തേണ്ടിവന്നതിനാൽ നിരാശരായി സ്വഗൃഹങ്ങളിലേക്കു മടങ്ങുന്നതും, ലലനാമണികൾ ഭൎത്തൃസമേതരായി പാൎക്കിലേക്കു പ്രവേശിക്കുന്നതുംമററും സന്ധ്യാസമയത്തു പബ്ളിക്കുപാൎക്കിലിരിക്കുന്ന ഒരാൾക്കു കാണുവാൻ കഴിയുന്ന കാഴ്ചകളാണു്. വരാംഗിമാർ പാൎക്കിലെ കടലോരത്തിരുന്നുകൊണ്ടു് സംഭാഷണത്തിലേൎപ്പെടുന്ന അവസരത്തിൽ, വാരാന്നിധിയിലെ മാരാതുരന്മാരായ ചില തരംഗവീരന്മാർ വേപഥുഗാത്രരായി പാഞ്ഞടുത്തു അവരുടെ പാദപത്മങ്ങളെ ചുംബിച്ചു പിൻവലിയുന്ന കാഴ്ച, ഹാ! എത്ര ഹൃദയാവൎജ്ജകം! അമൃതകിരണൻ പാൽമഴപൊഴിക്കുന്ന രാത്രികാലങ്ങളിൽ ശീതളമാരുതനേററുകൊണ്ടു് ഇവിടെ ഇരിക്കുന്ന തരുണീമണികൾ, ചന്ദ്രബിംബംനോക്കി സ്വയം സന്തുഷ്ടരാകുമ്പോൾ, മനോമോഹനനായ അമ്പിളി ലോകരംഗത്തിലെ സൌന്ദൎയ്യധാമങ്ങളെ കണ്ടു് ലജ്ജിച്ചു്, മേഘയവനികയ്ക്കുള്ളിൽ പിൻവലിഞ്ഞുകളയുന്നതും, അതിന്നുള്ളിൽ കൂടിഎത്തിനോക്കുന്നതും, പാൎക്കിലിരിക്കുന്ന ഏതൊരാൾക്കും സൂക്ഷിച്ചുനോക്കുന്നതായാൽ കാണാൻ സാധിക്കുന്നതുതന്നെയാണു്. ഇങ്ങിനെ ഇരിക്കുന്ന അവസരത്തിൽ കുലജാതകളായ ഇവർ പരപുരുഷന്മാർകേൾക്കുന്നതിനെ ഭയന്നു എത്രയോ പതിഞ്ഞസ്വരത്തിൽ പാടുന്ന പാട്ടുകൾക്കു പാൎക്കിലെ തരുശ്രേഷ്ഠന്മാർ ദലമൎമ്മരങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു ശ്രുതിപിടിക്കുന്നതു കേൾക്കുമ്പോൾ പ്രകൃതിദേവിയും കൂടി ഇവരുടെ കൂ

ടെ ഉല്ലസിക്കുന്നുണ്ട്' എന്നു ഏവൎക്കും മനസ്സിലാക്കുവാൻ സാധിക്കുന്നതല്ലേ! പാൎക്കിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതും, ഫ്രഞ്ച് റിപ്പബ്ലിക്കിൻെറ കീഴിൽ സ്വതന്ത്രയായി വൎത്തിക്കുന്ന ഫ്രാൻസിൻെറ ചിഹ്നമായി കരുതപ്പെടുന്നതുമായ സ്ത്രീപ്രതിമയുടെ ഇരുഭാഗത്തും വളച്ചുകെട്ടിയ കൽത്തറകളിന്മേലിരുന്നുകൊണ്ടു ഇവർ ചില സമയങ്ങളിലൊക്കെ ഫ്റഞ്ചുരാഷ്ട്രീയഗാനം (Marseillese) പാടുന്നതു കേൾക്കുവാനിടവരുന്ന ഏവരും ഇവർ സ്വദേശഭക്തകളാണെന്നു നിസ്സംശയം സമ്മതിക്കും.

മയ്യഴിയിലെ വേറൊരു നയനാനന്ദകരമായ കാഴ്ച യശശ്ശരീരനായ സർ. സി. ശങ്കരൻനായരവർകളാൽ തുറക്കപ്പെട്ടതും, സുപ്രസിദ്ധന്മാരായ ഇഞ്ചിനീയർമാരാൽ കമനീയമാംവണ്ണം നിൎമ്മിക്കപ്പെട്ടതുമായ ഇവിടുത്തെ ഇരുമ്പുപാലമാണ്.

ഈ ചെറുരാജ്യത്തു മൂന്നു ഗവൎമ്മേണ്ടുസ്ക്കൂളുകൾ ഉള്ളതിൽനിന്നുതന്നെ ഫ്റഞ്ചുഗവൎമ്മേണ്ടു പ്രജകളുടെ വിദ്യാഭ്യാസവിഷയത്തിൽ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ടെന്നു മാന്യവായനക്കാൎക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതാണല്ലോ. ഇവിടെ ആൺകുട്ടികൾക്കായി ഒരു ഫ്റഞ്ചു ഹൈസ്ക്കൂളും ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂളും പെൺകുട്ടികൾക്കായി ഒരു പ്രാഥമികവിദ്യാലയവും ആണ് ഉള്ളത്. ഫ്റഞ്ചു ഹൈസ്ക്കൂളിലും, പെൺപള്ളിക്കൂടത്തിലും ഫീസ്സില്ലാതെയാണ് പഠിപ്പിക്കുന്നത്. ഇവിടുത്തെ ഹൈസ്ക്കൂളുകൾക്കു വല്ല ന്യൂനതകളുമുണ്ടെങ്കിൽ അതു ഇവിടങ്ങളിൽ ശരിയായി നടത്തപ്പെടുന്ന ഒരു "Sports Association" ഇല്ലാത്തതാണ്. വിദ്യാൎത്ഥിജീവിതത്തിൽ കായികാഭ്യാസത്തിനുള്ള സ്ഥാനത്തെപ്പററി ഇവിടെ പ്രത്യേകമായി യാതൊന്നും പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലോ. എങ്കിലും ഇവിടെ ഇതിനിടെ സ്ഥാപിതമായതും, ഭാരോദ്വഹനത്തിൽ അഖിലേന്ത്യാ ചാമ്പ്യനായ ശ്രീമാൻ എ. എം. ഭരതൻെറയും; അദ്ദേഹത്തിൻെറ സതീൎത്ഥ്യനായ ശ്രീമാൻ രാമചന്ദ്രൻെറയും നേതൃത്വത്തിൻകീഴിൽ നടത്തപ്പെടുന്നതുമായ "Physical Culture Institute" അധികൃതന്മാർ മയ്യഴിയുവാക്കളെ കായികാഭ്യാസവിഷയത്തിൽ ഉന്മുഖരാക്കാനായി അവിശ്രമപരിശ്രമം ചെയ്തുവരുന്നുണ്ടെന്നറിയുന്നതു, ആശ്വാസജനകംതന്നെ. ഇവിടുത്തെ യുവാക്കളെ "ഒരു ചരടിൽ കോൎത്ത പുഷ്പങ്ങളെന്നോണം" സംയോജിപ്പിക്കുവാനും, ന്യായവാദങ്ങൾ പുറപ്പെടുവിക്കുന്നതിന്നു സ്വതന്ത്രരാക്കാനുമുള്ള ഉദ്ദേശത്തോടുകൂടിയും, ഇവിടെ സ്ഥാപിക്കപ്പെട്ട "വിദ്യാൎത്ഥിസമാജ"വും ഉത്തരോത്തരം ഗുണാഭിവൃദ്ധിയോടുകൂടി നീണാൾ ജീവിക്കുമാറാകട്ടെ!

ബ്രിട്ടീഷുമലബാറിൻെറ ചരിത്രത്തിൽ ഒരു മഹനീയസ്ഥാനത്തിന്നർഹനായ ശ്രീമാൻ ചൂര്യയി കണാരൻ ഡിപ്ട്യൂട്ടികലക്ടരുടെ ജന്മഭൂമിയാവാൻ ഭാഗ്യംസിദ്ധിച്ച മയ്യഴിരാജ്യമേ! നീ ഫ്രഞ്ച് പതാകയുടെ കീഴിൽ എന്നെന്നും സ്വാതന്ത്ര്യം, സമത്വം, സഹോദരത്വം, എന്നീ മഹനീയഗുണങ്ങളെ പുലൎത്തിക്കൊണ്ടു വൎത്തിച്ചാലും! നിനക്കു യഥാൎത്ഥ സ്വയംഭരണാധികാരം ഉണ്ടെന്നു അന്യനാട്ടുകാൎക്കു മനസ്സിലാവുന്നതു, നിൻെറ സന്താനങ്ങളിലൊരുവന്നു (ശിക്ഷയിലുൾപ്പെടാത്തവനും, 40 വയസ്സ് തികഞ്ഞവനുംആയ ഒരു ഫ്രഞ്ച് പ്രജയ്ക്കു സെനററ് സഭയും ഡിപ്യൂട്ടിസഭയും ഒത്തൊരുമിച്ചിരിക്കുന്ന നേഷനൽഅസംബ്ളിയുടെ വോട്ടു കിട്ടിയാൽ ഫ്റഞ്ച് പ്രസിഡണ്ടാവാം) പാരിസ്സിൽ ഫ്റഞ്ച് റിപ്പബ്ളിക്കിൻെറ പ്രസിഡണ്ടായി സ്ഥാനാരോഹണം ചെയ്വാനുള്ള സ്വാതന്ത്ര്യമുണ്ടെന്നറിയുമ്പോഴാണ്.

# ആത്മാലാപം.

## V

(കൈനിക്കര കുമാരപിള്ള)

പ്രഭോ, അവിടുത്തേ ഗോപുരദ്വാരത്തിൽ, അവിടുത്തേ അനുഗ്രഹം പ്രതീക്ഷിച്ച്, ഞങ്ങൾ അസംഖ്യം ആളുകൾ കാത്തുനിന്നു.

മുൻപന്തിയിൽ നില്ക്കുവാൻ എനിക്കു ധൈൎയ്യമുണ്ടായില്ല; എന്താണവിടുത്തോട് ചോദിക്കേണ്ടതു് എന്നെനിക്കു നിശ്ചയമുണ്ടായില്ല. കൂടുതൽ ചോദിച്ചാൽ അവിടുത്തേക്കു തരാൻ സാധിക്കാതെപോയെങ്കിലോ, കുറച്ചു ചോദിച്ചാൽ എനിക്ക് കിട്ടാവുന്നതു കിട്ടാതെപോയെങ്കിലോ, എന്നു ഞാൻ ഭയപ്പെട്ടു.

ഏതു രൂപത്തിലാണ്, ഏതേതു വാക്കുകളിലാണ് എൻെറ യാചന സമൎപ്പിക്കേണ്ടതെന്നും ഞാൻ അറിഞ്ഞില്ല;—

അധീരനായി ഞാൻ ഏററവും പുറകിൽപോയി നിന്നു.

അവിടുത്തേ ദാസിവന്ന് ഓരോരുത്തരോടും എന്താണാവശ്യമെന്നു ചോദിച്ചു.

ഓരോരുത്തർ ഓരോന്നു യാചിച്ചു,—ഓരോരുവനും യാചിച്ചതു് അവൾ മടികൂടാതെ ലോഭമില്ലാതെ ദാനംചെയ്തു.

അവരെല്ലാവരും സംതൃപ്തരായി പിൻവാങ്ങി മറഞ്ഞു.

അത്യാഗ്രഹിയായ അധീരനായ ഞാൻമാത്രം ശേഷിച്ചു; അവിടുത്തേ അചിന്ത്യമായ പ്രാഭവം എൻെറ ആശയുടെ അതിരെല്ലാം ഭേദിച്ചു;

എന്തും നൽകുവാൻ കഴിവുള്ള അവിടുത്തോട് എല്ലാം ചോദിക്കുവാൻ ഞാൻ കൊതിച്ചു.

മാറി നിശ്ശബ്ദനായിനിന്നിരുന്ന എന്നോടു അവൾ ചോദിച്ചു, "നിങ്ങൾക്കെന്തു വേണം?"

ഞാനെന്തുപറയും?— എൻെറ എണ്ണിയാലൊടുങ്ങാത്ത, അതിരില്ലാത്ത ആഗ്രഹങ്ങൾ ഒക്കെപ്പറയാൻ എൻെറ നാവിനെങ്ങനെ ധൈൎയ്യമുണ്ടാകും?— ഞാൻ നിശ്ശബ്ദനായി നിന്നു.

അവൾ വീണ്ടും ചോദിച്ചു, "നിങ്ങൾക്കൊന്നും വേണ്ടേ?

ഉത്തരമൊന്നും പറയുന്നതിന് എനിക്കു കെല്പുണ്ടായില്ല.

അവൾ പോയി!

ഞാൻ നിരാശനായി നിലത്തുവീണു കരഞ്ഞു; എൻെറ അധൈൎയ്യത്തെ ഞാൻ ശപിച്ചു,—

ഒരു വാക്കുപറഞ്ഞിരുന്നെങ്കിൽ എനിക്കെന്തുതന്നെ കിട്ടുകയില്ലായിരുന്നു!

ദിവസങ്ങൾ പലതുകഴിഞ്ഞു; ഞാൻ ആ ഗോപുരദ്വാരത്തിങ്കൽതന്നെ നിന്നു

ഓരോ ദിവസവും പുതിയ പുതിയ ആശകൾ എൻെറ ഹൃദയത്തിൽ വന്നു നിറഞ്ഞുകൊണ്ടിരുന്നു; അവയുടെ ഭാരംകൊണ്ടു ഞാൻ അതീവ തളൎന്നു.

ഒരു ദിനാന്തസന്ധ്യയ്ക്കു്, ഞാൻ തീരെ വിവശനായി അവിടെ കിടക്കുമ്പോൾ, ആരോ പറയുന്നതുകേട്ടു അവിടുന്നെഴുന്നള്ളുന്നു എന്ന്;—

ഞാൻ പിടഞ്ഞെഴുന്നേററു, അടക്കമില്ലാത്ത ആയിരം ആശകൾ സാഫല്യത്തിലേക്ക് കുതിക്കുവാൻതുടങ്ങി,

എൻെറ സൎവ്വശക്തികളും ഒന്നിച്ചുണൎന്ന് ശപഥംചെയ്തു, ആ സുവൎണ്ണാവസരം പാഴാക്കുകില്ലെന്ന്,—

എൻെറ അപൂൎവ്വമായ ധൈൎയ്യത്തിൽ ഞാൻതന്നെ വിസ്മയിച്ചുപോയി!

അവിടുന്ന് മന്ദം മന്ദം നടന്നുവന്ന് എൻെറ മുൻപിൽനിന്നു, എൻെറ തല ഉയൎന്നില്ല, കണ്ണു തുറന്നില്ല!

അമൃതമധുരമായ സ്വരത്തിൽ അവിടുന്നു ചോദിച്ചു, "നിനക്കെന്തുവേണം?"

എനിക്കു രോമാഞ്ചമുണ്ടായി, എൻെറ ആശകൾ ആനന്ദനൃത്തംചെയ്തു, എൻെറ ധൈൎയ്യം വളൎന്നു, എൻെറ തല ഉയൎന്നു, കണ്ണു തുറന്നു,—ഒരു നോട്ടമേ ഞാൻ നോക്കിയുള്ളൂ,—

കുമഴ്ന്നുവീണു്, അവിടുത്തെ കാലടികൾ കണ്ണുനീരിൽ കഴുകിക്കൊണ്ടു്, ഞാൻ കരഞ്ഞു, "ഭഗവാനേ! എനിക്കു യാതൊന്നും വേണ്ടാ!"

[പകൎപ്പവകാശം പ്രബന്ധകൎത്താവിന്നു്]

# സാമ്പിൾസംബന്ധയാലോചന.

"അച്ഛ."

## ൩. ശ്വശ്രൂഗൃഹം

മുമ്പ് ഒരവസരത്തിൽ വരൻ, കാപ്പികുടിക്കാൻ വന്നതും, അവിവേകിയായ കൊച്ചനുജന്റെ അപക്വമായ പദപ്രയോഗം കൊണ്ട് സംഭ്രാന്തനായി, യാത്രപോലും ചോദിക്കാതെ അവിടെനിന്നും പ്രയാണം ചെയ്തതും, എല്ലാം ഓർക്കുന്നുണ്ടായിരിക്കുമല്ലോ. എന്നാൽ ആ ഒരു 'കിണ്ടംപിണച്ചിൽ'കൊണ്ടുമാത്രം അധൈര്യപ്പെട്ട് പിന്മാറുന്ന കൂട്ടത്തിലല്ല കുഞ്ചുപിള്ളജാതിക്കാർ എന്നുള്ളതും വിസ്മരിക്കുവാൻ പാടില്ലാത്തതാണ്. മല്ലാലമ്മാവന്റെ മക്കടമുഷ്ടിയും, വിവാഹച്ചന്തയിൽ ഭർത്താക്കന്മാർക്കുള്ള ക്ഷാമവും, മാതാവിന്റെ ഉറുത്തലും, പിതാവിന്റെ 'അടിപെടലും', വരന്റെ വീറും എല്ലാംകൂടിചേരുമ്പോൾ കാമുകന്റെ ശുക്രൻ രണ്ടാമതും ഉദയംചെയ്ത് അമ്മുവിനെ ഗ്രസിക്കുവാൻതുടങ്ങും. ഈ ഗ്രസനത്തിന്റെ ഫലമായി ആ ഉദ്യോഗസ്ഥതാതൻ നാണംകെട്ടു, മാനംവിററു, ഉദ്യോഗപ്രൗഢമററു് അവശതപ്പെട്ടു്, പിടാകക്കാരുടേയും, ക്ഷണിച്ചും ക്ഷണിക്കാതെയും വന്നുചേർന്നിട്ടുള്ള ബന്ധുമിത്രാദി "സദ്യാന്വേഷി"കളുടെയും, ഇതരസാമുദായികബോറന്മാരുടേയും മുമ്പിൽവച്ച്, അന്നുവരെ ന്യായമായി സമ്പാദിച്ച സ്വത്തിൽ മുക്കാൽപങ്കും ചിലവഴിച്ച്, തങ്കംപോലിരിക്കുന്ന ആ പെണ്ണിനെപിടിച്ച്, ആക്ടിംഗ്മൊച്ചി ആയ കുഞ്ചുപിള്ളയ്ക്കോ അല്ലെങ്കിൽ തത്തുല്യയോഗ്യതയുള്ള അപരനോ, അടിയറവയ്ക്കുന്നു. ഈ മഹാകർമ്മത്തോട് അനുബന്ധിച്ചുള്ള സദ്യയിൽ ജാതിവഴക്ക്, ക്ഷണപ്പിശക്, സല്ക്കാരലോപം, പാചകക്കുറവു്, എന്നിങ്ങനെയുള്ള പോരായ്മകളെല്ലാം വെളിയിൽ വരാതെ, വരുത്താതെ, പൊത്തിപ്പൊതിഞ്ഞു്, സമാധാനവും പറഞ്ഞു്, 'ചുമ്മാകേറി ഭരിക്കാൻ' നില്ക്കുന്ന സകലരുടേയും അഭിപ്രായആജ്ഞകളും വണങ്ങി, ഒരു ചെറിയ വിശറിയുടെ സഹായത്തോടുകൂടി, പെണ്ണിന്റെ അച്ഛൻ എന്ന നിലയിൽ താൻ സംബന്ധദിവസം നടത്തേണ്ടതായ ജോലികൾ ഒരുവിധം കുറവുവരുത്താതെ നിർവ്വഹിക്കുന്നു.

അമ്പമ്പോ! ആ പുടവകൊട എന്ന കൃത്യം നടക്കുന്ന ഒരു ക്ഷണനേരത്തേക്ക് എത്രസഹസ്രം 'വെള്ളക്കാക്കണ്ണുകളാണു അമ്മുവിന്റെ സൗന്ദര്യപ്രഭയിൽ മുങ്ങിമയങ്ങുന്നതു്! എത്രശതം കുവലയനയനദ്വയങ്ങളാണു നമ്മുടെ ശ്രീയുത് കുഞ്ഞുരാമൻപിള്ളഅദ്ദേഹത്തെ (ഈ പേരുസംബന്ധം ആലോചിച്ച് തീർച്ചപ്പെട്ടതിയിടയ്ക്ക് ശ്രീമാൻ മൊച്ചിഅവർകൾ തന്റെ മുഴപ്പേരായി കണ്ടുപിടിച്ചു പരസ്യംചെയ്തതാണ്.) വീക്ഷണംചെയ്തു സംതൃപ്തിഅടയുന്നതു്! എത്ര ഉയർന്ന ഒരു എവറസ്റ്റ്പദവിയിലാണു അയാൾ ഈ സന്ദർഭത്തിൽ കാൽഊന്നി നിൽക്കുന്നതു്! പൂജ്യപാദനായ ഇദ്ദേഹത്തെ സജ്ജനസമക്ഷം തന്റെ വീട്ടിലേക്ക് ദത്തെടുക്കുന്ന ആ ശുഭമുഹൂർത്തത്തിൽതന്നെ, അറബിക്കഥകളിൽഘോഷിക്കുന്ന സിൻബാദ്നാവികന്റെ (Sindbad the sailor) തോളിൽകയറി സ്ഥാനംപിടിച്ച കടലിലെ വൃദ്ധനെ (the old man of the sea) ക്കാൾ കഷ്ടകാരകനായ ഒരു സത്വത്തിനും ആ വീട്ടിൽ പ്രവേശനം നല്കുന്നു. പുതുമാപ്പിളക്കാകട്ടെ, ഭാര്യാഗൃഹപ്രവേശത്തെ തുടർന്നുള്ള ഏതാനും ദിവസങ്ങൾ 'ദിവ്യദിവസങ്ങൾ'തന്നെയാണ്. അയാളെ പ്രീണിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിൽ അവിടത്തെ അംഗങ്ങൾ ആബാലവൃദ്ധം പണിപ്പെടുന്നു. "കുളിപ്പുരക്കുചുററും കിടക്കുന്ന ചവറുകണ്ടാൽ അദ്ദേഹം എന്തുവിചാരിക്കും?" എന്ന് ശിഷ്യന്മാരെ ശകാരിക്കുന്ന ആ ഉദ്യോഗസ്ഥസിംഹം ആയ ഗൃഹനായകന്റെ ഭയം (ജാമാതാവിനോടുള്ള ഭയം) ഈ വാക്കുകളിൽനിന്നും സ്പഷ്ടമാകുന്നില്ലയോ? കുഞ്ചുപിള്ളയ്ക്കു കുളിക്കാനുള്ള വെള്ളത്തിന്റെ ചൂടുനോക്കുന്നതും അസനവില്വാദിഎണ്ണയും, ധന്വന്തരം കുഴമ്പും, പയറുപൊടിയും കൂട്ടിക്കുറാസോപ്പും അമ്മുവിന്റെ അനുജത്തിമാരെക്കൊണ്ട് എടുപ്പിച്ചു വയ്ക്കുന്നതിനുപോലും, അമ്മയുടെ സുഖക്കേടിനെപ്പററി വീട്ടിൽനിന്നും വന്ന എഴുത്തുവായിക്കുന്നതിന് സാവകാശംകിട്ടാതെ തല ചൊറിഞ്ഞ ആ ഉദ്യോഗസ്ഥരൂസ്‌വെൽടിനു്, ധാരാളം സമയവും സൗകര്യവും കാണുന്നുണ്ട്! "അയ്യോ കരങ്ങന്മാരെന്തറിഞ്ഞൂവിദ്ദോ!" ശ്രീവരാഹത്തു കുളത്തിൽ മലിനവസ്ത്രങ്ങൾ സോപ്പിട്ട് അടിച്ചുനനച്ചവകക്ക് മുനിസിപ്പൽശിപായി കൊച്ചുകുഞ്ഞുപിള്ള നാലുദിവസംമുമ്പ് 'നുറുകെ ചീത്തപറഞ്ഞ'തു് ഈ കുഞ്ചുപിള്ളയെ ആണെന്നു അമ്മുവിന്റെ അച്ഛനായ ആ സാധുഉദ്യോഗസ്ഥൻ അറിയുന്നോ! ജാമാതാവിന് പഥ്യമായ കറികൾ ചമയ്ക്കുന്നതിനും രുചിക്കുന്ന പലഹാരങ്ങൾ പാകംചെയ്യുന്നതിനും മററാ അമ്മായിഅമ്മതന്നെയാണു അടുക്കളയിൽ കയറിയിരിക്കുന്നതു്. മി. പിള്ളയുടെ പഴയ ശത്രു, കൊച്ചനുജൻ,പോലും, 'മാററാൻ പാടില്ലാത്തതു് സഹിക്കതന്നെ', എന്ന തത്വത്തിനു കീഴടങ്ങി അമ്മുവിന്റെ മുറിയിൽ പടങ്ങൾ തൂക്കുന്നതിലും മേശ അലങ്കരിക്കുന്നതിലും ശ്രദ്ധപതിപ്പിക്കുന്നു.

ഇങ്ങനെ ജീവിതത്തിൽ കുറഞ്ഞൊരുകാലത്തേക്കു ഈ കാമുകൻ ശോകസുഖമാസ്വാദിക്കുന്നു. ആദ്യത്തെ ഏതാനുംദിവസത്തേക്ക്, ശ്വശ്രൂഗൃഹത്തിന്റെ ഭൂമിശാസ്ത്രം നിശ്ചയമില്ലാത്തതിനാലായിരിക്കാം, അല്പംഅടങ്ങിപ്പാർക്കുന്നു. അടുക്കളത്തളവും അമ്മുവിന്റെമുറിയുംആയി കുറെനാൾ കഴിക്കുന്നു. ഇതേവിധം രണ്ടുമൂന്നുവർഷങ്ങൾ കഴിച്ചുകൂട്ടിയിട്ടുള്ള ജാമാതൃസന്യാസികളേയും കാണ്മാൻ പ്രയാസമില്ല. ഭൂമിശാസ്ത്രപഠനം അഭിവൃദ്ധിപ്പെടുന്തോറും, ആ സമയംവരെ ചാമ്പലിൽമൂടിക്കിടന്ന കനൽക്കട്ടകണക്കെ, ഇരുകൂട്ടരുടേയും, ജാമാതൃശ്വശ്രൂരാദികളുടെയും ഉള്ളുകള്ളികൾ അല്പാല്പമായി വെളിയിൽവരുന്നു. കൂടാരത്തിനകത്തു തലവച്ചുകൊള്ളുന്നതിന് അനുവാദംലഭിച്ച കുതിര അറബിയെ തള്ളിവെളിയിലാക്കിയതുപോലെ, ഭജനംമുഴുത്തു് ഊരായ്മയായതുപോലെ, കുഞ്ചുപിള്ള ശ്വശ്രൂഗൃഹത്തിലെ സ്ഥാനപതികളെ തള്ളിയകററി ഏകഛത്രാധിപതിയായി വാഴ്ചയ്ക്കു മുതിരുന്നു. നിർദ്ധനനുകിട്ടിയ നിധിക്കൊപ്പം, അയാൾ ഒരു ഭരണവും ആരംഭിക്കുന്നു.

വീട്ടിലാകട്ടെ കല്യാണദിവസം കണ്ടിരുന്ന അലങ്കാരങ്ങളും പകിട്ടും എല്ലാം ചില സിനിമാഷോ (ചലനചിത്രപ്രദർശനം) പോലെ ദ്രുതഗതിൽ മാറി മറയുന്നു. ഭവനത്തിന്റെ പലഭാഗങ്ങളിലും സ്ഥിരലാവണ്യം പിടിച്ചിരുന്ന അഴക്കുവകകൾ, അന്നേദിവസം വെളുത്തേടൻ വേലുപ്പണിക്കരുടെ മാററിന്റെ സഹായത്തോടുകൂടി ഗോപനംചെയ്തിരുന്നവയെല്ലാം, ഇപ്പോൾ പൂർണ്ണനഗ്നതയോടെ ഇതാ പ്രത്യക്ഷപ്പെടുന്നു. ആദ്യം പെണ്ണുകാണാൻവന്ന അവസരത്തിൽ കാപ്പിസല്ക്കാരത്തിനു കൊണ്ടുവന്നു പ്രദർശിപ്പിച്ചിരുന്ന വെള്ളിപ്പാത്രങ്ങൾപോലും അവിടെ കാണുന്നില്ല. കടം വാങ്ങിയിരുന്ന ആ സാധനങ്ങൾ അവയുടെ ഉടമസ്ഥരെ തേടി അയൽവീടുകളിലേക്കു മടങ്ങിക്കഴിഞ്ഞിരിക്കുന്നു. വീട്ടിലെ ആളുകളുടെവേഷം കല്യാണദിവസമുപയോഗിച്ചിരുന്ന വസ്ത്രങ്ങൾ മലിനപ്പെട്ടതോടുകൂടി അനാകർഷകമായി തീർന്നിരിക്കുന്നു. സാർവ്വത്രികമായി ഓരോമാസവും അഞ്ചാംതീയ്യതിമുതൽ മുപ്പത്തിരണ്ടാംതീയ്യതിവരെ ഏതു് ഉദ്യോഗസ്ഥവീട്ടിനേയും നിരോധിക്കുന്ന കടക്കാരുടെ സാധാരണസംഘങ്ങളും, കല്യാണംസംബന്ധിച്ചുണ്ടായിട്ടുള്ള സ്പെഷ്യൽ ചിലവുകളെ പുരസ്കരിച്ച് നവംനവമായി സൃഷ്ടിതമായ അസാധാരണ കടക്കാരുടെ പ്രത്യേക മഹായോഗങ്ങളും ശ്വശ്രൂഗൃഹത്തെ ഒട്ടധികം പീഡനംചെയ്യുന്നതും ജാമാതൃനേത്രങ്ങൾക്ക് ലക്ഷീഭവിക്കുന്നു. ഈ ബഹളങ്ങൾക്കിടയിലും സ്വപ്നതുല്യങ്ങളായ സുഖാനുഭൂതിയിൽ അയാൾ ലയിക്കുന്നുമുണ്ട്. ആംഗ്ലേയരുടെപൂർവ്വികരിൽ ഒരുവിഭാഗമായ നോഴ്സുമെന്റെ സ്വാഭീഷ്ടകേന്ദ്രമായ വൽഹലയും (valhalla) ഹാമലിൻപട്ടണത്തിലെ ബാലികാബാലന്മാർക്ക് വിവിധവർണ്ണവേഷധാരിയായ ഓടക്കുഴൽവാദ്യക്കാരൻ വാഗ്ദത്തംചെയ്ത ഇഹലോകസ്വർഗ്ഗവും

എല്ലാം കുഞ്ചുപിള്ളക്കു് മൂന്നുനാലുദിവസത്തേക്കു് ശ്വശ്രൂരഗൃഹംതന്നെയാണു്. ഇതെല്ലാം മിന്നൽപിണർപോലെ തൻെറ മുമ്പിൽക്കൂടി പാഞ്ഞു് ഒഴിഞ്ഞുമറയുന്നു. ആദ്യദിവസം പാലോ പഞ്ചസാരയോക്കൂടുതൽ കാണേണ്ടതെന്നു് ശഠിച്ചിരുന്ന ആ അഞ്ചുമണിക്കുള്ള ബെഡ്കാഫി (കാലത്തു് കിടക്കയിൽനിന്നും എഴുന്നേററുടൻ കുടിക്കുന്ന കാഫി) ഇപ്പോൾ എട്ടൊമ്പതുമണിആയിട്ടുമാത്രമേ, "ഹീനപാലനായി, മധുരവിദ്വേഷിയായി", ശയനമുറിയിൽ പ്രവേശിക്കുന്നുള്ളു. താൻ കുളിച്ചോ എണ്ണതേച്ചോ, ആഹാരം കഴിച്ചോ എന്നുംമററുമുള്ള കാര്യങ്ങൾഅന്വേഷിക്കാൻ സ്വന്തംഭാര്യയ്ക്കു സമനസ്സുണ്ടായാലോ പരമഭാഗ്യം സാധാരണയായി ഇയ്യാളിൽഉള്ള കൌതുകം എല്ലാവർക്കും കുറയുന്നു മുമ്പു് കൊട്ടുമ്പിരികൊണ്ടുനിന്നിരുന്ന അമ്മുമാത്രം സ്ത്രീസഹജമായ അനുകമ്പയോടുകൂടി ഇപ്പോൾ അയാളെ നോക്കുന്നുണ്ടു്. ശുശ്രൂഷയിലും സ്നേഹത്തിലും ദിനംപ്രതി ഓരോഡിഗ്രി കുറഞ്ഞു് ഒടുവിൽ വീട്ടിലെ പിള്ളരുടെ പരിഹാസത്തിനും ശ്വശ്രൂരൻേറയും അമ്മായിഅമ്മയുടെയും പരസ്യമായ പുഛത്തിനും ഭാര്യയുടെ സന്താപത്തിനും ഇദ്ദേഹംപാത്രമാകുന്നു. ഇത്രയുംകൊണ്ടു് അയാളുംഭാര്യയുംവീടുമാറിതാമസിക്കുന്നില്ലെങ്കിൽ അവരെമാററി താമസിപ്പിക്കത്തക്കവിധത്തിൽ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സാമത്ഥ്യം അമ്മായിഅമ്മയ്ക്കും ശ്വശ്രൂരനും വീട്ടിലെ മററംഗങ്ങൾക്കും നിശ്ചയമായും കാണും. പ്രസ്തുതനിയന്ത്രണങ്ങൾ ഏതുവിധമെന്നു് ക്ലിപ്തപ്പെടുത്തിപ്പറയാൻ നിവൃത്തിയില്ല. ഈ ചെപ്പടിപ്രയോഗങ്ങൾഎല്ലാം അപ്പൊഴത്തെ സമയവും സൗകര്യവും ആശ്രയിച്ചിരിക്കും. എന്നാൽ ഇതിൽ സ്വന്തംഭാര്യയ്ക്കുള്ളപങ്കു് എത്രമാത്രമെന്നു് നിർണ്ണയിക്കുവാൻ ശ്രമിക്കുന്നതു കഷ്ടമാണു്. സ്വതന്ത്രമായി വീട്ടുഭരണം കൈയേല്ക്കണമെന്നുള്ള മോഹമോ, അച്ഛനമ്മമാർക്കുള്ള ഉപദ്രവം കുറയ്ക്കുന്നതിനുള്ള ആസക്തിയോ രണ്ടുംകൂടിയോ യുവഭാര്യമാരെ ഭർത്താക്കന്മാരുടെ മനസ്സു മാററുന്നതിനു പ്രേരിപ്പിക്കാറുണ്ടു്.

ഈ അവസരത്തിൽ പുതുമാപ്പിളമാരെ ഒന്നു തരംതിരിക്കുന്നതു നന്നായിരിക്കും. നദികളുടെ പ്രവാഹഗതിയെ അനുസരിച്ചെന്നവണ്ണം ശ്വശ്രൂരഗൃഹത്തെ സംബന്ധിച്ചിടത്തോളം ഇവർ പല ജാതികളായി പിരിയുന്നു. കാലക്ഷേപത്തിനു വല്ല നിവൃത്തിയുമുള്ള കൂട്ടരാണെങ്കിൽ തീർച്ചയായും ഈ പെരുമാററങ്ങൾ അധികനാൾ സഹിക്കയില്ല. ആവുന്നതുംവേഗത്തിൽ ശ്വശ്രൂരഗൃഹത്തിൽനിന്നും മാറിത്താമസിക്കുന്നതിനു തക്കം നോക്കും. വീടുമാറുന്നതിനു വിശേഷിച്ചു വലിയ ഒഴിവുകഴിവുകൾ കണ്ടുപിടിക്കേണ്ട ആവശ്യം നേരിടുകയുമില്ല. എന്തെന്നാൽ 'അച്ഛൻ ഇച്ഛിച്ചതും പാൽ, വൈദ്യൻ കല്പിച്ചതും പാൽ,' എന്ന നിലയിലാണല്ലോ അവിടത്തെ സ്ഥിതി. പരീക്ഷായോഗ്യതകളും മററും ഉണ്ടായിട്ടും ശ്വശ്രൂരൻ വിവാഹത്തിനുമുൻപു് ഉറപ്പുപറഞ്ഞിരുന്നതുപോലെതന്നെ സഹായിച്ചില്ലെന്നു് ബോധമുള്ള രണ്ടാംതരം കൂർമ്മബുദ്ധികളായ ജാമാതാക്കൾ ഭാര്യയുടെ ഹൃദയം കവരാൻ തക്ക ത്രാണിയുള്ളവരാണെങ്കിൽ തങ്ങളുടെ ഭാര്യമാരെപ്പറഞ്ഞിളക്കി 'അമ്മായിഅപ്പൻെറ' ഓർമ്മശക്തിയെ രാകിക്കൂർപ്പിക്കും. പുതിയ ഈ ഉദ്യോഗലബ്ധിയോടുകൂടി ഒന്നുകിൽ ഒരു സ്ഥലംമാററം, ഇല്ലെങ്കിൽ ഒരു വീടുമാററമെങ്കിലും സാധിച്ചാൽ ജയിച്ചു എന്നുകരുതി ചെയ്യുന്ന ഒരു വിദ്യമാത്രമാണിതു്. മൂന്നാമതൊരുകൂട്ടർ ശ്വശ്രൂരഗൃഹത്തിൽനിന്നു കൊളുത്തിവിടുന്ന 'അസഹ്യതാടോപ്പിഡോകൾ' (നാവികയുദ്ധത്തിൽ പ്രയോഗിക്കുന്ന നശീകരണബാണങ്ങൾ) തന്നെ ലക്ഷ്യമാക്കി അയക്കുന്നവയല്ലെന്നു് കണ്ണടച്ചു ലോകത്തെ അന്ധകാരത്തിൽ നിമഗ്നമാക്കുന്നതിനു് പാൽ കുടിക്കുമ്പോൾ കണ്ണടച്ചുകളയുന്ന മാർജ്ജാരവീരൻ ശ്രമിക്കുന്നതുപോലെ, ശ്വശ്രൂരഗൃഹം നൽകുന്നതോ സ്വന്തശ്രമംകൊണ്ടു അവിടെകരസ്ഥമാക്കാവുന്നവയോ ആയ സകല സുഖഭോഗങ്ങളും സമാധാനത്തോടെ അനുഭവിക്കുന്നു. ഇവരുടെ ക്ഷമക്കു അളവില്ല. ഇവർ തപസ്സു് ആരംഭിച്ചാൽ ദേവേന്ദ്രൻെറ (ഇപ്പോഴും ദേവേന്ദ്രൻ ഉണ്ടെങ്കിൽ) കഥ പരുങ്ങലിലാകും. ഇല്ലെങ്കിലും ആ സാധുവിനെ പരിഭ്രാന്തചിത്തനാക്കുന്നതിനു ഈ ക്ഷമാദേവതകളുടെ തപസ്സു് ധാരാളം മതിയാവും. ഇതിനെല്ലാം പുറമേ ഒരു നാലാംകൂററുകാരുണ്ടു്. ഈ സാമ്പിളുകളിൽ പ്രഥമസ്ഥാനം അർഹിക്കുന്നവർ അവരാണു്. അവരുടെ ലക്ഷ്യം പ്രേമമല്ല, അന്തസ്സല്ല, ഉദ്യോഗമല്ല, പണം മാത്രമാണു്. സ്വത്തുകൂടി ആൾകുറഞ്ഞു സ്വാധീനശക്തി ക്ഷയിച്ച വീടുകൾ നോക്കി ഇവർഅടുത്തുതുടങ്ങും. ഇവരിൽ ഓരോരുത്തൻേറയും ആയുധംസ്ത്രീഹൃദയം കവരുന്നതിനുള്ള വാക്സാമത്ഥ്യമാണു്. അങ്ങിനെ ഇങ്ങിനെ എല്ലാം ബദ്ധായിയും പിരട്ടുംകാണ്ടു മുൻപറഞ്ഞതുപോലെയുള്ള ഒരു വീട്ടിലെ ഒരു സാധുസ്ത്രീയെ വശത്താക്കുന്നു. 'മരിച്ചുകളയും' എന്നുംമററുമുള്ള ഭീഷണിപ്രയോഗംകൊണ്ടു അവരുടെ സംബന്ധത്തിനു ഗുരുജനങ്ങളുടെ ക്ലേശിച്ചുള്ള അനുമതിയും ലഭിക്കുന്നു. സംബന്ധത്തിനുശേഷം നാലഞ്ചുമാസത്തേക്കു ഈ ദമ്പതികൾ അല്ലറചില്ലറ വഴക്കുകളുമായി ഭാര്യാഗൃഹത്തിൽ കഴിച്ചുകൂട്ടുന്നു. അപ്പോൾ പെണ്ണിനു രണ്ടുമൂന്നുമാസം ഗർഭവുമാകും. ഭർത്താവിൻെറഭാവം ഒന്നു പകരുന്നു ഭാര്യാഗൃഹത്തോടുള്ള തൻെറബന്ധംബലപ്പെട്ടെന്നുള്ളഒരു തോന്നൽ. അതിനെ തുടർന്നു അങ്ങും ഇങ്ങും ഇരുന്നു ചില പ്രസ്താവനകൾ ഭാര്യവീട്ടുകാരോടു ഗുസ്തിക്കു കൈകൊടുക്കാൻ ചില 'തയ്യാർ' എടുക്കലുകൾ. ഇവയെല്ലാം ഏതെങ്കിലും ഒരു നിസ്സാരമായ സംഗതിയോടനുബന്ധിച്ചു ബാഹ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. അതു് തൻെറ ഭാര്യയുടേയും ഭാവിയിൽ രംഗപ്രവേശം ചെയ്യുവാൻപോകുന്ന ശത്രുവിൻെറയും തറവാട്ടുഭാഗം കിട്ടണമെന്നു് അന്യരെക്കൊണ്ടു ശ്വശ്രൂരശ്രവണേന്ദ്രിയങ്ങളിൽ എത്തിക്ക എന്നുള്ള ഭേദോപായതന്ത്രത്തിൽ ആണു പ്രത്യക്ഷപ്പെടുക: വീട്ടുകാർ ഇതു തിരെപിടിക്കുന്നില്ല. പിന്നീടുള്ള ഭാഗംവഴക്കും, ശ്വശ്രൂരനിൽ തുളുമ്പുന്ന 'പഞ്ചുമേനോൻെറ ക്രോധ'വും, അമ്മായിഅമ്മയുടെനെഞ്ചത്തടിയും, എല്ലാം ഒരു പിരളിതന്നെ! ജാമാതാവു മദ്യപാനികളായ കൂട്ടുകാരോടും വക്രബുദ്ധികളായ മുടക്കുവക്കീലന്മരോടുംകൂടി ശ്വശ്രൂരഗൃഹാക്രമണത്തിനും, വേലിഭേദനത്തിനും സ്യാലപീഡത്തിനും ശ്വശ്രൂരവധത്തിനുപോലും വട്ടംകൂട്ടുന്നു. ഈ ജാതിക്കാരിൽനിന്നും രക്ഷനേടാൻ സാധുക്കൾക്കു് കരുക്കളുമില്ല. പിന്നെ ചില അല്പസല്പ കപ്പം സമർപ്പണംകൊണ്ടു് വല്ല പോലീസുവക്കീൽസഹോദരസഹകരണം സമ്പാദിച്ചു തൽഫലമായി മകൾക്കു വിവാഹമോക്ഷം നേടാൻ സാധു ശ്വശ്രൂരൻ നിർബന്ധിതനായിതിരുന്നു. സ്ത്രീകളെ കോടതികയററുന്നതിലുള്ള വെറുപ്പുകൊണ്ടു "വല്ലതുംകൊടുത്തു തിർത്തുകളയൂ"എന്നുള്ള മദ്ധ്യസ്ഥഭാഷണം ആദരിച്ചു ഒരു ചെറിയ കയ്ക്കൂലിയുംകൂടി തറവാട്ടുഭാഗത്തിനു ബദലായിട്ടു കൊടുത്താണു് സംബന്ധമോചനം നേടുന്നതു്. ഇതോടുകൂടി ഒരു പെണ്ണിനേയും കുഞ്ഞിനേയും അനാഥമാക്കുന്നു. അതുകൊണ്ടും ഈ ജാമാതൃബാധ ഒഴിയുന്നില്ല. കയ്ക്കൂലി, മദ്യപാനം, പുകവലി, ഇവയിലേക്കു് മനസ്സൊരിക്കൽ ആകർഷിക്കപ്പെട്ടാൽപിന്നെ വീണ്ടെടുക്കാൻ പ്രയാസമാണു്. പണം അടിച്ചെടുക്കാൻ പററിയസ്ഥലം തൻെറ ഭാര്യവീടാണെന്നും, ശരിയായ മാർഗ്ഗം ചട്ടമ്പിത്തരമാണെന്നും മനസ്സിലാക്കിക്കഴിഞ്ഞ എക്സ്-ജാമാതൃബകൻ അത്യാർത്തിയോടുകൂടി വായുംപിളർന്നു പഴയ ഭാര്യവീട്ടിലേക്കു വീണ്ടും അടുക്കുന്നു. പ്ലാൻമാത്രം തെല്ലൊന്നു മാററുന്നു. തൻെറ ഭാര്യവീട്ടുകാരുമായി ഏടപെടേക്കാവുന്ന ന്യൂനത കേന്ദ്രങ്ങളെല്ലാം ഏഷണികൊണ്ടു ഡൈനാമയിററുചെയ്യുന്നു. (വെടിവെച്ചു പൊട്ടിക്കുന്നു.) ഒരുദാഹരണമെടുക്കാം. ഭാര്യാസഹോദരികളെ വിവാഹം ചെയ്യാനടുപ്പിച്ചുകൊണ്ടുവരുന്ന 'കിങ്കരന്മാരെ' പലകഥകളും പറഞ്ഞുകററുന്നതിലാണു് ഇൗയാളുടെ പ്രത്യേകസാമത്ഥ്യം "എൻറനുജാ! (ഈ സംബോധനംകൊണ്ടു അയാൾക്കു വിശേഷിച്ചു നഷ്ടം ഒന്നും സംഭവിക്കുന്നില്ലല്ലോ.) നിങ്ങൾ അടുക്കുന്ന സ്ഥലം കൊള്ളാം. ഞാൻ അനുഭവസ്ഥനാണു് ആ-കാത്തു, കഷ്ടം, നല്ല പെൺകുട്ടിആയിരുന്നു. പക്ഷെ എന്തിനു പറയുന്നു! കളഞ്ഞു! അച്ഛനുംഅമ്മയുംകൂടി കളഞ്ഞു. ഛേ, വഷളു് നമ്മെപ്പോലുള്ളവർ അവിടെ കൊള്ളുകില്ല. പിന്നെ ഇഷ്ടംപോലെ' എന്നും മററും അനുതാപവും സ്നേഹവും, പാരവശ്യവും, കർത്തവ്യബോധവും, എല്ലാം ചേർത്തു, അരച്ചുരുട്ടിയ ചില വായുഗുളികകൾ അനുജനാകാൻപോയ ആളിനു കാഴ്ചവയ്ക്കുന്നു. അനുസരണാശീലമുള്ള അനുജന്മാരായാൽ ഈ ഗുളിക ഒരേഴുദിവസം മുറയ്ക്കു സേവിക്കുമ്പോൾ സംബന്ധയാലോചന എന്ന സുഖക്കേടു ഭേദമായി അവടെനിന്നു കടക്കാൻ ശ്രമിക്കും. 'എന്തായാലും ഒരു പെണ്ണിനേയുംകൊണ്ടേ പോകൂ', എന്നു നിൽക്കുന്ന ചില വൃദ്ധബാച്ചിലറന്മാരും (അവിവാഹിതർ) അംഗവൈകല്യംഭവിച്ച സൌന്ദര്യശൂന്യരുമുണ്ടു്. ഇവരുടെ സുഖക്കേടു ഈ ഗുളികയിലൊന്നിലും അടങ്ങുകയില്ല. ഈ വർഗ്ഗക്കാരുടെ ഏവംവിധങ്ങളായ ആലോചനകൾക്കുതന്നെ

ഒരു കാൽ ഷഷ്ട്യബ്ദപൂർത്തിയെങ്കിലും കഴിഞ്ഞിരിക്കും. ആയതിനാൽ ചില ഗ്രന്ഥദല്ലാലന്മാരുടെ കൈകണ്ട മൂലമന്ത്രപ്രയോഗങ്ങൾകൊണ്ടു സിദ്ധിച്ച ഈ മഹാഭാഗ്യത്തെ—വന്നുകേറിയ മഹാലക്ഷ്മിയെ അടിച്ചുകളയാതെ സംബന്ധം മോടിയിൽ നടത്തുവാൻ വേണ്ട ഏർപ്പാടുകൾ എല്ലാം സഗൌരവം ചെയ്യുന്ന ഇവരാണു അഞ്ചാമത്തെക്കൂട്ടം ജാമാതാക്കൾ. അവരെ അതുകൊണ്ടു ഒന്നു കൂടുതൽ സൂക്ഷിച്ചുനോക്കേണ്ടിയിരിക്കുന്നു.

'മൂടില്ലാത്താളി'പോലെ, കുടുംബം എവിടെയെന്നോ, അച്ഛൻ ആരെന്നോ, അമ്മ എങ്ങനെയിരുന്നെന്നോ അറിവാൻ പാടില്ലാത്ത മണികണ്ഠന്മാർ ആയിരിക്കും "എന്തുതന്നെയായാലും സംബന്ധം" (സംബന്ധം at any cost) എന്നു കേറിനിൽക്കുന്ന ഈ കൂട്ടർ. ഒരുപക്ഷേ ഒരു ഗുളികയിലും അടങ്ങാത്ത ഇവരുടെ സുഖക്കേടിന്റെ രഹസ്യവും ഇവരുടെ മൂടില്ലാത്താളിത്തരംതന്നെ ആയിരുന്നേക്കാം. ഈ അഞ്ചാംകൂററുകാരൻ വരന്റെ ഭാവവും പ്രൌഢിയും പറഞ്ഞാൽതീരുകില്ല. ഈയാൾ പെണ്ണുകാണാൻവരുന്ന മട്ടുതന്നെ ഒന്നുമാറിയതാണു്. പഴയപാവം മൊച്ചിയെപ്പോലയുംമററുമല്ല. കൂലിക്കെടുത്ത ജഡ്കായിലോ, കണ്ടവന്റെ കാറിലോ കയറി സ്റ്റയിലിൽ ഡ്റസ്സുചെയ്തു സൂര്യപടത്തിലോ പേററന്റു തോലിലോ ചെയ്ത ഒരുജോടി ചെരുപ്പിൽ കാൽകയററി ഡബിൾഷേവുനടത്തിയ മുഖത്തിലുള്ള വായിൽ കൂടിയതരം സിഗററു ചുണ്ടിന്റെ കോണുകൊണ്ടു അമർത്തിപ്പിടിച്ചു വരുന്ന വരവു്! അമ്പോ! സാധാരണ പെണ്ണുങ്ങൾ ഭയന്നുപോകുമേ! ഇയ്യാളുടെ ഉദ്യോഗം പരശുരാമക്ഷേത്രത്തിനു വെളിയിലാണെങ്കിൽ പിന്നെ പറയാനുമില്ല. അറിയാൻപാടില്ലാത്ത വസ്തുക്കളുടെ വിലനിശ്ചയിക്കാൻ സാധിക്കയില്ലല്ലൊ. വിവാഹംകഴിഞ്ഞാൽ രണ്ടുമൂന്നുദിവസംമാത്രമെ ഇദ്ദേഹത്തിനു ശ്വശുരഗൃഹത്തിൽ താമസിക്കാൻ സാധിക്കയുള്ളു അവധിയില്ല. പെണ്ണിനെക്കൂടി ഉടൻ കൊണ്ടുപോകണം തടസ്സമുണ്ടെങ്കിൽ അയാൾ പോകും. പിന്നെ വേണമെങ്കിൽ വല്ലവരും കൊണ്ടുചെന്നാക്കണം. അതിലും പെണ്ണിന്റെ അമ്മയ്ക്കു സൌന്ദര്യം കുറവാണെങ്കിൽ പെണ്ണിനെ ഭർത്തൃഗൃഹത്തിൽ കൊണ്ടുചെന്നാക്കാൻ പോകുന്ന അമ്മയെ ചലനചിത്രകമ്പനികളിൽനിന്നും കടംവാങ്ങിയതായിരിക്കണം. യാത്രച്ചിലവുകൾക്കു കൊടുത്തിട്ടുപോകാൻ തൽക്കാലം കയ്യിൽ പണമില്ല. ഉദ്യോഗസ്ഥലത്തുനിന്നും പെട്ടെന്നു പുറപ്പെടേണ്ടിവന്നതിനാൽ ധൃതിക്കിടയിൽ ചെക്കുബുക്കു എടുക്കാൻ മറന്നുപോയി. അയാൾക്കു തിരികെ പോകാൻതന്നെ പണം വേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള നിരർഗ്ഗളമായ വാക്ധോരണിയിൽപെട്ടു പെണ്ണിന്റെ അച്ഛൻ ഇതികർത്തവ്യതാമൂഢനായി പകച്ചുനിന്നുപോകുന്നു. പുതിയ ജാമാതൃസൃഗാലനെ സഹായിക്കാൻ തന്റെ കയ്യിൽ പണമില്ലെന്നു പെണ്ണിന്റെ അച്ഛനു പറയാമൊ? ഇത്ര ധനികനും, യോഗ്യനും "ഭാര്യവീട്ടുകാരെ—ഉപദ്രവിക്കാൻ—സ്വന്ത വീട്ടുകാരില്ലാത്തതും— 'നിർമ്മൂലം'—തങ്ങളുടെവകയും—ആയ ഒരു മരുമകനു തൽക്കാലംപററിയ ഓർമ്മപ്പിശകിനെ ഗണ്യമാക്കാതെ പരിഹരിക്കാൻ തനിക്കു ശേഷിയില്ലെന്നുവരുന്നതു കഷ്ടമല്ലെ? അദ്ദേഹത്തിന്റെ കയ്യിൽ ഉണ്ടായിരുന്ന രൂപാ സംബന്ധത്തിനുംമററുമായി ധാരാളം ചെലവായില്ലെ? മേല്പടി ന്യായങ്ങളെ അടിസ്ഥാനപ്പെടുത്തി ആ വീട്ടിലുള്ള സകല ആഭരണങ്ങളും—ചിലപ്പോൾ അയൽവീട്ടുകാരുടെതുപോലും ഇരവൽവാങ്ങിയതുംകൂടി ചേർത്തു, ആരും അറിയാതെ മുന്തിയ പലിശ കൂടിക്കുന്ന വല്ല മട്ടുശാന്തിബാങ്കിലും കൊടുത്തു പണംവാങ്ങി പുതുമാപ്പിളയ്ക്കു യാത്രച്ചിലവിനു കൊടുക്കയും ചെയ്യുന്നു. പെനാംഗു്, ഉഗാൻഡാ, സിംഗപ്പൂർ, സിലോൺ, പേഴ്സ്യാ, നെററാൽ മുതലായ പുറംപ്രദേശങ്ങളിൽനിന്നും വരുന്ന ഈ പുതുമാപ്പിളമാരെക്കുറിച്ചു ഒരുത്തൎക്കം യാതൊന്നും നിശ്ചയമല്ല. വാറൻ ഹേസ്റ്റിംഗ്സിന്റെകാലത്തു ഇന്ത്യയുടെ സ്വത്തും പ്രതാപവുംമററും ഇംഗ്ലണ്ടിലുള്ളവരെ വല്ലാതെ ഭ്രമിപ്പിച്ചിരുന്നതുപോലെ ഒരു ഭ്രാന്തി ഉളവാക്കത്തക്ക മാഹാത്മ്യം വരന്നും അദ്ദേഹത്തിന്റെ ജോലിസ്ഥലത്തിന്നും ഉണ്ടെന്നുമാത്രമേ ശ്വശുരഗൃഹത്തിനും അയൽവീട്ടുകാർക്കും നിശ്ചയമുള്ളു. അമാനുഷിക മായാശക്തി—അലാഡിന്റെ അത്ഭുതവിളക്കിനുണ്ടായിരുന്ന അപാരദിവ്യശക്തി—ഈ പരദേശവാസിയായ പുതുമണാളമാന്ത്രികനിൽ സ്ഥിതിചെയ്യുന്നുണ്ടെന്നുള്ളതു ഇവരുടെ സങ്കല്പശക്തികൊണ്ടു നിരീക്ഷണംചെയ്യുവാൻ സാധിക്കുമെന്നു സധൈര്യം ഇവർ ഘോഷിക്കാറുണ്ടു. നമ്മുടെ മാന്ത്രികൻ ജിജ്ഞാസുക്കളുടെ പ്രശ്നങ്ങൾക്കു നൽകുന്ന മറുപടികളും ശ്രദ്ധേയങ്ങളാണു് ശമ്പളം അവിടെ അന്യദേശങ്ങളിൽ, രൂപായല്ല. വെള്ളി, അല്ലെങ്കിൽ പവൻ, യെൻ അതും ഒരു ക്ലിപ്തമായ തുകയല്ല! 'ഓ- കുറേഉണ്ടു്' ജോലി തേയിലത്തോട്ടത്തിൽ മമ്മട്ടിവെട്ടോ സൂപ്രണ്ടുവേലയോ, കണ്ടറിയണം. മുതുകിൽ തടിവച്ചു ചുമട്ടുചുമന്നുണ്ടായ തഴമ്പു കണ്ടു് അതെന്താണെന്നു ആരെങ്കിലും ചോദിച്ചാൽ, "ചാരുകസാരയിൽ കിടന്നുകിടന്നു വന്നുകൂടിയ തഴമ്പാണെ"ന്നാണു കിട്ടുന്ന മറുപടി. തട്ടിപ്പും ജാടയുംപറഞ്ഞു പെണ്ണിനേയുംകൂട്ടി ഭാര്യാനഗരത്തിൽ "വിസിററു" എന്ന പേരിൽ സല്ക്കാരം സ്വീകരിക്കാനായിമാത്രം അലഞ്ഞുതിരിയുന്നു. ഈ വിസിററും ക്ഷണവും സ്വീകരണവുമെല്ലാം താൻ ഭാര്യാന്വേഷണാർത്ഥം കഴിച്ചുകൂട്ടിയ ആ ഒന്നര ദശാബ്ദകാലത്തിൽ തന്നെ സഹായിപ്പാൻ ശേഷിയില്ലാതെ അവശതപ്പെട്ട ആ ദല്ലാലന്മാരെ അവരുടെ സഹായംകൂടാതെ തനിക്കുണ്ടായ വിജയം ചൂണ്ടിക്കാണിച്ചു ജാള്യതപ്പെടുത്താൻകൂടി അല്ലയോ? ഇതിനിടയ്ക്കു പുതുഭാര്യവീട്ടുകാർ ലോകമര്യാദയെ ആസ്പദമാക്കി ദമ്പതിമാർ ഇന്നാഇന്ന ബന്ധുക്കാരുടെയുംമററും വീട്ടിൽകൂടി ഒന്നു പോയേക്കണം. ഇല്ലെങ്കിൽ പരിഭവം ഉണ്ടാകും', എന്നോമററോ പറഞ്ഞുപോയാൽ, "പരി—ി—ഭവം. പോകാൻപറയൂ അവരുടെ പരിഭവം ആരുവകവയ്ക്കുന്നു" എന്നു തീരെ പുച്ഛരസത്തിൽ ആ അഭിപ്രായത്തെ നിരസിക്കുന്നു. എന്നാൽ അയാൾ കൂലിവേലചെയ്യുന്ന തോട്ടത്തിന്റെ ഉടമസ്ഥനോ, അയാൾവേലക്കാരനായിനില്ക്കുന്ന വീട്ടിലെയജമാനനോ വല്ലവരും ആയിരുന്നേക്കാം മേൽപറഞ്ഞ "ഇന്ന ഇന്ന ആളുകൾ" ഒരുപക്ഷെ ഈ "ഇന്നാഇന്ന ആളുകളും" ധൂർത്തടിച്ച ജാമാതാവുംകൂടി കൂട്ടിമുട്ടുന്ന സ്ഥലങ്ങളിൽ നില്ക്കുന്നതിനുള്ള ഭാഗ്യം നമുക്കുണ്ടെങ്കിൽ കാണാം ഈ ധൂർത്തൻ മുണ്ടുമെടുത്തു അരയിൽചുററി, കൈകെട്ടി വാപൊത്തി പൂച്ചയെക്കണ്ട എലിയെപ്പോലെ നിന്നു കിടുകിടെന്നു വിറയ്ക്കുന്നതു്. എങ്കിലും ഈപുതുമാപ്പിള ശ്വശുരഗൃഹത്തിൽ കാണിച്ചുകൂട്ടുന്ന പ്രാഗത്ഭ്യങ്ങളെല്ലാമാണു ഇപ്രകാരംജാമാതാവിനെ വാഴ്ത്തിസ്തുതിച്ചു് അയാൾ കൊടുക്കുന്ന ദഹിക്കാത്ത വ്യാജച്ചുരുക്കുകൾ അശനംചെയ്തു് പുത്രിയേയും ഭർത്താവിനേയും താതകണ്വന്റെ 'ഭക്ത്യാസേവിക്ക'മദ്യം എന്നുള്ള ഉപദേശആശീർവാദങ്ങളോടുകൂടി ഭർത്തൃഗൃഹത്തിലേക്കോ ഭർത്തൃദേശത്തേക്കോ യാത്രയുമാക്കുന്നു.

ഇതൊരുതരം ശ്വശുരഗൃഹം. വളരെ വളരെ വലിയ ഉദ്യോഗവും സ്ഥാനമാനങ്ങളും മററുമുള്ള ശ്വശുരന്മാരുടെ അത്യന്തസുന്ദരമായ ഗൃഹങ്ങളിൽവെച്ചു് തുല്യയോഗ്യതയുള്ള സ്വതന്ത്രജാമാതാക്കളെ പാശ്ചാത്യരീതിയിൽ മാനിച്ചു് സ്വീകരിക്കുന്നവിധം ഒന്നാണിങ്ങനെ അതിലും കുറഞ്ഞു് വലിയ ഉദ്യോഗസ്ഥന്മാരുടെ ഗൃഹങ്ങളിൽ ചില്ലറ ഉദ്യോഗം ഉള്ളതിനെ ഊതിപ്പൊലിപ്പിച്ചു് അന്തസ്സുള്ളപദവി എത്തുന്നതിനു മുന്നോട്ടു് ഒന്നാഞ്ഞും എന്നാൽ പയ്യെ പിന്നോട്ടു വലിഞ്ഞും ഏന്തി ഏന്തി നിൽക്കുന്ന മരുമകന്മാരുടെ വിമ്മിട്ടസ്ഥിതി വേറൊന്നു്. പെററിആഫീസറന്മാർ തുടങ്ങിയ ചെറിയ വലിയ ഉദ്യോഗസ്ഥന്മാരുടെ വീട്ടിലെ ജാമാതാവിന്റെ കഥ കഷ്ടംതന്നെ. 'നിരക്ഷരകുക്ഷി'യായ ഭാര്യയുടെ പൂരപ്പാട്ടുരീതിയിലുള്ള ഭാഷ ആസ്വദിക്കാൻ തയ്യാറുണ്ടെങ്കിൽ ഇവരുമായി കഴിഞ്ഞുകൂടാം. ഇനി ചിലരുണ്ടു്. വിവാഹം കഴിയുന്നതുവരെ അതിമധുരമായും സരസമായും അഴിഞ്ഞുകുഴഞ്ഞു് കഴിഞ്ഞുപോകുന്ന വാവിട്ടചിരിക്കുന്ന ശ്വശുരന്മാർ കല്യാണം കഴിയുന്ന നാൾമുതൽ മുഖം കറുപ്പിച്ചു് ജാമാതൃവീക്ഷണത്തിൽ ചിങ്ങമാസത്തിലെ ചതുർത്ഥിദർശനംപോലെ അസുഖംപ്രകടിപ്പിക്കുന്നകൂട്ടരാണിവർ. ഇവരുടെ രഞ്ജിപ്പും നയവും മററും 'പാലംകടക്കുവോളം നാരായണ, നാരായണ, പാലംകടന്നാൽപിന്നെ കൂരായണ' എന്ന അഗ്നിയിൽ എരിഞ്ഞുപോകുന്നതായിരിക്കാം. ശ്വശുരനില്ലാത്ത ശ്വശുരഗൃഹം ഇതിൽ എല്ലാത്തിലും കഷ്ടം! മകനെകളിപ്പിച്ചു സമ്പാദിക്കുന്ന കാശു മരുമകനെ ശുശ്രൂഷിക്കാൻ ചിലവാക്കുന്ന ആ അമ്മായിഅമ്മമാരുടെ ലാളനയ്ക്കു ലഭിക്കുന്ന പ്രതിഫലം നിന്ദയും പുച്ഛവും വെറുപ്പുമാണെന്നു മനസ്സിലാകാത്ത ഒരുകൂട്ടം സ്ത്രീകൾ അങ്ങിനെ. ഇപ്രകാരമുള്ള പലപല ജാമാതാക്കളെ നാം നിത്യവും കാണുന്നുണ്ടു്. ഇനി ഇവരെ ശരിയായി കാണാൻ സൗകര്യം ഇവരുടെ പുതിയ വസതിയിൽവച്ചാണു്. പുതുദമ്പതിമാരുടെ ജീവിതായോധനത്തിന്റെ പ്രാരംഭ 'പിച്ചനില്പ്'കൾ കാണുന്നതിനുമുമ്പു രണ്ടുമൂന്നുമാസമെങ്കിലും അവർ 'മധുവിധു' മുതലായതാസ്വദിച്ചു സുഖമായി കഴിയട്ടെ.

---

# പുഷ്പങ്ങൾ.

ഉമ്മൻ, കല്ലുകുഴി.

മനുഷ്യഹൃദയം അകൃത്രിമമായ സൌന്ദര്യത്തിൽ സന്തോഷിക്കുന്നു. പൂമ്പുലരിയിൽ തങ്കച്ചാറണിഞ്ഞു്, പരിമളത്തെ പരിസരങ്ങളിൽ പരത്തി, കുളിർതെന്നലിന്റെ കരതാലോലമേററു് ആനന്ദമൂർച്ഛയാലാടിക്കളിക്കുന്ന ഒരു ചെറുപുഷ്പം ആരുടെ ഹൃദയത്തിലാണു് ആഹ്ലാദത്തെ വളത്താത്തതു്. സ്ഫടികസങ്കാശമായ വിസ്തൃത ജലാശയത്തിൽ ഇളകിമറിയുന്ന ചെറുതരംഗങ്ങളിൽ കൂടി പ്രതിബിംബിച്ചുകാണുന്ന കുസുമജാലങ്ങൾ ആരുടെ ഭാവനാലോകത്തെയാണു് ആകർഷിക്കാതിരിക്കുക. ബൈബിളിൽ ഒരുഭാഗത്തു് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "വയലിലെ താമര എങ്ങിനെ വളരുന്നു എന്നു് നിരൂപിപ്പിൻ. അവ അദ്ധ്വാനിക്കുന്നില്ല, നൂൽ നൂൽക്കുന്നതുമില്ല. എന്നാൽ ശലോമോൻപോലും തന്റെ സർവ്വമഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല." യാതൊരു നെയ്ത്തുകാരന്റെയും സാമർത്ഥ്യത്തെ അതിലംഘിക്കുമാറു്, അതിലോലമായ നൂലുകളാൽ സൃഷ്ടികർത്താവു് പുഷ്പദലങ്ങളെ നിർമ്മിച്ചിരിക്കുന്നു. വിദഗ്ദ്ധന്മാരായ ചിത്രകാരന്മാരെ അതിശയിപ്പിക്കുമാറു്, വിശേഷമായ നിറപ്പകിട്ടുകൊണ്ടു് പ്രപഞ്ചകർത്താവു പുഷ്പങ്ങളെ അലങ്കരിച്ചിരിക്കുന്നു. ഓരോ ശില്പിവരന്മാരുടെ അപൂർവ്വകലാകുശലതയുടെ ഫലമാണെന്നു തോന്നിക്കത്തക്കവണ്ണം പുഷ്പങ്ങൾക്കു വൈചിത്ര്യംവരുത്തിയിരിക്കുന്ന ആ മഹാശില്പിയുടെ വൈഭവത്തെപ്പററി നിമേഷമാത്രമെങ്കിലും ആലോചിക്കുന്നുണ്ടെങ്കിൽ ആരുതന്നെ അത്ഭുതപ്പെടുകയില്ല. അത്രമാത്രം അഭിരാമമായ വിധത്തിൽ, വിവിധ തരത്തിലുള്ള വിചിത്രപുഷ്പങ്ങളെക്കൊണ്ടു് പ്രപഞ്ചനാഥൻ പ്രകൃതീദേവിയെ ആപാദമസ്തകം അലങ്കരിച്ചിരിക്കുന്നു.

ഉല്പാദകന്റെ ഒരു പ്രതിച്ഛായ ഉല്പാദിതവസ്തുക്കളിലും പ്രതിഫലിച്ചുകാണും. പ്രകൃതി, സർവ്വസൽഗ്ഗുണസമ്പൂർണ്ണസത്വമായ സർവ്വേശ്വരന്റെ ശക്തിപ്രദർശനമാണെങ്കിൽ, അതിൽ ഉൾപ്പെട്ടിരിക്കുന്ന കുസുമജാലങ്ങളും ഏതാദൃശഗ്ഗുണമഹിമയാൽ അനുഗ്രഹിതമായിരിക്കണം. മാംസചക്ഷുസ്സുകൾകൊണ്ടു കാണുന്ന പുഷ്പങ്ങൾ, ഇന്ദ്രിയാതീതമായ ദിവ്യതേജസ്സിന്റെ അവ്യക്തമായ പ്രതിബിംബം മാത്രമാകുന്നു. ആ സ്ഥിതിയ്ക്കു് പുഷ്പങ്ങളുടെ സൌന്ദര്യത്തേയും, അതിന്റെ ഗ്ഗുണവിശേഷങ്ങളേയുംപററി ആലോചിക്കുമ്പോൾ അതിന്റെ ആദികാരണത്തെപ്പററിയും ആരായുക സാധാരണമാണു്. അങ്ങിനെ ഒരു സൌന്ദര്യവസ്തുവിൽ നിക്ഷിപ്തമായിരിക്കുന്ന ചൈതന്യത്തെപ്പററി അറിയുമ്പോൾ അതുവഴിയായി ജഗത്പിതാവിന്റെ മാഹാത്മ്യത്തെ മനസ്സിലാക്കുവാനും സാധിക്കുന്നു. സകലത്തിന്റെയും ആന്തരപ്രകൃതിക്കു് അത്യന്തസാദൃശ്യമുള്ളതിനാൽ, ഒരു വസ്തുവിൽ അടങ്ങിയിരിക്കുന്ന നന്മയെ ഗ്രഹിക്കുവാൻ സാധിക്കുമെങ്കിൽ അതുവഴിയായി പ്രപഞ്ചഭണ്ഡാഗാരത്തിലെ അജ്ഞാതരഹസ്യങ്ങളും അറിയുവാൻ സാധിക്കും. ഈ തത്വത്തെ അടിസ്ഥാനമാക്കിയാണു്, പാശ്ചാത്യകവിയായ ടെന്നിസ്സൻ ഒരു ഭിത്തിയുടെ വിടവിൽനിന്നും പറിച്ചെടുത്ത പൂവിനോടായിട്ടു് ഇപ്രകാരം പറയുന്നതു്—"അല്പയോ നവസൂനമെ, നീ എന്താണെന്നും ആരാണെന്നും അറിയുന്നതിനു് എനിക്കു കഴിഞ്ഞിരുന്നുവെങ്കിൽ ദൈവവും മനുഷ്യനും ആരാണെന്നും എന്താണെന്നും അറിയുന്നതിനു് എനിക്കു നിഷ്പ്രയാസം സാധിക്കുമായിരുന്നു.

ഇപ്രകാരം മനുഷ്യബുദ്ധിക്കു് അതീതമായി സ്ഥിതിചെയ്യുന്ന ആ അപ്രമേയതേജസ്സിന്റെ സൌന്ദര്യസമ്പൂർണ്ണമായ ഒരു പ്രതിഫലനം പുഷ്പങ്ങളിൽ കാണുന്നതുകൊണ്ടാണു് ആദ്ധ്യാത്മികതത്വചിന്തകന്മാരും കവികളും അതിനെ ആരാധിച്ചുവരുന്നതു്. കുസുമസമൃദ്ധമായ വസന്തകാലത്തെപ്പററി എത്രയോകവികൾ ഭാവനാശോഭനങ്ങളായ ഉല്ലേഖങ്ങൾ സാധിച്ചിട്ടുണ്ടു്. മനോധർമ്മസമ്പന്നന്മാരായ മഹാകവികളുടെ ഭാവനാലോകത്തിൽ നാനാവർണ്ണസമ്മിളിതമായി സംശോഭിക്കുന്ന ദിവ്യവസ്തുക്കളാകുന്നു പുഷ്പങ്ങൾ. അവയുടെ അനിർവ്വചനീയമായ രാമണീയകത്തേയും വിപുലമായ അർത്ഥത്തേയും കവികൾ അവരുടെ പ്രതിഭാചക്ഷുസ്സിന്റെ സഹായംകൊണ്ടു് കാണുകയും, അതിൽ ലയിച്ചിരിക്കുന്ന നിഗ്ഗൂഢതത്വങ്ങളെ വാക്സരണിയിൽകൂടെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതികവി എന്ന പ്രസിദ്ധനായ വേർഡ്സ്‌വത്തു് ഒരു ചെറിയ പൂവുകാണുമ്പോൾ അതു് തന്നെ ആനന്ദവീഥിയിൽകൂടെ ആനയിച്ചു് അനന്തമായ ചിന്താലോകത്തിലേക്കു് ആകർഷിക്കുമെന്നു പറഞ്ഞിട്ടുണ്ടു്. മനോഹരമായ പ്രഭാതത്തിൽ മഞ്ഞുതുള്ളിക്കണംകൊണ്ടു് മുത്തണിഞ്ഞുനിൽക്കുന്ന പുഷ്പങ്ങളോടു കവി ചിലപ്പോൾ സംസാരിക്കുന്നുണ്ടാവും. സരസ്സിലെ ആമ്പൽപ്പൂക്കൾ നഭസ്സിലെ നക്ഷത്രങ്ങളോടു് നിശ്ശബ്ദമായി നർമ്മസല്ലാപം ചെയ്യുന്നതു അദ്ദേഹം കാണുന്നുണ്ടാവും. പൈങ്കിളികളുടെ കളഗാനങ്ങളിൽ മുങ്ങി, ഇളംമൊട്ടുകളോടുകൂടി കാററിൽ ആനന്ദനൃത്തംചെയ്യുന്ന ഒരു കൊച്ചുപൂവിനോടു കവിക്കു ചിലതെല്ലാം സംസാരിക്കുവാനുണ്ടു്. സൌരഭ്യംവീശി വിരിഞ്ഞുനിന്ന പുഷ്പം താഴെ പൊഴിഞ്ഞുവീണതു കാണുമ്പോൾ അദ്ദേഹം കണ്ണുനീരോടുകൂടി അതിനെപ്പററി വിലപിക്കുന്നുണ്ടാവും.

പ്രഭാതത്തിൽ വിടർന്നു വിലസിയ ഒരു പൂവു് പ്രദോഷത്തിൽ വാടിവീണതു കണ്ടപ്പോൾ വിചാരപരമ്പരാപരിണിതമായ പരമാനന്ദത്താൽ ആകൃഷ്ടനായി, മഹാകവി കുമാരനാശാൻ എന്തെല്ലാം അനുമാനങ്ങൾ ചെയ്യുന്നു. പ്രപഞ്ചത്തിന്റെ മായപ്പേയാട്ടങ്ങളിൽ മതിമയങ്ങിപ്പോകാതെ, അനശ്വരമായ അക്ഷരാത്മാവിനെ അഭയംപ്രാപിക്കുവിൻ എന്നുള്ള അതിവിശിഷ്ടമായ അന്യോക്തിയത്രെ ആദ്യന്തം ആ വീണപൂവിൽ നാം കാണുന്നതു്. ഇപ്രകാരം പുഷ്പങ്ങളുടെ അഥവാ പ്രകൃതിയുടെമുഖാവരണം നീക്കുമ്പോൾ അതീതപ്രകൃതിയുടെ അകൃത്രിമമായ പ്രകാശത്തേയും, അവർണ്ണനീയമായ രമ്യതയേയും കാണുവാൻ നമുക്കു സാധിക്കുന്നതാണു്

മനുഷ്യജീവിതത്തിന്റെ സമഗ്രമായ ഒരു ചിത്രം പുഷ്പങ്ങളുടെ ജീവിതത്തിൽ കാണാവുന്നതാണു്. ചില പുഷ്പങ്ങളുടെ മൃദുലങ്ങളായ ഇതളുകളിൽ, വിഷസമ്പൂർണ്ണമായ മധു സൂക്ഷിക്കപ്പെട്ടിരിക്കുന്നതുപോലെ, "മുഖംപത്മദളാകാരം, വാക്യംചന്ദനശീതളം ഹൃദയംവജ്രകഠിനം" എന്ന മട്ടിൽ ജീവിച്ചുവരുന്ന അനേകം കപടമനുഷ്യരെയും ലോകത്തിൽ കാണാവുന്നതാണു്.

മനുഷ്യന്റെ ജീവിതാരാമത്തിൽ സൌരഭ്യലേപനംചെയ്യത്തക്ക അനേകം വിശിഷ്ടഗ്ഗുണങ്ങളുടെ ഒരു പ്രതിഫലനവും പുഷ്പങ്ങളിൽ നാം കാണുന്നുണ്ടു്. അതിന്റെ നിസ്വാർത്ഥമായ ജീവിതഗതിയെത്തന്നെ നോക്കുക! സ്വാഭാവിക സൌന്ദര്യസമ്പൂർണ്ണമായ മൃദുലശരീരത്തോടുകൂടി കാണികൾക്കു കുതൂഹലം വളർത്തിയും, പരിമളപ്രസരത്താൽ പരിസരപ്രദേശങ്ങളെ പ്രസന്നമാക്കിയും, തന്നെ ഇറുത്തുകൊണ്ടു പോകുന്നവർക്കുപോലും സ്വന്തസൌരഭ്യത്തെ സംഭാവനചെയ്തും, ജീവിച്ചുപോരുന്ന കുസുമത്തിന്റെ ജീവിതപരിപാടി തികച്ചും പരാർത്ഥമായിട്ടുള്ളതുതന്നെയാണു്. അതിന്റെ ഇഹലോകവാസദൈർഘ്യം പരിമിതമായിട്ടുള്ളതാണെങ്കിലും; മററുള്ളവർക്കുവേണ്ടി വിനിയോഗിക്കുന്ന ജീവിതമാണു അതിമഹത്തായിട്ടുള്ളതു് എന്ന തത്വം അതു വേണ്ടവണ്ണം മനസ്സിലാക്കിയിട്ടുണ്ടു്. ചളിക്കുളത്തിൽനിന്നു അതിമനോഹരമായ താമരപ്പൂവുണ്ടാകുന്നു. കണ്ടകപൂർണ്ണമായ ചെടിയിന്മേൽ അതിമൃദുക്കളായ പുഷ്പങ്ങൾ വികസിക്കുന്നു. എന്നാൽ അവ തങ്ങളുടെ സാഹചര്യത്തെപ്പററി അതൃപ്തി പ്രകടിപ്പിക്കുന്നില്ല. ഈശ്വരദത്തമായ അവസ്ഥാവിശേഷങ്ങളിൽ അസംതൃപ്തരാകാതെ പ്രയോജനപ്രദമായി ജീവിക്കുകയാണു് ഏററവും ഉത്തമമായിട്ടുള്ളതു് എന്ന തത്വം സ്വജീവിതംമൂലം പുഷ്പങ്ങൾ പ്രഖ്യാപനംചെയ്യുന്നു. എത്രതന്നെ വൃത്തിഹീനമായ പരിതസ്ഥിതികളിൽ വളർന്നുവന്നാലും അതുമൂലം പുഷ്പങ്ങൾ യാതൊരു കളങ്കവും പററാതെ പ്രസന്നസുന്ദരമായി പ്രശോഭിക്കുന്നു. അതുപോലെ ലോകവ്യാപാരങ്ങളുടെ വികൃതവശങ്ങളാൽ വ്യാമോഹിതരായി, ജീവിതത്തെ മലിനപ്പെടുത്തരുതെന്നുള്ള ഉൽകൃഷ്ടസന്ദേശത്തെ നിശ്ശബ്ദഭാഷയിൽ പുഷ്പങ്ങൾ മനുഷ്യസമുദായത്തെ അറിയിക്കുന്നു.

പുഷ്പങ്ങൾ സർവ്വത്ര സന്തോഷത്തെ സൂചിപ്പിക്കുന്ന അടയാളങ്ങളാകുന്നു. കമനീമണികളുടെ കാർകൂന്തലിലും, വധൂവരന്മാ

ചെറുകഥാപംക്തി.

# സ്കൂൾപ്രണയത്തെത്തുടൎന്ന്.

എ. എം. വി. നങ്ങയ്യഅന്തൎജ്ജനം.

[കന്നി 29 ാംതീയതിയിലെ ചിത്രവാരികയിൽ എന്റെ പ്രിയസഹോദരിയായ ലളിതാംബികഅന്തൎജ്ജനം എഴുതിയ ലേഖനം മാന്യവായനക്കാർ ഒന്നുകൂടിവായിച്ച് അതിലെ പ്രമേയങ്ങളെ അനുസന്ധാനം ചെയ്യുന്നത് അത്യാവശ്യമാണു്. അതിലെ നായികയായ സുമതിയുടെ ഉത്തരകഥയാണിവിടത്തെ പ്രതിപാദ്യവിഷയം. പ്രിയസഖിയുടെ ആ ലേഖനം തുടരുവാനൊരുക്കമില്ലാത്തവിധം കൊട്ടിക്കലാശിച്ചതായി കണ്ടതുനിമിത്തമാണു് ഈ ചുമതല ഞാൻ വഹിക്കേണ്ടതായി വന്നതു്. ഹൈസ്കൂൾ ഉപാദ്ധ്യായൻ മിസ്റ്റർ രാമചന്ദ്രൻനായരും ഒരു പാറുഅമ്മയും മകൾ സുമതിയുംകൂടി നടന്ന സംഭാഷണത്തിൽനിന്നു വെളിപ്പെട്ടുപോയതായ പഴയ ചില സത്യാവസ്ഥയെക്കുറിച്ചു ചുഴിഞ്ഞാലോചനനടത്തുന്ന വായനക്കാർ അതിൽനിന്നു പല തത്വങ്ങളും ഗ്രഹിച്ചിട്ടുണ്ടായിരിക്കണം. അന്നേവരെ രാമചന്ദ്രൻനായൎക്കുണ്ടായിരുന്ന പ്രേമാമൃതരൂപമായ മനോവൃത്തി പുത്രീവാത്സല്യാത്മനാ രൂപാന്തരപ്പെട്ടു എന്നല്ലാതെ സുമതിക്കു യാതൊരുനഷ്ടമോ കഷ്ടമോ അതുനിമിത്തം സംഭവിച്ചിട്ടില്ലെന്നു മാത്രമല്ല, സ്വന്തംഅച്ഛന്റെ വാത്സല്യഭാജനമായിട്ടൊരുനിമിഷമെങ്കിലും ജീവിച്ചിരിപ്പാൻ സാധിക്കുമെന്നു സ്വപ്നേപി മോഹിപ്പാനവകാശപ്പെടാത്ത ഒരു സാധു പെൺകിടാവിന്നുകിട്ടിയ നിധി ഏതാണെന്നു നാം ആലോചിച്ചുനോക്കേണ്ടതാണു്. അതോടുകൂടെ അമ്മ കൃതകൃത്യയായി സുമതിയെ ശരിക്കു പാഠശാലയിലേക്കയച്ചുതുടങ്ങി.]

ഒരുദിവസം സ്ക്കൂൾവിട്ടു വരുമ്പോൾസുമതിയുടെ കൈവശം ഒരു പൊതിയുണ്ടായിരുന്നു. "അമ്മേ! സാറു് തന്നതാണിതു്. അമ്മയല്ലാതാരും പൊളിക്കരുതെന്നു പറഞ്ഞു. ഒന്നു നോക്കൂ അമ്മേ! ബിസ്കറ്റാണെന്നു തോന്നുന്നു. എനിക്കു തിന്നുനോക്കണം" പാറുഅമ്മയ്ക്കു സാറിന്റെ പണ്ടത്തെ പൊതിയുടെ ഓൎമ്മവന്നു. എന്നാലതു ദുഷ്ടവിചാരത്തോടുകൂടെയല്ലല്ലൊ. "നീ പോയിക്കളിയ്ക്കു" എന്നു മകളെ ശാസിച്ചയച്ചതിന്റെ ശേഷം പൊതിയഴിച്ചുനോക്കി. അതിൽ കനത്തുതുടുത്തു് അച്ചും പുള്ളിയുമുള്ളതും കടിച്ചാൽപൊട്ടാത്തതുമായ പുതിയൊരുതരം നാലു ബിസ്കറ്റാണുണ്ടായിരുന്നതു്. അതെടുത്തു പെട്ടിയിൽ വെച്ചു പൂട്ടി അതേവലിപ്പത്തിലുള്ള നാലു ബിസ്കറ്റുവെച്ചു പൊതിഞ്ഞു മകൾക്കുകൊടുത്തു. "നല്ല മധുരമുണ്ടു്. അച്ഛ്, അല്ല സാർ, നടാടേ തന്ന പലഹാരമാണല്ലോ; കുറെ ധാരാളം തരരുതൊ" എന്ന പുത്രീവചനംകേട്ടു്, "കിട്ടിയതുകൊണ്ടു സന്തോഷിക്കു" എന്നുംപറഞ്ഞു പാറുഅമ്മ കഥ മാററി. ഒരാഴ്ചയ്ക്കുശേഷം തട്ടാനെ വരുത്തി നാലുപവൻതൂക്കത്തിൽ അത്യാവശ്യം പണ്ടം പണിചെയ്യിച്ചു മകളെ കെട്ടിച്ചുവിട്ടു. "അമ്പടി പാറുഅമ്മെ! ഇതൊക്കെ കയ്യിരിപ്പുണ്ടായിരുന്നിട്ടാണു് ഇത്രനാളും മകളെ അലങ്കോലപ്പെടുത്തിനടത്തിയതു്, കഷ്ടം" എന്നിങ്ങിനെ അനസൂയകളായ ചിലസഹപാഠിനിമാർ പറഞ്ഞതല്ലാതെ സാറൊന്നും നടിച്ചതേ ഇല്ല. ഒരുദിവസം പാറുഅമ്മ മകളോടു ചോദിച്ചു. "നിന്റെ പുതിയ വേഷം കണ്ടിട്ടു് ആരെല്ലാം എന്തെല്ലാംപറഞ്ഞു? സാറെന്തു ചോദിച്ചു?" അമ്മേ! ഇന്നു സാറെന്നെ വിളിച്ചു സ്വകാൎയ്യം പറഞ്ഞു - "നിന്റെ ഫീസ് ഇളവുചെയ്തുകൊടുക്കേണ്ടതാണെന്നു ഞാനെഴുതിട്ടുണ്ടായിരുന്നു. അതനുവദിച്ചുവന്നിട്ടുണ്ടു്. ഇനി നീ ഫീസ്സുകൊണ്ടുവരേണ്ടതില്ല" എന്നു. ആരോടും പറയരുതെന്നും പറഞ്ഞിട്ടുണ്ടു്. അച്ഛന്റെ സ്നേഹം, അല്ലെ അമ്മേ! പാറുഅമ്മ തന്റെനേരെ അദ്ദേഹത്തിന്നുള്ള അനുകമ്പയേയും, ഇതുവരെ താൻ തെററിദ്ധരിച്ചതിനേയും ഓൎത്തു കണ്ണീരൊലിപ്പിച്ചതല്ലാതെ മകളുടെ ചോദ്യത്തിനു മറുപടിയായി യാതൊന്നും പറഞ്ഞതേ ഇല്ല. പിന്നൊരിക്കൽ സ്ക്കൂൾവിട്ടു വന്നപ്പോൾ സുമതി, "സാറു തന്നതാണിതു്. അമ്മയ്ക്കാരോ അയച്ചതാണെന്നുപറഞ്ഞു." എന്ന മുഖവുരയോടെ ഒരു കത്തു കയ്യിൽ കൊടുത്തു. മേൽവിലാസം ഇതായിരുന്നു: —

ശ്രീമതി

തയ്യൽക്കാരി പാറുഅമ്മയ്ക്കു്.

C/o മിസ്റ്റർ രാമചന്ദ്രൻനായർ

ടീച്ചർ, ഇംഗ്ലീഷ്ഹൈസ്ക്കൂൾ

പറവൂർ.

സ്റ്റാമ്പും സീലുമില്ലാത്തൊരു കത്തു. "ഇനിയും അടുത്തുകൂടാനാണൊ ഭാവം" എന്ന അന്തൎഗ്ഗതത്തോടെ പാറുഅമ്മ കത്തുതുറന്നുനോക്കി— "നിങ്ങളെ ഒരു കരയ്ക്കാക്കാതെ ഈ പാതിരാമണൽപ്പുറത്തിട്ടേച്ചുംവച്ചു ഞാനിവിടംവിട്ടു പോയാൽ ആ പാപവും ഞാൻതന്നെ ചുമക്കണ്ടേ? ഇതുകൊണ്ടുപോയി മാറി ഉപജീവിച്ചുകൊൾവിൻ" എന്നൊരു കുറിപ്പും, കൊച്ചി ഇമ്പീരിയൽബാങ്കിലേക്കുള്ള ഓരായിരം ഉറുപ്പികയുടെ ഒരു ചെക്കുംമാത്രമാണതിലുണ്ടായിരുന്നതു്. ആ സാധു പെട്ടെന്നൊന്നു ഞെട്ടിപ്പോയി. എന്താണിതു്? സ്വപ്നമായിരിക്കുമോ? മനോരാജ്യത്തിന്നുപോലും വിഷയമല്ലാത്തൊരു സംഭവമാണല്ലൊ ഇതു്. ഈശ്വരന്റെ ദൃഷ്ടി ഈ പാവങ്ങളുടെ നേരെ തിരിഞ്ഞുവോ, ആട്ടെ, എന്നു ഗൽഗദസ്വരത്തോടു തന്നത്താൻ പറഞ്ഞു. അന്നു രാത്രി കിടക്കുന്നസമയം മകളോടു്, "കുഞ്ഞേ! ഉറക്കമായോ? (ഇല്ല.) "സേട്ടുവിന്റെ കല്യാണത്തിന്നു കുറെ അധികം സാധനങ്ങൾ ഞാനിന്നേററുപോയി. സില്ക്കുതരങ്ങളാണധികം- ഇവിടത്തെ വില കഠിനം. ചിലതിവിടെ വിലകൊടുത്താലുംകിട്ടില്ല. സേട്ടു കുറെ പണവും പിടിച്ചേൽപ്പിച്ചിട്ടുണ്ടു്. നാളെ കാലത്തു കോട്ടപ്പുറം ബോട്ടിന്നു ഞാൻ കൊച്ചിക്കു പോകുന്നു. നീ ഊണുംകഴിച്ചു വാതിലുംപൂട്ടി സ്ക്കൂളിലേക്കു പൊയ്ക്കോ ഉച്ചയ്ക്കു വരേണ്ട. ആ ഉറിയിലിരിക്കുന്ന പൊതി കയ്യിൽ വെച്ചോ. അതു തിന്നാൽ മതി. ഞാൻ നേരത്തെ വരാം"—തന്റെ പെട്ടിയിലിരിപ്പുണ്ടായിരുന്ന നൂറിലധികം രൂപയും കയ്യിലെടുത്തു് പിറേറന്നു കാലത്തു് പാറുഅമ്മ ബോട്ടുകേറി, കയ്യിലുള്ള പണംകൊണ്ടു ചില ശീലത്തരങ്ങളും വാങ്ങി ചെക്കും മാറി നേരത്തെ തിരിച്ചുപോന്നു. ബോട്ടിറങ്ങി സാമാനം അവിടെ ഒരു പീടികയിൽ സൂക്ഷിച്ചു് മകളെയോൎത്തു് വേഗം തിരിച്ചു. ആ ദിക്കിലെ ഒരു പ്രമാണിയും തൽക്കാലം കയ്യലഞ്ഞിട്ടുണ്ടെങ്കിലും സത്യസന്ധനും കുലീനനുമായ നാണപ്പൻപിള്ളയെ അപ്രതീക്ഷിതമായി വഴിക്കുവെച്ചു വാറണ്ടുശിപായി പിടിച്ചുനിൎത്തി കുഴക്കുന്ന ഒരു രംഗത്തിലാണു് അവൾ ചെന്നു ചാടിയതു്. "ആരാണതു് തയ്യൽക്കാരിയല്ലേ?എന്നെ വാറണ്ടിൽപിടിച്ചവിവരം പോകുംവഴി വീട്ടിൽ പറഞ്ഞേക്കണം" എന്നു നാണപ്പൻപിള്ളവിളിച്ചുപറഞ്ഞതിന്നു കേവലം ഉത്തരംമൂളുകമാത്രമല്ല പാറുഅമ്മ ചെയ്തതു്. നേരേ അടുത്തുചെന്നു പിള്ളയെസ്വകാൎയ്യംവിളിച്ചുചോദിച്ചു —എന്തുണ്ടു സംഖ്യ? പിള്ള-കുറച്ചധികമുണ്ടു്, ആയിരത്തോളം കാണും. പാറുഅമ്മ — എജമാൻകുഴങ്ങില്ല. പിള്ള —കാലംമാറി. പാറുഅമ്മ—-എജമാൻ സംഗതി സ്വകാൎയ്യമായി വെക്കുമെങ്കിൽ ഞാൻ ഈ നിന്നനിലയിൽ ശിപായിയെ സമാധാനപ്പെടുത്തി മടക്കി അയച്ചുകൊള്ളാം. നാണപ്പൻപിള്ള, ഈ പിച്ചക്കാരിക്കു ഭ്രാന്തുണ്ടോ, എന്താണിവൾ പറയുന്നതു്. കെട്ടിയിട്ടടിച്ചാൽപോലും ചക്രംകിട്ടാത്ത കാലം ആട്ടെ തിരക്കിനോക്കാം എന്ന അന്തൎഗ്ഗതത്തോടെ, "എന്താ പറഞ്ഞതു്. സത്യമാണൊ, കാണട്ടെ." അവൾ കൈപ്പെട്ടി തുറന്നുകാണിച്ചു.ഉടനെ

---

രുടെ ശുഭനാളുകളിലും, തുമ്പണംതുളുമ്പുന്നപുഷ്പമാല്യങ്ങളെ കാണാവുന്നതാണു്. സാമൂഹ്യസമ്മേളനങ്ങളിലും, മററു മഹോത്സവങ്ങളിലും, പുഷ്പങ്ങളുടെ സാന്നിദ്ധ്യത്തിനു ബഹുജനങ്ങൾ സഹൎഷം സ്വാഗതമരുളുന്നു. ആരാധനാസന്ദൎഭങ്ങളിൽ പുഷ്പങ്ങളെത്തന്നെയാണു നാം ഈശ്വരസന്നിധാനത്തിൽ സമൎപ്പിക്കുന്നതു് ഇപ്രകാരം സന്തപ്തൎക്കു ആനന്ദദായകമായും, ചിന്തകന്മാൎക്കു ഉൽകൃഷ്ടാശയങ്ങളെ ഉളവാക്കുന്നവയായും, സൎവ്വത്ര മംഗളാശംസാസൂചകങ്ങളായും, കരുതിവരുന്ന പുഷ്പങ്ങൾക്കു സൎവ്വപ്രധാനമായ ഒരു സ്ഥാനം നൽകുന്നതിൽ അത്ഭുതമില്ല.

രശീതിവാങ്ങി പണവും എണ്ണിക്കൊടുത്തു് ശിപായിയെ യാത്രയാക്കിയതിന്നുശേഷം-"നിനക്കു ഞാനെന്തുചെയ്യണം" എന്നചോദ്യത്തിനു്, "അതെല്ലാം എജമാനൻ ആലോചിച്ചു പ്രവൎത്തിച്ചാൽമതി. നാടുംവീടുമില്ലാതെ അലഞ്ഞുവന്നു ആരാന്റെ കുടിലിൽ കനത്ത വാടകയുംകൊടുത്തു നാൾകഴിക്കുന്ന ഈ പാവം ഒന്നും പറയില്ല, സംശയിക്കേണ്ട. കുഞ്ഞു് സ്ക്കൂൾവിട്ടു വരാറായി, പോകാനനുവദിക്കണം." ഇത്രമാത്രംപറഞ്ഞു പാറുഅമ്മ അവിടെനിന്നുംമറഞ്ഞു. ശരിയായ പ്രത്യുപകാരം കണ്ടെത്താതെ കുഴങ്ങി നാണപ്പൻപിള്ള വീട്ടിലേയ്ക്കും പോയി. ശിപായിയെ ഈവിധംതന്നെ തിരിച്ചയപ്പാൻ സാധിച്ചതുകൊണ്ടു വാസ്തവത്തിൽ കാരണവൎക്കു സമാധാനക്കേടാണുണ്ടായതു്. എണ്ണിയാലൊടുങ്ങാത്തതും വീട്ടിയാൽ വീടാത്തതുമായൊരു കടം തന്റെ ശിരസ്സിൽ പതിച്ചതായിതോന്നി. രണ്ടുനാലുദിവസം ആലോചനയിൽ മുഴുകിക്കഴിഞ്ഞു. "തയ്യൽക്കാരിയെ കാണ്മാനില്ല. ആ പിച്ചക്കാരത്തിയുടെ ചെററപ്പുരയിലേക്കു ഞാനെങ്ങിനെ പോകും. ആരെങ്കിലും കാണില്ലേ. ഛേ! ഞാൻ ഈശ്വരനെ മറക്കുന്നു, കഷ്ടം! ആട്ടെ, നിവൃത്തിയുണ്ടു്. ബംഗ്ലാവു ഒഴിവാണല്ലൊ. അവർ അതിൽ പാൎത്തോട്ടെ." ഉടനെ ഭൃത്യനെഅയച്ചു തയ്യൽക്കാരിയെ വരുത്തി. "ഇന്നുതന്നെ ആ കുടിലൊഴിഞ്ഞുകൊടുത്തു ബംഗ്ലാവിൽ താമസമാക്കിക്കൊള്ളണം. നാളെ ദിവസം നന്നല്ല. സാമാനം കടത്താൻ ആൾ വരുന്നുണ്ടു്. അടിച്ചുതളിപ്പാൻ ആൾ പോയിട്ടുണ്ടു്. താക്കോലവിടെ തരും" എജമാനന്റെ കല്പനപ്രകാരമെല്ലാം നടന്നുകഴിഞ്ഞു. ഈശ്വരൻ ഓരോരുത്തരേയും ഉയൎത്തുന്നകാഴ്ച കണ്ടറിയേണ്ടതാണു്.

രാമചന്ദ്രൻനായരുടെ പ്രേമം സ്നേഹമായി മാറി എന്നുപറയുന്നതല്ലശരി. പുതുതായൊരു പുത്രീവാത്സല്യംകൂടെ മനസ്സിൽ കടന്നു് സ്ഥലംപിടിച്ചു. അതു വളരുംതോറും പ്രേമത്തിന്നിടംകുറഞ്ഞു. അതിനാൽ ഈ പ്രേമത്തെ മറെറാരു മനസ്സിലേക്കു മാററംചെയ്യാനാണു അന്നുമുതൽ സാർ ധൃതിപ്പെട്ടതു്. അതു സാധിക്കുന്നതുവരെ പിതാവിന്റെ ചുമതല തലയിൽ നിന്നിറങ്ങുന്നതല്ലല്ലൊ. അക്കാലത്തു അതേസ്ക്കൂളിൽ സിക്സ്ഫാറത്തിലൊരുയുവവിദ്യാൎത്ഥിയുണ്ടായിരുന്നു. നല്ലൊരുകുലീനൻ, സുശീലൻ, സുഭഗൻ, അച്ഛന്റെ സീമന്തപുത്രൻ, ഇല്ലത്തെ ഏകസന്താനം, ധനാഢ്യനെന്നുമാത്രമല്ല ഏതുതരത്തിലും ആഢ്യൻതന്നെ. സുമതിയും ഈ യുവാവുംതമ്മിൽ ഒന്നാമതായി ഏതൊരു മുഹൂൎത്തത്തിൽ മുഖദൎശനക്രിയ നടന്നുവോ അന്നുമുതൽ അവരുടെ താരാമൈത്രി നവംനവമായി വളൎന്നുകൊണ്ടിരുന്നു. ഇടയിൽവെച്ചു സാറിന്റെ അനൎഹപ്രേമം വിലങ്ങടിച്ചതുനിമിത്തംരണ്ടുപേൎക്കും അതു വളൎത്തുവാനാവതില്ലാതായി. വാസ്തവത്തിൽ സാറിന്റെ പുത്രീസ്നേഹം, അതേ, അതു തൽക്കാലം അജ്ഞാതമായിരുന്നതിനാൽ ഈശ്വരേച്ഛയാ പ്രേമരൂപേണ പുറത്തുവന്നുപോയതായിരിക്കണം. സുമതി തന്റെ രക്ഷയ്ക്കുവേണ്ടി പ്രേമം നടിച്ചു എന്നല്ലാതെ 18 വയസ്സായ ഒരു സുന്ദരയുവാവിൽ അന്യപ്രേരണകൂടാതെ തന്നത്താനങ്കുരിച്ചു വളൎന്നുകൊണ്ടിരിക്കുന്ന പ്രേമാമൃതപ്രവാഹത്തെ മുത്തശ്ശനാവാട്ടത്ത മൂപ്പത്തെട്ടുകാരനിലേക്കു മേല്പട്ടൊഴുക്കുന്നതു ശൃംഗാരരസത്തിനു യോജിച്ചതല്ല. എന്തെങ്കിലുമാകട്ടെ, ഇപ്പോൾ ആ തടസ്സം തീൎന്നു എന്നുമാത്രമല്ല ആ സാറുതന്നെ ഇക്കാൎയ്യത്തിൽ ആവശ്യക്കാരനും അനുകൂലിയുമായുന്നല്ലൊ. ഉടനെ ആ കെട്ടിനിന്ന പ്രേമാമൃതം ചിറമുറിഞ്ഞ വെള്ളംപോലെ അന്യോന്യം പ്രവഹിച്ചു പല്ലവിതവും കുസുമിതവുമായ്ഭവിച്ചിരിക്കുന്നു. ആ കൊല്ലത്തെ പരീക്ഷയിൽ സുമതി ജയിച്ചു. സിക്സ്ഫാറത്തിൽ സ്ഥലം പിടിച്ചുകഴിഞ്ഞു യുവാവു് സ്ക്കൂൾഫൈനൽപരീക്ഷയിൽ ഒരുവിഷയം മാൎക്കുപോരാതെ പരാജയപ്പെട്ടുപോയി ഉപരിപഠനത്തിനൊരുക്കമുള്ളതുനിമിത്തം യുവാവു തന്റെ സ്ഥാനം മററാൎക്കും ഒഴിഞ്ഞുകൊടുത്തില്ല. തോൽമ അനുഗ്രഹമായിട്ടാണു യുവാവിനു തോന്നിയതു്. ഒരുദിവസം നമ്മുടെസാർ യുവാവിനെ സ്വകാൎയ്യമായി വിളിച്ചു ഹിതോപദേശം ചെയ്തു. കൂട്ടാളികളൊത്തു കളിച്ചു് കാലംകഴിച്ചിട്ടാണു പരീക്ഷയിൽ മാൎക്കുകിട്ടാത്തതു്. വരുന്നകൊല്ലവും ഇതുപോലെ വരാതെ കഴിക്കണം. അവിടേക്കു ഒരു ഏകാന്തവാസം അത്യാവശ്യമാണെന്നാണു എന്റെ പക്ഷം. ആ ബംഗ്ലാവിൽ മുറികളും ധാരാളം ഒഴിവുണ്ടു്. മയ്യാടക്കാരെ കിട്ടിയാൽ അവരതു് വാടകയ്ക്കു കൊടുത്തേക്കും. ആവശ്യമുണ്ടെങ്കിൽ ഞാനതു ശരിപ്പെടുത്താം. ആലോചിച്ചു പറഞ്ഞാൽ മതി. "സാറുപറയുമ്പോലെ" എന്നുമാത്രമാണു് യുവാവു് മറുപടിപറഞ്ഞതു്. കുട്ടിക്കു കുറേശ്ശ പറഞ്ഞുകൊടുക്കാമെങ്കിൽ വാടക ആവശ്യമില്ലെന്നാണു് പാറുഅമ്മ വിധിച്ചതു്. ഈ വിദ്യാൎത്ഥികൾ രണ്ടുപേരും ഒരേക്ലാസ്സ്, ഒരേപുസ്തകം, ഒരേസ്ഥലം, ഒരേമേശ, ഒരേവിളക്കു്, ഒരേനോട്ടം, ഒരേമനസ്സായിട്ടൊരുകൊല്ലംകഴിഞ്ഞതറിഞ്ഞില്ല. തികഞ്ഞമാൎക്കോടെ രണ്ടുപേരും പരീക്ഷയിൽ വിജയികളായി. രാമചന്ദ്രൻനായൎക്കു സ്ഥലം മാററവും വന്നുചേൎന്നു.

അക്കാലത്തു ലൂൎദ്ദുപള്ളിവകയായി നടത്തിയ പേരുകേട്ട ഷോഡതിയിൽ ഒന്നാം നറുക്കു പാറുഅമ്മയ്ക്കു കിട്ടിയതായി കമ്പിവന്നു. ഒട്ടും അത്ഭുതപ്പെടേണ്ട. ഈശ്വരകടാക്ഷത്തിന്നു വേലിയും മതിലുമില്ല, മനസ്സിലാക്കണം. കുറിസംഖ്യ വാങ്ങുവാൻവേണ്ടി ആ ഭാഗ്യവതി തൃശ്ശിവപേരൂൎക്കു പോ

(ശേഷം 21-ാംപുറം)

# പശ്ചാത്താപം:

നാലാങ്കൽ കൃഷ്ണപിള്ള ബി. എ. (ആണേഴ്സ്)

('ഓമനക്കുട്ടൻ'മട്ടു്)

"ഞാനൊരുമൂഢചിത്തയായുള്ളോൾ
ഞാനൊരുമന്ദഭാഗ്യതാൻ
കൈകളിൽവന്നഭാഗ്യമാല്യത്തേ,
ഞാൻ,കളഞ്ഞല്ലോ,ഗൎവത്താൽ;

സൗഭാഗ്യത്തിന്റെദിവ്യസമ്പത്തു
ദുൎഭഗഞാൻത്യജിച്ചല്ലോ;
പ്രേമപീയൂഷകല്ലോലത്തെ, ഞാ-
നോമനിക്കാതെൻകൈകളാൽ,

തട്ടിദ്ദൂരെവലിച്ചെറിഞ്ഞല്ലോ
ചെറുമുൾക്കനിവേശാതെ,
ഇന്നതിൻഫലമൊക്കെ – താപത്തിൻ
കയ്പെഴുംഫലമാകെ—ഞാൻ

ആസ്വദിക്കുന്ന,നുകമ്പയെന്നി-
ലാരുമില്ലൊരാൾതുകുവാൻ
ഞാനെത്രമൂഢചിത്തയായുള്ളോൾ
ഞാനെത്രമന്ദഭാഗ്യയാൾ.

അന്നൊരന്തിയിലെന്റെപുഞ്ചിരി
യൊന്നുകണ്ടുള്ളംതുള്ളുവാൻ
വന്നിതദ്ദേഹമെൻഗൃഹത്തിങ്കൽ,
കന്ദൎപ്പോപമസുന്ദരൻ;

ദുൎമ്മുഖംകാട്ടിയദ്ദേഹത്തെഞാൻ
ദുഃഖിതനായയച്ചല്ലോ;
അമ്പിളിക്കതിരേറുമേദിനി
പൊൻപുളകമണിയുമ്പോൾ,

എൻമുഖത്തൊരുചുംബനമേകാ-
നുൻമുഖനായ്മനോഹരൻ
ആരാമത്തിലണഞ്ഞു,ഞാനെന്നാൽ
പാരംഭത്സിച്ചാധന്യനേ;


നിദ്രയോടുഞാൻസല്ലാപംചെയ്യാൻ
സദ്രസംമെത്തപൂകവേ,
പ്രേമധാമമെൻപൂമണിമച്ചി-
ലേകനായന്നണഞ്ഞല്ലോ,

ചിത്തമില്ലാത്തഞാനദ്ദേഹത്തെ
കത്തിക്കാളുന്നകോപത്താൽ
ഭ്രൂവല്ലിചുളിച്ചുക്ഷണംപോകാ-
നാജ്ഞാപിച്ചല്ലോ,കഷ്ടമേ!

*   *   *
*   *   *

ഇന്നദ്ദേഹമോ,സുന്ദരിയാകു_
മന്യനാരിക്കായ്തൻപ്രേമം
ഏകിയല്ലോഞാനെന്തിനായിനി
ലോകത്തിൽവാഴ്വൂ,ഭാരമായ്,

ഞാനെത്രമൂഢചിത്തയായുള്ളോൾ
ഞാനെത്രമന്ദഭാഗ്യയാൾ!



രണ്ടുദിവസത്തിനകം ജപ്പാനെ ഭൂമുഖത്തിൽനിന്നു് മായ്ച്ചുകളയത്തക്കത്ത ഒരു വിമാനസൈന്യം ഉണ്ടാക്കാൻ അമേരിക്ക തീർച്ചപ്പെടുത്തിയിരിക്കുന്നുപോൽ.

*  *  *  *

അമേരിക്കയിലെ മഹാകോടീശ്വരനായിരുന്ന മി. ജെഴ്സിറോക്ക്ഫെല്ലർ അദ്ദേഹത്തിൻെറ വിധവയ്ക്കു കൊടുത്തിരിക്കുന്നതു് രണ്ടുകോടി പവൻെറ സ്വത്താണു്. മിസ്സിസ്സ് റോക്ക്ഫെല്ലർ ഇപ്പോൾ ലോകത്തിലെ ഏററവും ധനികമാരിൽ ഒരാളായി തീന്നിരിക്കുന്നു.

*  *  *

സിലക്ടുകമ്മററിറിപ്പോർട്ടു പ്രസിദ്ധം ചെയ്തശേഷം കൂടിയാലോചിച്ചുകൊള്ളാമെന്നു മി. ബാൾഡ്വിൻ പ്രതിജ്ഞചെയ്തിട്ടുള്ള കൺസർവേററീവുപാർട്ടി കൗൺസിൽ ഡിസംബർ 4-ാംതീയതി കൂടുന്നതാണു്. മി. ബാൾഡ്വിൻ അന്നേദിവസം ഒരുപ്രസംഗം നടത്തുന്നതാണു്.

*  *  *

ഫ്റഞ്ചുഭരണഘടനാഭേദഗതിക്കായി പ്രസിഡൻറു ഡൂമർഗ്ഗ് തയാറാക്കിയിരിക്കുന്ന ബില്ലിനു മന്ത്രിസഭയുടെ സമ്മതം ലഭിച്ചിരിക്കുന്നു. റാഡിക്കൽസോഷ്യലിസ്റ്റ്നേതാവു മാത്രമേ അല്പം എതിരഭിപ്രായക്കാരനായിട്ടുള്ളു. അദ്ദേഹം സ്വപക്ഷക്കാരുമായി ആലോചിച്ചു തീരുമാനം പറയാമെന്നു സമ്മതിച്ചിരിക്കുന്നു.

*  *  *

സയാമിലെ രാജാവു അംഗീകരിക്കാത്ത മൂന്നു നിയമങ്ങളേപ്പററി അദ്ദേഹത്തെ വിശദമായി ധരിപ്പിക്കാനും അദ്ദേഹം എന്നു തിരിച്ചുവരുമെന്നു അറിയാനുമായി സയാമീസ് പാർലമെൻറിലെ അസംബ്ളിപ്രസിഡൻറും, കൗൺസിൽസിക്രട്ടറിയും, വിദേശകാര്യമന്ത്രിയുംകൂടി ഇംഗ്ലണ്ടിലേക്കു തിരിച്ചിരിക്കുന്നു.

*  *  *  *

ഇംഗ്ലണ്ടിൽനിന്നു തിരിച്ചു 13-ദിവസം ആറേമുക്കാൽമണിക്കൂർകൊണ്ടു കാത്കാർട്ടുജോൺസും വാളറും മെൽബോണിൽപോയി മടങ്ങിയിരിക്കുന്നു. ഇവക്കു മെൽബോൺവിമാനമത്സരത്തിൽ ജയിക്കാൻ സാധിച്ചില്ലെങ്കിലുംതിരിച്ചുപോക്കിൽ അവർ സ്കാട്ടിൻെറയും ബ്ളായ്ക്കിൻെറയും റെക്കാർഡിനെ ലംഘിച്ചു.

*  *  *  *

ഈയിടെ സ്വിൻഡൻനിയോജകമണ്ഡലത്തിൽനിന്നുള്ള ഉപരി തിരഞ്ഞെടുപ്പിൽ വിജയിയായ ഡാക്ടർ ആഡിസൻ എന്ന ലേബർസ്ഥാനാത്ഥി, ഈ തിരഞ്ഞെടുപ്പിനു നിൽക്കാനായി, ആണ്ടിൽ രണ്ടായിരം പവൻ ശമ്പളംഉണ്ടായിരുന്ന "കോഴിവ്യവസായപുനസ്സംഘടനക്കമ്മിഷ"ൻെറ ചെയർമാനുദ്യോഗം രാജിവെച്ചു.

*  *  *  *

13 ഇഞ്ചുനീളവും 9 ഇഞ്ചു വീതിയുംഉള്ള ലോകത്തിലെ ഏററവും വലിയ മുട്ട ലണ്ടനിൽവച്ചു ലേലംചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. മഡഗാസ്കറിൽ ഉണ്ടായിരുന്നതും ഇന്നു ഇല്ലാതായിത്തീന്നിരിക്കുന്നതുമായ ഒരുതരംപക്ഷി അനേകായിരംവർഷംമുമ്പു ഇട്ടതാണത്രെ ഈ മുട്ട. ഈ പക്ഷിക്കു ചിറകില്ലായിരുന്നു എന്നും 13 അടി ഉയരമുണ്ടായിരുന്നെന്നും പറയപ്പെടുന്നു.

*  *  *

ജോലിയട്ട് എന്നയാളും അദ്ദേഹത്തിൻെറ ഭാൎയ്യയുംചേൎന്നു വളരെനാളായി നടത്തിവന്ന പരീക്ഷണങ്ങളുടെയും ഗവേഷണങ്ങളുടെയും ഫലമായി റേഡിയം എന്നസാധനം കൃത്രിമമായി ഉണ്ടാക്കാമെന്നു കണ്ടുപിടിച്ചിരിക്കുന്നു. പല മഹാരോഗങ്ങളുടേയും ചികിത്സയ്ക്കു അത്യാവശ്യമായതും ദുസ്സുലഭവും വിലകൂടിയതുമായ ഈ വസ്തു കൃത്രിമമായി ഉണ്ടാക്കാമെന്നുവന്നിരിക്കുന്നതിനാൽ അതു സുലഭമായിത്തിരുന്നതു ചികിത്സാശാസ്ത്രത്തിനു ഒരു അനുഗ്രഹംതന്നെ.

*  *  *  *

ഇന്ത്യാലീഗ്മെമ്പറായ മി. കൃഷ്ണമേനവനെ സെൻറ്പ്രാൻകാസ്മുൻസിപ്പൽ കൗൺസിലിലേക്കു തിരഞ്ഞെടുത്തിരിക്കുന്നു. തിരഞ്ഞെടുപ്പുകളുടെ അവസാനഫലംനോക്കിയതിൽ ലേബർകക്ഷിക്കു 770- സീററുകൾകിട്ടുകയും 29-സീററുകൾ നഷ്ടമാകുയും കാൺസർവേററീവ്കക്ഷിക്കു 635-സിററുകൾ അധീനപ്പെടുകയും 41-സീററുകൾ നഷ്ടമാകയും ചെയ്തതായി കാണുന്നു. 28-ലണ്ടൻബറോകളിൽ 15-ം നാല്പത്തൊന്നു പ്രൊവിഷ്യൽബറോകളും ലേബർകക്ഷിയുടെ നിയന്ത്രണത്തിലായിരിക്കുന്നു.

*  *  *  *

പ്രധാനമന്ത്രിഉൾപ്പെടെകാബിനററിൽ ഇരുപതുമന്ത്രിമാർ മതിയെന്നാണു പ്രസിഡൻറു ഡൂമർഗ്ഗിൻെറ പരിഷ്കാരനിർദ്ദേശങ്ങളിലൊന്നു്. താഴെക്കാണുന്ന വ്യവസ്ഥയിൽ ചേംബറിനെ പിരിച്ചുവിടാൻ തനിക്കധികാരമുണ്ടായിരിക്കണമെന്നു അദ്ദേഹം നിർദ്ദേശിക്കുന്നു. ആദ്യത്തെവർഷത്തിൽ സെനററിൻെറ അനുമതിയോടുകൂടിമാത്രമേ ചേംബറിനെ പിരിച്ചുവിടാവു. അനന്തരമുള്ളവർഷങ്ങളിൽ അത്തരം അനുമതി ആവശ്യമില്ല. സിവിൽസെവൻറ്സിൻെറ ഉദ്യോഗംസംബന്ധിച്ചു ഗാറണ്ടിയുമുണ്ടായിരിക്കണം. ആറാംതിയതി ചേംബർ കൂടിക്കഴിഞ്ഞാലുടൻ ബിൽ അവതരിപ്പിച്ചു വാദപ്രതിവാദം നടത്തുന്നതാണു്.

*  *  *

അന്തരീക്ഷത്തിൻെറ മേൽത്തട്ടിലേയ്ക്കുയരാൻ സോവിയററുറഷ്യ ഒരുതരം പുതിയ വിമാനങ്ങൾ നിമ്മിച്ചുവരുന്നു. ആവിയന്ത്രങ്ങൾ ഘടിപ്പിച്ചിട്ടുള്ള ഈ വിമാനങ്ങൾ മണിക്കൂറിൽ അറുനൂറുമൈൽവരെ വേഗത്തിൽ സഞ്ചരിക്കുന്നതായിരിക്കും. ആവിയന്ത്രത്തിനു വായു ആവശ്യമില്ലാത്തതിനാൽ വായു വളരെ കുറവുള്ളഉച്ചത്തിലേക്കു ഈ വിമാനങ്ങൾക്കു ഉയരാൻസാധിക്കും. അന്തരിക്ഷത്തിൻെറ മേൽത്തട്ടിലെ രഹസ്യങ്ങളറിയാൻ റഷ്യ നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു.

*  *  *  *

സാർപ്രദേശത്തെ ചില സംഭാവ്യതകളെ മുൻനിത്തി ഫ്രാൻസ് ചില സൈനികസംരംഭങ്ങളിൽ ഏപ്പെട്ടിരിക്കുന്നതായറിയുന്നതിനാൽ ഹേയ്ഗ്കോടതിയോടു പരാതിപറയാൻ ജമ്മനി ഉദ്ദേശിക്കുന്നത്രെ. സൈന്യശക്തികൊണ്ടു സാറിനെ അധീനപ്പെടുത്താൻ ഫ്റാൻസ് ഉദ്ദേശിച്ചിരിക്കുന്നതിനാൽ യൂറോപ്പിൻെറ സമാധാനത്തെ ഉദ്ദേശിച്ചു നാസികൾ അനുസരണയോടുകൂടി പെരുമാറണമെന്നും സാർപ്രദേശത്തിൻെറ അതിത്തിയോടുചേൎന്നു ഇരുപത്തഞ്ചു മൈലിനകത്തു യൂണിഫാറംധരിച്ച നാസികൾ യോഗങ്ങളോ പരേഡോ നടത്തിക്കൂടെന്നും സാറിലേക്കു നിയോഗിച്ചിരിക്കുന്ന ഹിററ്ലറിൻെറ പ്രതിനിധി ഉൽബോധിപ്പിക്കുന്നു.

*  *  *

അഞ്ചുകോച്ചുകളോടുകൂടിയ ഒരു സ്പെഷ്യൽട്രെയിൻ ആയിരിക്കും ഭാവിയിൽ കെമാൽപാഷായുടെ വസതി. അദ്ദേഹം ഈ വണ്ടിയിൽജീവിക്കയും സഞ്ചരിക്കയും തൻെറ രാജ്യത്തിൻെറ നാനാൽഭാഗങ്ങളിൽ മുന്നറിവുകൂടാതെ ചെന്നെത്തി പരിശോധനയും മേൽനോട്ടവും വഹിക്കയും ചെയ്യുന്നതാണു്. ഈ ട്രെയിൻ നാലുമാസത്തിനകം പണിതീരുന്നതാണു്. ഈ വണ്ടിയിൽ ഒരു തപാലാഫീസും വയർലസ്സ്സെററും ഉണ്ടായിരിക്കും. വണ്ടിയുടെ ഒരു കോച്ചു 12 വനിതാസെക്രട്ടറിമാക്കും, മറെറാരെണ്ണം പ്രസിഡൻഷ്യൽസെക്രട്ടേറിയററിനും ഒഴിച്ചിടുന്നതാണു്.

*  *  *

മനുഷ്യൻെറ ശബ്ദത്തെ പത്തുലക്ഷംഇരട്ടിയായി വർദ്ധിപ്പിക്കുന്ന ഒരു പുതിയ യന്ത്രം കണ്ടുപിടിച്ചിരിക്കുന്നു. ഒരു മനുഷ്യൻെറ ശബ്ദം ഈ യന്ത്രത്തിൽക്കൂടി കേട്ടാൽ അതു നയാഗ്രാവെള്ളച്ചാട്ടത്തിൻെറ ശബ്ദത്തിൻെറ ആയിരംഇരട്ടി ഉച്ചത്തിൽ കേൾക്കുമത്രെ. ഈ യന്ത്രം പൂണ്ണശക്തിയോടെ പ്രവത്തിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽക്കൂടി പുറത്തുവരുന്നശബ്ദം 40 റാ

ത്തൽ ഭാരമുള്ള ഒരു കുടത്തിന്റെ അടിയുക്കു സമമായ ശക്തിയോടുകൂടിയാണു പുറപ്പെടുന്നതു്. നിരപ്പുള്ള സ്ഥലമാണെങ്കിൽ ഈ യന്ത്രത്തിൽക്കൂടിയുള്ള ശബ്ദം അനേകമൈൽ അകലെ കേൾക്കാം. ഈ യന്ത്രസഹായത്താൽ മനുഷ്യശബ്ദത്തെ ഒരു ഇടിനാദം പോലെ പെരുക്കാം.

* * * *

മരിച്ചെന്നുതോന്നുന്ന ഒരു മനുഷ്യനെ ജീവിപ്പിക്കാൻ സയൻസ് പല വഴികളും കണ്ടുപിടിച്ചിരിക്കുന്നു. എങ്കിലും വാസ്തവത്തിൽ മരിച്ചവരെ പുനർജീവിപ്പിക്കാൻ സാധിക്കുമോ? അതെല്ലാം മരണം എന്നുവച്ചാൽ എന്താണ് എന്നുള്ള അറിവിനെ അടിസ്ഥാനമാക്കിയിരിക്കുന്നു ഹൃദയത്തിന്റെ തുടിപ്പു നിൽക്കുമ്പോൾ മരണം ഉണ്ടാകുന്നെങ്കിൽ, സയിൻസിന്റെ കുത്തിവെപ്പും വൈദ്യുതപ്രയോഗവുംമററുംകൊണ്ടു പുനർജീവിതം സാധ്യമായേക്കാം. ഈ രീതികൾ എപ്പോഴും വിജയിക്കുന്നില്ല. അതു മരണത്തിന്റെ യഥാർത്ഥസ്വഭാവത്തെയാണാശ്രയിച്ചിരിക്കുന്നതു്. പുനർജീവനം എന്നതു ഹൃദയത്തുടിപ്പുണ്ടാക്കുകയോ, ശ്വാസകോശത്തെ വീണ്ടും പ്രവൃത്തിക്ഷമമാക്കുകയോ മാത്രമല്ല. എന്തെന്നാൽ മൃതമായ തലച്ചോറിനെ വീണ്ടും ജീവത്താക്കാൻ സയൻസ് ഇതുവരെ ഒന്നും കണ്ടുപിടിച്ചിട്ടില്ല. തലച്ചോറിനു രക്തത്തിൽനിന്നാണ് ജീവനം ലഭിക്കുന്നതു്. അതു കിട്ടാതാകുമ്പോൾ തലച്ചോറു മരിക്കുന്നു. അതിനാൽ തലച്ചോറിനു രക്തം കിട്ടാതായിട്ടു എത്രനേരമായി എന്നുള്ളതിനെ ആശ്രയിച്ചാണ് പുനർജീവനം ഇരിക്കുന്നതു്. രക്തമില്ലാതെ തലച്ചോറു എത്രനേരം പുനർജീവനസമർത്ഥമായിരിക്കുമെന്നു പറയാൻ നിവൃത്തിയില്ല. ഒരുപക്ഷെ 15 മിനിട്ടിൽ കൂടുതൽസമയം രക്തമില്ലാതെ തലച്ചോറു ജീവിച്ചിരിക്കുമെന്നു തോന്നുന്നില്ല. കാലിഫോർണിയായിൽ ഒരു ഡാക്ടർ ഒരു പട്ടിയെ ജീവിപ്പിച്ചു അതു കുരയ്ക്കുകയും ആഹാരം കഴിക്കുകയും ചെയ്തു. എങ്കിലും തലച്ചോറിന്റെ സ്ഥിതി അപായകരമായിരുന്നതിനാൽ ഡാക്ടരുടെ ശ്രമം വിഫലമായതേയുള്ളു. വല്ല അപകടത്തിലോ മററോ അകപ്പെട്ടു മരിച്ചവരെ ജീവിപ്പിക്കുന്നതു ആയ്ക്കുംതന്നെ ഗുണകരമല്ലെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. എന്തെന്നാൽ തലച്ചോറിന്റെ പുനർജീവനശക്തിയില്ലാതായതിനുശേഷം ജീവിക്കുന്നവരുടെ സ്ഥിതി ഭ്രാന്തന്മാരുടേതിലും കഷ്ടമായിരിക്കും. സാധാരണയായി വീടുകളിൽ ഉപയോഗിക്കുന്ന ദുർബലമായ വൈദ്യുതശക്തിയാൽ മരിക്കുന്നവരെ ഒരു ക്ലിപ്തസമയത്തിനകം ശരിയായ നിലയിൽത്തന്നെ ജീവിപ്പിക്കാൻ സാധിക്കുമെന്നു വേറെ ചില ശാസ്ത്രജ്ഞന്മാർ ഈയിടെ കണ്ടുപിടിച്ചിരിക്കുന്നു. മരണത്തിനുകാരണമായ വൈദ്യുതതാഡനത്താലാണ് ഈ പുനർജീവനം സാധിക്കുന്നതു്. ഒരു വെറും ദുർബലമായ വൈദ്യുതതാഡനംകൊണ്ടുള്ള മരണം ശക്തിയേറിയ വൈദ്യുതതാഡനത്താലുള്ള മരണത്തേക്കാൾ ആപൽക്കരമാകുന്നു. എന്തെന്നാൽ ദുർബലമായവൈദ്യുതതാഡനം ഹൃദയത്തെ ആകപ്പാടെ തലമുടിക്കെട്ടുപോലെ നാരുകളാക്കി ഛിന്നഭിന്നമാക്കിത്തീർക്കുന്നു. അതിനാൽ അങ്ങനെയുള്ളവരെ ജീവിപ്പിച്ചതുകൊണ്ടു വിശേഷമൊന്നുമില്ല. ശക്തിയേറിയ വൈദ്യുതതാഡനംകൊണ്ടു കരളിനു തകരാറൊന്നും സംഭവിക്കുന്നില്ല. എങ്കിലും ജീവിപ്പിക്കാനുള്ളസാദ്ധ്യത അവരുടെ കാര്യത്തിൽ ഇല്ലെന്നുതന്നെ പറയണം. ഒരുപക്ഷെ അവർ ജീവിച്ചാൽ വലിയതകരാറൊന്നുമുണ്ടാകാനില്ല.



തിരുവനന്തപുരം ഫ്രീഹരിജൻ ഹോസ്റ്റലിന്റെ പ്രഥമ വാർഷികദിനം സംബന്ധിച്ച് എടുത്ത ചിത്രം.

കസേരയിൽ ഇരിക്കുന്നവർ (ഇടത്തുനിന്നും) ശ്രീമാന്മാർ 1. പി. കെ. കേശവപ്പണിക്കർ (റെസിഡൻഷൽവാർഡൻ), 2 എം. ഗോവിന്ദൻ ബി എ, ബി.എൽ (ആണററി സൂപ്രണ്ടു്), 3 ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (പ്രൊവിൻഷ്യൽപ്രസിഡൻറു്), 4. ജി. രാമചന്ദ്രൻ (പ്രൊവിൻഷ്യൽ സെക്രട്ടറി), 5 ആർ പരമേശ്വരൻപിള്ള ബി. എ (ജായിൻറ്ഡിസ്ട്രിക്ട്സെക്രട്ടറി)

Photo, Krishnan Nair Bros.

## വിഷയവിവരം


പേജ്

1. ഫ്രഞ്ചുമയ്യഴി — 4
എം. കരുണാകരൻ ബി. എ.

2. ആത്മാലാപം — 6
കൈനിക്കര കുമാരപിള്ള

3. സാമ്പത്തികസംബന്ധയാലോചന — 7
അച്ചു.

4. പുഷ്പങ്ങൾ — 10
ഉമ്മൻ, കച്ചുകഴി

5. സ്ക്രൂൾപ്രണയത്തെത്തുടർന്ന് (ചെറുകഥ) — 11
എ. എം. വി. നങ്ങയ്യഅന്തർജ്ജനം

6. പശ്ചാത്താപം (കവിത) — 12
നാലാങ്കാൽകൃഷ്ണപിള്ള ബി. എ. (ആണേഴ്സു്)

7. ലോകചക്രം — 13

8. വിമർശനം — 15

9. പ്രശ്നോത്തരങ്ങൾ — 18

10. ഭാരതം — 19

11. പടയാളി (കവിത) — 21
കെ. എൻ. ബാലകൃഷ്ണൻനായർ ബി. എ.

12. കാൻഡിയിലെ സിംഹാസനം — 22
പി. വാസുദേവൻപിള്ള

13. ക്രിസ്തുവിന്റെകാലത്തു യൂദേയാദേശത്തെ സ്ഥിതി — 23
എ. ജോൺ ബി. എ.

14. ബുദ്ധമതതത്വങ്ങൾ — 25
കെ. പി. ഗോപാലമേനോൻ

15. കൊയ്ത്തുകാരി (കവിത) — 26
കെ. കെ. വേലായുധൻപിള്ള ബി. എ.

16. രാമകൃഷ്ണഗോപാൽഭണ്ഡർകർ — 27
കെ. സി. പിള്ള ശാന്തിനികേതനം

17. മരണം (കവിത) — 28
എം. എസ്സ്. കുമാരൻനായർ ബി. എ. എൽ. റി.

18. പാചകകല — 29
എസ്സ്. എ. പിള്ള കടയ്ക്കൽ



# ‘ദ്രോഹിപോയ വഴിയേ!’

സംഭ്രമജനകമായ ഒരു ഡിറെക്ടീവുനോവൽ.

വായിച്ചുതുടങ്ങിയാൽ അവസാനിപ്പിക്കാതെ താഴത്തുവയ്ക്കുവാൻ സാധിക്കുന്നതല്ല.

വില ണ. 8.

“ശ്രീരാമവിലാസം” പ്രസ്സ്, കൊല്ലം.

# മലയാളരാജ്യം.

1110 തുലാം 27-ാംനു- തിങ്കളാഴ്ച.

ഇംഗ്ലീഷ് ഒഴിച്ചുള്ള പലവിഷയങ്ങളും നാട്ടുഭാഷയിൽ പഠിപ്പിക്കുന്നതു സംബന്ധിച്ചു മൈസൂർസംസ്ഥാനത്തിലെ ഹൈസ്കൂളുകളിൽ നടത്തിനോക്കിയ ഒരു പരീക്ഷണം അത്യന്തം വിജയപ്രദമായി കണ്ടിരിക്കുന്നു. മാതമാററിക്സ്, ചരിത്രം, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങൾ നാട്ടുഭാഷയിൽ പഠിച്ചവരുടെ ഇംഗ്ലീഷ് ഉത്തരക്കടലാസുകൾ, പ്രസ്തുത വിഷയങ്ങൾ ഇംഗ്ലീഷിൽ പഠിച്ചിരുന്നവരുടെ ഇംഗ്ലീഷ് ഉത്തരക്കടലാസിനെക്കാൾ നന്നായിരുന്നു എന്നും കാണുന്നുണ്ട്. കൂടുതൽ വിഷയങ്ങൾ ഇംഗ്ലീഷിൽ പഠിപ്പിക്കുന്നതുമൂലം വിദ്യാർത്ഥികൾക്കു ഇംഗ്ലീഷുമായുള്ള പരിചയം വർദ്ധിക്കയും അവക്കു ഇംഗ്ലീഷിൽ കൂടുതലായ 'സ്റ്റാൻഡാർഡ്' ലഭിക്കയും ചെയ്യുമെന്നുള്ള ധാരണയിലാണല്ലോ നമ്മുടെ ഹൈസ്കൂളുകളിൽ മലയാളം ഒഴിച്ചുള്ള വിഷയങ്ങളെല്ലാം ഇംഗ്ലീഷിൽ പഠിപ്പിക്കുന്നതു്. ഈ ധാരണ വെറും അബദ്ധമാണെന്നു മൈസൂറിലെ പരീക്ഷണം നല്ലപോലെ തെളിയിക്കുന്നുണ്ടു്. ഇംഗ്ലീഷ് നല്ലതുപോലെ എഴുതാനും വായിക്കാനും കുട്ടികൾ വശമാക്കേണ്ടതു് അത്യാവശ്യംതന്നെയെന്നിരുന്നാലും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശം അതായിരിക്കുവാൻ പാടുള്ളതല്ല. മൂന്നാംഫാറത്തിൽ പാസ്സായി, തൊട്ടുതേയ്സ്കൂൾമാത്രം ഇംഗ്ലീഷും വശമാക്കിക്കൊണ്ടു ഹൈസ്കൂളിലേക്കു കടക്കുന്ന വിദ്യാർത്ഥികൾ മലയാളം ഒഴിച്ചുള്ള എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽ പഠിക്കണമെന്നു വരുമ്പോൾ വലിയ ഒരു ബുദ്ധിമുട്ടും മനസ്സുമടുപ്പുമാണുണ്ടാകുന്നതെന്നു അത്തരം വിദ്യാർത്ഥികളുമായി ഇടപഴകിയിട്ടുള്ള ഏവക്കും അറിയാവുന്നതാണു്. കുട്ടികളുടെ അറിവും ഗ്രഹണശക്തിയും വർദ്ധിപ്പിക്കയെന്നുള്ളതാണു് വിദ്യാഭ്യാസത്തിന്റെ പ്രധാനഉദ്ദേശങ്ങളിൽ ഒന്നെങ്കിൽ, അനേകവിഷയങ്ങൾ കണ്ടമാനം ഇംഗ്ലീഷിൽ പഠിക്കുന്നതിനേക്കാൾ വളരെ നല്ലതു നാട്ടുഭാഷയിൽ പഠിപ്പിക്കുവാൻ വിഷമമായുള്ള ഏതാനും വിഷയങ്ങൾമാത്രം ഇംഗ്ലീഷിലും ബാക്കിയുള്ളവ മലയാളത്തിലും പഠിപ്പിക്കുന്നതായിരിക്കും. അങ്ങനെയാകുമ്പോൾ കുട്ടികൾക്കു പഠിക്കുന്നവിഷയത്തിൽ ഇന്നത്തേതിൽ കൂടുതൽ ഉത്സാഹം ഉണ്ടായിരിക്കയും അവരുടെ ധാരണാശക്തി ഇന്നത്തേതിലും കൂടുതൽ വികസിക്കയും ചെയ്യുമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ പരിവർത്തനം നാട്ടുഭാഷകളുടെ പൂർവ്വാധികമായ അഭിവൃദ്ധിക്കു കാരണമായിത്തീരുകയും ചെയ്യും. പക്ഷേ മൈസൂറിൽനടത്തിയ ഈ പരീക്ഷണങ്ങളെ അനുകരിച്ചു എന്തെങ്കിലും ഒരു പരീക്ഷണമോ പരിഷ്കാരമോ വരുത്തുന്നതിനു നമുക്കു കഴിവില്ലാതെയാണിരിക്കുന്നതു്. മദ്രാസ് സർവ്വകലാശാലയുടെ താളത്തിനൊപ്പിച്ചു നമ്മുടെ സെക്കണ്ടറിവിദ്യാഭ്യാസപദ്ധതി തുള്ളേണ്ടതായിട്ടിരിക്കുന്നു. മലയാളഭാഷയ്ക്കു കൂടുതൽ പ്രാമാണ്യം കല്പിക്കുന്ന ഒരു സെക്കണ്ടറിവിദ്യാഭ്യാസപദ്ധതിക്കു മദ്രാസ് സർവ്വകലാശാലയുടെ അംഗീകാരം ലഭിക്കയോ മലയാളരാജ്യത്തിനു പ്രത്യേകമായി ഒരു സർവ്വകലാശാല ഉണ്ടാകയോ ചെയ്യുന്നതുവരെ നമുക്കു ഇന്നത്തെ രീതിയിൽ നിന്നു മാറുന്നതിനു സൗകര്യമില്ലാതെയാണിരിക്കുന്നതു്. നമ്മുടെ വിദ്യാർത്ഥികളുടെ നന്മയേയും മാതൃഭാഷയുടെ ഉൽക്കർഷത്തെയും പരിഗണിക്കുമ്പോൾ ഒരു മലയാളസർവ്വകലാശാല അനുപേക്ഷണീയമെന്നു വന്നുകൂടും.

*  *  *

ജപ്പാനിലെ വാണിജ്യവ്യവസായങ്ങളെ പരാമർശിച്ചു ഈയിടെ ബാംബയിൽവച്ചു നടന്ന മി. എം. സെൻഡായുടെ ഒരു പ്രസംഗം ശ്രദ്ധാർഹമായ ചില വാസ്തവങ്ങളെ ചൂണ്ടിക്കാണിക്കുന്നു. മൂലധനത്തിന്റെ ദൌർല്ലഭ്യം, പലിശയുടെ കൂടുതൽ, വിദേശങ്ങളിൽനിന്നു യന്ത്രോപകരണങ്ങൾ ഇറക്കുമതിചെയ്യുന്നതിനുവേണ്ടിവന്ന മുതൽമുടക്കം, എൻജിനീയറന്മാരുടെ വൈദഗ്ദ്ധ്യക്കുറവ്, പ്രകൃതിവിഭവങ്ങളുടേയും അസംസ്കൃതസാധനങ്ങളുടേയും കുറവു്, ജപ്പാനിലെ സ്ഥലക്കുറവു എന്നിങ്ങനെ പല പ്രതിബന്ധങ്ങളെയാണു് ജപ്പാനു വ്യവസായാഭിവൃദ്ധിയിൽ അഭിമുഖീകരിക്കേണ്ടതായിവന്നതു്. പക്ഷെ അവർ സ്വന്തംയന്ത്രങ്ങളുണ്ടാക്കി; കുറഞ്ഞപലിശയ്ക്കു പണവും ഈയിട സുലഭമായിത്തീർന്നു വ്യാവസായികപുനസ്സംഘടനയിൽ ജപ്പാൻ പാശ്ചാത്യരെക്കാൾ അല്പമെങ്കിലും മുന്നണിയിലാണു്. ലേബർപരിതഃസ്ഥിതിക‍ൾ ജപ്പാനിൽവളരെ അനുകൂലമാകുന്നു. ജപ്പാൻതൊഴിലാളികൾക്കുകിട്ടുന്ന കൂലികൊണ്ടു അവർ അത്യന്തം സംതൃപ്തരായി കഴിയുന്നു. അതാണു കാര്യക്ഷമതയെ വർദ്ധിപ്പിക്കുന്ന വലുതായ സംഗതി. ഗവണ്മെന്റു നിർബന്ധിതപ്രാഥമികവിദ്യാഭ്യാസം നടപ്പാക്കിയിട്ടുണ്ടു്. തൊഴിലാളികളുടെയിടയിൽ നിരക്ഷരതപാതീരെ ഇല്ല. പാശ്ചാത്യലോകത്തിലെസാധാരണതൊഴിലാളികളെക്കാൾ കൂടുതൽ വിദ്യാഭ്യാസം ജപ്പാനിലെ സാധാരണതൊഴിലാളികൾക്കുണ്ടു്. സാങ്കേതികവിദ്യാഭ്യാസവും പുരോഗമനം ചെയ്തുവരുന്നു. ഇതെല്ലാമാണുപോൽ ജപ്പാന്റെ വ്യവസായവും വാണിജ്യവും ബാഹ്യലോകത്തോടു ഇത്ര ശുക്ഷമായി മത്സരിക്കുന്നതിനും വിജയിക്കുന്നതിനുമുള്ള ഹേതുക്കൾ. ഒരു നേഷൻ എന്നനിലയിൽ സ്വാതന്ത്ര്യവും ഉൽക്കടമായ അഭിവൃദ്ധിവാഞ്ഛയും പരിശ്രമവും യോജിച്ചാലുണ്ടാകാവുന്ന മഹനീയഫലങ്ങളെ ജപ്പാൻ ഉദാഹരിക്കുന്നു.

*  *  *  *

കച്ചവടസംബന്ധമായി സിലോൺനിമിത്തം നമുക്കുണ്ടായിക്കൊണ്ടിരിക്കുന്ന അവശതകളുടെ കൂട്ടത്തിൽ, ഇന്ത്യാക്കാരെ സാരമായി ബാധിക്കത്തക്കവിധത്തിൽ സിലോൺ പാസ്സാക്കാൻപോകുന്ന ഒരു ഭൂനിയമം വളരെ പരിഭ്രമജനകമായിരിക്കുന്നു. സിലോണിലുള്ള ക്രൌൺവകയായ ഭൂമിയുടെ അന്യാധീനപ്പെടുത്തൽസംബന്ധിച്ചു ലാൻഡ്കമ്മീഷൻ ചില ശുപാർശകൾ ചെയ്കയും ഈ ശുപാർശകളെ അടിസ്ഥാനമാക്കി ഒരുബിൽ രൂപീകരിക്കയും ചെയ്തു. ഈ ബില്ലിൽ സിലോൺകാർ എന്നപദത്തെ നിർവ്വചിച്ചിരിക്കുന്നതു് ഇന്ത്യാക്കാരെ ഒഴിവാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു്. ഈ നിർവ്വചനത്തേയും വ്യവസ്ഥകളേയും പ്രതിഷേധിച്ചു സിലോണിലെ ഇന്ത്യൻഏജന്റു കമ്മീഷന്റെ മുമ്പാകെ മൊഴികൊടുക്കയും ഇന്ത്യാഗവർമ്മേണ്ടു മുഖേന നിവേദനംചെയ്കയും ചെയ്തെങ്കിലും ഫലമൊന്നുമുണ്ടായതായിക്കാണുന്നില്ല. സിലക്റ്റുകമ്മിററി റിപ്പോർട്ടു ചെയ്തുകഴിഞ്ഞിരിക്കുന്നബിൽ, ഇന്ത്യാക്കാരെ സംബന്ധിച്ചിടത്തോളമുള്ളനിലയ്ക്കു യാതൊരു മാററവും വരുത്തിയിട്ടുമില്ല. ആയുഷ്കാലംമുഴുവൻ സിലോൺഗവണ്മെന്റിനുവേണ്ടി ജോലിചെയ്തിട്ടുള്ളഏവക്കും സിലോണിൽസ്ഥിരവാസത്തിനുള്ള സൗകര്യങ്ങളനുവദിക്കേണ്ടതാണെന്നു ലാൻഡ്കമ്മീഷൻതന്നെ ശുപാർശചെയ്തിട്ടുണ്ടു്. ഇന്ത്യാക്കാക്കു ഹാനികരമായവിധത്തിൽ സിലോണിലെ യാതൊരു നിയമങ്ങളെയും റദ്ദുചെയ്കയോ ഭേദഗതി ചെയ്കയോ ചെയ്യുന്നതല്ലെന്നു ഭരണപരിഷ്കാരം നടപ്പിൽവരുത്തിയ സന്ദർഭത്തിൽ കൊളോണിയൽസിക്രട്ടറിയും പ്രതിജ്ഞചെയ്തിട്ടുണ്ടു്. എന്നിരുന്നിട്ടും സിലോണിലേക്കു് ആകർഷിച്ചുവരുത്തുകയും, സിലോൺ സ്ഥിരവാസസ്ഥാനമായി കരുതുന്നതിനു പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തിട്ടുള്ള നിരവധി ഇന്ത്യാക്കാരെ ചില കാര്യങ്ങളിൽ സിലോൺകാരായി ഗണിക്കുന്നതല്ലെന്നാണു വരാൻപോകുന്നതു്. ഇന്ത്യക്കാരുടെ കുടിയേറിപ്പാർപ്പു സിലോൺഗവണ്മെന്റു നിരോധിക്കുന്നതിൽ ആക്കും പരാതിയില്ല. സേവനംകൊണ്ടു സിലോണിൽ ജനിച്ചുവളർന്നവരെപ്പോലെ ഗണിക്കപ്പെടുവാൻ അർഹിക്കുന്ന ഇന്ത്യാക്കാരെ ഇപ്രകാരം വിവേചനംചെയ്യുന്നതു കേവലം അനീതിയാണെന്നേ പറവാനുള്ളു.

*  *  *  *

ഇംഗ്ലണ്ടിലെ മുൻസിപ്പൽതെരഞ്ഞെടുപ്പുകളിൽ ലേബർകക്ഷിക്കു വിജയം ലഭിച്ചുകാണുന്നതു് ലോകത്തിലെ പുരോഗമനകാംക്ഷികളെ സന്തോഷിപ്പിക്കാനിടയുണ്ടു്. മുൻസിപ്പൽ പരിഷ്കരണകക്ഷി എന്ന പേരിൽ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽനിന്നു പൊരുതിയ കൺസർവേറ്റിവുകക്ഷിക്കു് എവിടേയും ഭീമമായ പരാജയമാണുണ്ടായതു്. ഈ സാമ്പത്തികവൈഷമ്യകാലത്തു സോഷ്യലിസ്റ്റുകക്ഷിക്കു വോട്ടുകൊടുക്കുന്നതു് ആപൽക്കരമാണെന്നും അവർ ഇന്നത്തെ സമുദായഘടനയെയും സാമ്പത്തികവ്യവസ്ഥയെയും അടിച്ചുടയ്ക്കുമെന്നും മററുമുള്ള വാദങ്ങൾ കൊണ്ടു സമ്മതിദായകന്മാരെ വശപ്പെടുത്തുവാൻ കൺസർവേറ്റിവുകക്ഷി കണക്കറ്റു ശ്രമിച്ചിരുന്നു എന്നും എന്നാൽ സമ്മതിദായകന്മാർ പൊതുവേ അതിനു വഴിപ്പെട്ടില്ലെന്നും കാണുന്നു. ലേബർസ്ഥാനാർത്ഥികളായി നിന്ന ഇൻഡ്യാക്കാരരായ ഡാക്ടർ സി എൽ. കത്യാലിനെയും ഇൻഡ്യാലീഗുസിക്രട്ടറി മി. കൃഷ്ണമേനവനേയും തിരഞ്ഞെടുത്തിരിക്കുന്നു. ഭാരതീയരെ ഈ സ്ഥാനത്തേക്കു തിരഞ്ഞെടുത്തിരിക്കുന്നതു് ഇതാദ്യമായിട്ടാണെന്നുള്ളതും പ്രസ്താവ്യമാണു്.

---



മഹാത്മാഗാന്ധി 48-ാമത്തു ഭാരതമഹാജനസഭയിലേക്കുള്ള തന്റെ പ്രമേയത്തെ ഉചിത ഭേദഗതികൾസഹിതം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ബാബു രാജേന്ദ്രപ്രസാദ് ആ രംഗത്തെവീക്ഷിച്ചുകൊണ്ടിരിക്കുന്നു.

G. S. A.



വിഷയനിർണ്ണയക്കമ്മിററിയോഗം കഴിഞ്ഞു ...
... സർദാർ വല്ലഭായിപട്ടേൽ എന്നി...
... തങ്ങളുടെ വാസസ്ഥാനങ്ങ...



ബാലന്മാർ പ്രസിഡന്റ...

പ്രസിഡന്റു റൂസ്‌വെൽട്ടു ന്യൂയാക്കിൽ ഹൈഡ്‌പ...
അദ്ദേഹത്തിനു നൽകിയ സ്വീകരണം. അദ്ദേഹ...




മഹാകവി രവീന്ദ്രനാഥടാഗോർ ഈയിടെ മദ്രാസ് സന്ദർശിച്ചഅവസരത്തിൽ മദ്രാസ് കാർപ്പൊറേഷൻമേയറും കൌൺസിലറന്മാരും മംഗളപത്രം സമർപ്പിച്ചതു സംബന്ധിച്ച് എടുത്ത ചിത്രം.

P. N. A.



മഹാത്മാഗാന്ധി, മണിബെൻപട്ടേൽ,
ിവർ കാൺഗ്രസ്സ്‌നഗരിലെ
ളിലേക്ക മടങ്ങുന്നു.

G. S. A.



ബാംബെയിൽവച്ചു നടന്ന് അഖിലേന്ത്യാ വർഗ്ഗീയതീരുമാനനിഷേധകാൺഫറൻസിൽ
ആദ്ധ്യക്ഷം വഹിക്കവാനായി ബാബു രാമാനന്ദചാററർജി ബാംബെയിലെത്തിയ
പ്പോൾ സെൻട്രൽസ്റ്റേഷനിൽവച്ചു സ്വീകരിച്ചു ഹാരമണിയിച്ച രംഗം.

G. S. A.



റിനെ സ്വീകരിക്കുന്നു.

ാക്ക സന്ദർശിച്ചപ്പോൾ അവിടത്തെ ബാലന്മാർ
സ്മരവദനനായി അവരോട്ട കശലം ചോദിക്കുന്നു.

U. P- S.



മഹാകവി രവീന്ദ്രനാഥ ടാഗോർ തന്റെ മദ്രാസ് സന്ദർശനത്തിൽ
മദ്രാസ്‌വിദ്യാർത്ഥികളെ ഉദ്ദേശിച്ചു പ്രസംഗം നട
ത്തിയ അവസരത്തിലെ ഗ്രൂപ്പ്.

P. N. A.

# ഉത്തരങ്ങൾ.

(കഴിഞ്ഞലക്കം ചിത്രവാരികയിലെ 'പ്രശ്ന'ത്തിനുകിട്ടിയതു്.)

പാന

മധുരവാണിയാമെൻചിത്രവാരികേ!
പുതിയരീതികൾകൈക്കൊണ്ടബാലികേ!
തവമനോഹരപ്രശ്നത്തിനുത്തരം
ഭുവനമോഹനമാം "മധുരാപുരി"
ഉറവുനോക്കുകിലീവർണ്ണപഞ്ചകം
മറുചോദ്യത്തിനുംതരുമുത്തരം

നേമം കെ. പരമേശ്വരൻപിള്ള.

അവികലവർണ്ണങ്ങളഞ്ചുമഞ്ചും
സുവിദിതനാമത്തിൽകണ്ടിടുന്ന
അതുലശ്രീഭാസിക്കുംനിന്നെക്കാണാൻ
കുതുകിയായിട്ടിതാകുമ്പിടുന്നേൻ
വിരവിൽ 'പുരാരി'യെക്കാൺമുനാലോ-
ടൊരുമിച്ചുമൂന്നഞ്ചുനിന്നിടുമ്പോൾ
അതുപോലെഒന്നുരണ്ടഞ്ചുനാലിൽ
'മധുരിപു'തന്നെയുംകണ്ടിടുന്നേൻ.
വിലയേറുംവർണ്ണംമൂന്നൊന്നതൊന്നായ്
വിലസുന്നരാമമായ് 'രാമ'യായി
കപിതയാകൊല്ലുനിന്നഞ്ചുംനാലും
'രിപു'വല്ലോകാണേണ്ട, കാണിപോലും
തിരയാതെകണ്ടേൻ 'പുരാ' തിളങ്ങും
വരവർണ്ണയുഗ്മത്തെ നാലുംമൂന്നും
ഇതുമട്ടിൽദ്യുതിയുതങ്ങളെല്ലാലിയും
പുതുമയുംപൂണ്ടമുഖത്തിൽനിന്നും
ചതുരമാംമൂട്ടുപടത്തെമാററു
"മധുരാപുരി"യല്ലോനീമനോജ്ഞ!

കെ. കെ. വേലായുധൻപിള്ള ബി. എ.

മഞ്ജുള'മധുരാപുരി'യെത്തിടാം
സഞ്ചയിച്ചോരുപകരണങ്ങളാൽ
അഞ്ചിതഗോപുരമെഴുമപ്പുര-
സഞ്ചരണത്തിനായികൊതിപ്പു ഞാൻ.
അഞ്ചുവർണ്ണങ്ങളഞ്ചിടുമാല്യയിൽ
അഞ്ചിടുന്നുവിവിധാർത്ഥനാമവും
നാലുമൂന്നഞ്ചുവർണ്ണമടുക്കിവ-
ച്ചാലപിക്കുകിൽകാണാം "പുരാരി"യെ
ഒന്നുരണ്ടഞ്ചുനാലും "മധുരിപു"-
നന്ദഗോപത്തലവനെക്കാട്ടിടും.
മാനിനീമണിമാററിയററിടുവാൻ
മൂന്നുമൊന്നുംകലർന്നിടാം "രാമ"യായ്
കോപമേലും'രിപു'വായ്ച്ചമഞ്ഞിട-
ഞ്ഞഞ്ചുനാലുവർണ്ണങ്ങൾവിളങ്ങിടാം.
നേരിയതിരനോട്ടത്തിലോർക്കുകിൽ
നാലുമൂന്നും"പുരാ"യെന്നുതോന്നിടും.

എസ് പി. ഇരണിയൽ.

അവികലവർണ്ണങ്ങളഞ്ചുചേർന്ന-
സ്സുവിദിതനാമംശ്രവിച്ചുകൊൾക
ഉരുതരംനാലുമൂന്നഞ്ചുവർണ്ണം
കലരും'പുരാരി'യാംശംഭുനാമം
പരിചോടെഞ്ഞൊന്നുരണ്ടഞ്ചുനാലു
ലിപികളെച്ചേർക്കുമ്പോൾവന്നിടുന്ന
'മധുരിപു'വർണ്ണമക്കൊണ്ടൽവർണ്ണ-
നുതകുന്നനാമമായ്വന്നിടുന്നു
മഹിളാമണികൾക്കുമാററയറും
മഹിതമാംപര്യായം മൂന്നുമൊന്നും
അറിയുന്നുഭൂവിൽജനങ്ങളെല്ലാം-
മൊരുപോലെ 'രാമ' എന്നുള്ളശബ്ദം
വിലയേറുംവർണ്ണങ്ങളഞ്ചുനാലും
സുലഭമായ്ചേർത്തതിൽകണ്ടിടുന്നു
അരിശമെഴുന്നവിരോധിയാകും
'രിപു'വർണ്ണമെന്നുനിസ്സംശയംതാൻ
ശരിയായിനാലുമൂന്നൊത്തുചേർന്നാൽ
വരുമേ'പുരാ'ശബ്ദംപണ്ടെപ്പോലെ
ഇതുമട്ടിൽദ്യുതിയുംഭൂരിശ്രീയും
പുതുമയുമുള്ളൊരിപ്പുരന്നിങ്ങൾ
അതുലശ്രീഭാസിച്ചുപോരുംനല്ല
'മധുരാപുരി'യെന്നുകേട്ടുകൊൾക.

വൈദ്യകലാനിധി പി. കെ. വാസുദേവൻ മങ്ങാട്ട്,

സുരഭിലാനന്ദപ്പൂലരിപോൽനീ
'മധുരാപുരി' പഞ്ചവർണ്ണമത്രേ
മധുരമീനാക്ഷിപരിലസിക്കെ,
അഹിതമില്ലാർക്കുംനിൻപേരിലൊട്ടും,
അതിലുള്ള, നാലുമൂന്നഞ്ചുവർണ്ണം
ഒരുമിച്ചിടുമ്പോൾ 'പുരാരി'യാകും
സരസമാമൊന്നുരണ്ടഞ്ചുനാലും,
'മധുരിപു'വെന്നമധുരനാമം,
സുഭഗമാംവർണ്ണങ്ങൾമൂന്നുമൊന്നും.
തരുണിയ്ക്കു'രാമ' നാമധേയം
ലിപിയഞ്ചുംനാലുമായ്, ചേർന്നിടുകിൽ
'രിപു'വായിത്തീരുംതിരഞ്ഞിടേണ്ട,
അതിരമ്യംനാലോടുമൂന്നുമൊത്താ-
ലതു 'പുരാ' യെന്നുപുരാണം,ചൊൽവൂ
ഇതുവിധംനിൻവർണ്ണംമാററിമാററി
ചതുരതയോടെപുലർത്തിടുവാൻ
സരളേനീകൈരളീദാസമാസ്യം
പതിവായിപാലിച്ചു വെൽവൂതാക.

പൊൻകുന്നം പി. ജെ. സെബാസ്ററ്യൻ.

സരസനാംകൈരളീദാസൻതന്നാൽ
വിരചിതമായൊരുചിത്രപ്രശ്നം
പരിചോടുചിന്തിക്കിലൊത്തുകാണാം
ശരിയായിശ്രീ 'മധുരാപുരി'യിൽ.

കെ. രാമകൃഷ്ണപിള്ള പറങ്കിവയലിൽ.

'മധുരാപുരി'യെന്നുസഖീ കർണ്ണ-
മധുരമാണല്ലോനിൻനാമധേയം.
ചതുരത്രയപഞ്ചവർണ്ണത്താലെ
ചതുരം! 'പുരാരി' ശിവനായീടും.
'മധുരിപു' കൊണ്ടൽവർണ്ണൻതന്നെ,
അതിലന്ത്യമാം 'രിപു' ശത്രുതന്നെ.
മതിമോഹിനിമാർക്കുമാററിയറും
മതിരമ്യം 'രാമ' യെന്നുള്ളനാമം
ഒരുമിച്ചുചേർന്നാൽനാലുംമൂന്നും
വരുമേ 'പുരാ' യെന്നു, പണ്ടെന്നർത്ഥം.
അതിചിത്രം! നിന്നുടെനാമധേയം—
മതിതോഷദായകം—മംഗളം തേ!

കുന്നത്തു എസ്സ്. കൃഷ്ണൻനായർ, ആലുവാ

ചേണുററൊരാരുകപദമോത്തുമുറിച്ചുകൊണ്ടാൽ
കാണും; പുരാരി രിപു, രാമ, പുരാ,ദിയെല്ലാം
വന്നീടുമാ, മധുരിപു, "മധു" വെന്നുവേറെ-
കിട്ടും "പുരി"ക്കു, "മധുരാപുരി"യുത്തരംകേൾ.

പി. കൊച്ചുകുട്ടിഅമ്മ അധ്യാപിക വെള്ളൂർ.

ഉരപേറിടുംപഞ്ചവർണ്ണങ്ങളാൽ
വിരചിതമല്ലോനിൻനാമധേയം
വിരവോടുനാലുമൂന്നഞ്ചുവർണ്ണം
സ്വരൂപിക്കിലുണ്ടാം "പുരാരി" ശബ്ദം
അതുമട്ടൊന്നുംരണ്ടുമഞ്ചുനാലും
"മധുരിപു"വെന്നപദത്തെനൽകും.
മഹിളാജനത്തിനുമേന്മകൂട്ടും.
മഹിതമാംപര്യായം "രാമ"തന്നെ.
അരിയൊരുവർണ്ണങ്ങളഞ്ചുംനാലും—
നേമമെന്നപുരത്തിൽകുടികൊള്ളും
കെ. പരമേശ്വരപ്രോക്തമാണിതു്.
ഇത്ഥമഞ്ചാർത്ഥസങ്കലിതാഢ്യയാ-
ലുത്ഥിതപ്രശ്നകർത്തൃതചേററിടും,
'കൈരളീദാസ'മുത്തേ! ക്രമോൽഗത-
സ്വൈരചിന്താസുമഗന്ധമേറുമേൽ,
ഭൂരിശോഭിക്കുകെൻ'മധുരാപുരി'
സാരഥി 'ചിത്രവാരിക'യ്ക്കൂടനീ.
ശരിയായിചേർക്ക 'രിപു'വുമുണ്ടാം.
തിരയേണ്ടപിന്നെയുംനാലുംമൂന്നും
തരസായോജിച്ചാൽ "പുരാ" ലഭിക്കും.
"മധുരാപുരി"യെന്നുവിശ്വമെച്ചാം
വിദിതമാംനിന്നുടെദർശനത്തിൽ
അവികലകൌതുകംപൂണ്ടുലോകം
തവസവിധംനിത്യംപ്രാപിക്കുന്നു.

കാരക്കോണം പി. വേലുപ്പണിക്കർ.

ഉരചെയ്യാംപ്രശ്നത്തിനുത്തരംഞാ-
നൊരുകൊച്ചുവിദ്യാർത്ഥിയ്ക്കുമായവണ്ണം.
'മധുരാപുരി'യതുകണ്ടിടാനാ-
യധികമെനിക്കുണ്ടുവാഞ്ഛയുള്ളിൽ,
ശിവനാമമല്ലോ. 'പുരാരി', മാമാ-
ധവനെ 'മധുരിപു' വെന്നുരപ്പൂ;
സതിമാർമണിയഭി'രാമ', വൈരി-
യ്ക്കുതിലുണ്ടുപാർക്കിൽ 'രിപു' പദവും,
ഇനിയും, 'പുരാ' കീർത്തികേട്ടതത്ര
മനതാരുകൊണ്ടുഞാൻ കണ്ടദേശം.
മധുരാപുരിയിലടങ്ങിടുന്നീ-
വിധമുള്ളതൊക്കെയഥാക്രമത്തിൽ
പലതെററുമൂഹത്തിൽ വന്നുപോകി-
ലലിവിയന്നെന്നിൽ ക്ഷമയേകുമിൻ.

ടി. അപ്പുണ്ണി മാഡൽസ്ക്കൂൾ.

കൈരളീദാസനാംമാന്യൻ
കൈരളിയ്ക്കുതന്നതാം
മാധുര്യമേറുമാപ്രശ്നം
മധുരാപുരിയെന്നുതാൻ!

ചിറയിൻകീഴ് പി. വാസുദേവൻപിള്ള.

കലകളെദയവംവിപുലമാക്കാൻ
'മലയാളരാജ്യം' തുനിഞ്ഞീടുന്ന
വിലയേറുംനല്ലപരിശ്രമങ്ങൾ
പലതുമിതേവിധംകണ്ടിടട്ടെ
മധുരിമചേരുന്നവർണ്ണമഞ്ചും
'മധുരാപുരി'യെന്നുതോന്നിടുന്നു
അവകളിൽനാലുംമൂന്നഞ്ചുംകൂടി
ശിവനുടെനാമം'പുരാരി'യെന്നു്
അപിചപിന്നൊന്നുരണ്ടഞ്ചുംനാലും
ലിപികളൊന്നിക്കിൽ'മധുരിപു'വാം
മഹിളമാർക്കേററവുംമാററുചേർക്കും
മഹനീയവർണ്ണങ്ങൾമൂന്നുമൊന്നും
ഒരുമിച്ചാൽകാണാകും 'രാമ' യെന്നു്
നിരുപിക്കുന്നാക്കിതറിഞ്ഞുകൂട്ടും
"അരിശമെഴുന്നവിരോധികൾക്കു-
ണ്ടരിയൊരുവർണ്ണങ്ങളഞ്ചുംനാലും"
'രിപു'വെന്നുവന്നീടും, നാലുംമൂന്നും
അപരനാമം 'പുരാ' പണ്ടിനുള്ള
മധുരകാണാത്തോൻ കഴുതയെന്നു്
ബധിരനുമാത്രമസംശയമായ്
സുധികൾചൊന്നെന്നുനാമിടെയെന്നും
നിധിയുടെമാധുര്യജനതപോലെ.

കിടങ്ങറ എസ്. നാരായണൻ.


"മധുരാപുരി"; നിൻപ്രഭാവമോരാ-
തധുനാധുന കരാരാനുമുണ്ടോ?
തവവർണ്ണംനാലുമൂന്നഞ്ചുമൊത്താൽ
ശിവനാം 'പുരാരി'യായ് തീർന്നിടുന്നു.
അതുപോലെയൊന്നുരണ്ടഞ്ചുനാലും
'മധുരിപു'വായുംപരിണമിപ്പൂ.
ശരിയായിമൂന്നോടുമൊന്നുചേർന്നു
വരികിലോ 'രമ' യായുംഭവിപ്പൂ.
ലിപിയഞ്ചുംനാലുമൊരുമിച്ചീടിൽ
'രിപു'വായുംഭാവംപകർന്നിടുന്നു.
ഒരുമിച്ചുനാലെത്തുമൂന്നോടെങ്കിൽ
വരുമേ 'പുരാ' യെന്നുതന്നെനൂനം.

നാണുപ്പണിക്കർ, പൊൻകുന്നം.

അകളങ്കഭാസ്സാർന്നുഭാരതത്തിൽ
പുകൾപെററപുണ്യപുരാണരംഗം
മധുമാഥിമംഗലശ്രീയുയർത്തും
"മധുരാപുരി"ക്കുനമിച്ചിടുന്നു
അഗതികൾക്കാനന്ദമേകുവാനായ്
നിഗമത്തിൻകാതലാമാ"പുരാരി"
വിജ്ഞാനദീപപ്രകാശവാസ്സു-
ലജ്ഞാനമാകെയകററിമന്നാം
ത്രിപുരന്മാർലോകംതികഞ്ഞുകാണും
മദ,മോഹ,മാത്സര്യമാണപാർത്താൽ
മധുമത്യക്കാപത്തുചേർത്തിടാതെ
പരിവർജ്ജിച്ചീടുവാനമ്മഹാത്മാ-
മധുമാഥിനമ്മോടുരച്ചമൂലം
"മധുരിപു"വെന്നുവിളിയ്ക്കുയാകാം
അഭി"രാമ"ഭൂമിയാംഭാരതത്തി-
നടിമത്വമായ"രിപു"പ്രതാപം—
ചിരതാപംചേർത്തുസുമന്ദഹാസ-
രുചിയുവുമോമൽമുഖാംബുജത്തിൽ
അതിനാൽ"പുരാ"വൃത്തമോർത്തുനമ്മ
ളതിമാത്രംഖേദിയന്നിടാതെ—
അടരാടിലമ്മതൻസ്വാതന്ത്ര്യത്തിൻ
കൊടിവാനിൽപാറിക്കളിക്കുമത്രെ.

വി. കെ. ഗൗരിക്കുട്ടിയമ്മ, തട്ടയിൽ)

[വ്യവസ്ഥകൾക്കു വിപരീതമായും താമസിച്ചും കിട്ടിയ ഉത്തരങ്ങൾ പ്രസിദ്ധപ്പെടുത്താൻ സാധിക്കാത്തതിൽവ്യസനിക്കയും ഉത്തരം അയച്ചവരോട് നന്ദിപറകയും ചെയ്യുന്നു.]




## ഭാരതം.

ജായിന്റ പാർലമെന്ററികമ്മററിറിപ്പോർട്ടിന്റെ ഒരു പ്രതി ഒരു പ്രത്യേകസന്ദേശവാഹകൻ വശം ഇന്ത്യയിലേക്കയച്ചിരിക്കുന്നതായി അറിയുന്നു. അതിൽ 350–വശങ്ങൾ ഉണ്ട്. റിപ്പോർട്ടു നവംബർ 20–ാംനു- ബാംബെയിൽ എത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. അതിനുശേഷം അതു് എയർമെയിൽമാർഗ്ഗം റംഗൂണിലേക്കും ഇന്ത്യയുടെ നാനാഭാഗത്തേക്കും അയയ്ക്കുന്നതാണു്.

* * *

ഹിന്ദിപ്രചാരത്തിന്റെ പുരോഗതിയെ ലാക്കാക്കി ഡിസംബർ 2–ാം തീയതിമുതൽ 9–ാം തീയതിവരെ ഹിന്ദിപ്രചാരവാരമായി ആഘോഷിക്കുന്നതാണെന്നും, ആന്ധ്റ, തമിഴ്നാട്, കർണ്ണാടകം, കേരളം എന്നീ നാലു ദിക്കുകളിലും ഈ ആഘോഷം നടത്തുന്നതാണെന്നും അതിലേക്കു സ്വാധീനശക്തിയുള്ള ഒരു കമ്മററിയെ രൂപീകരിച്ചുവരുന്നു എന്നും ദക്ഷിണഭാരത ഹിന്ദിപ്രചാരസഭയുടെ സെക്രട്ടറി എഴുതുന്നു.

* * *

### ബഹുമതി.



ശ്രീമതി ലക്ഷ്മീദേവമ്മ എന്ന ഈ മഹതിക്കു് മൈസൂർ മഹാരാജാവുതിരുമനസ്സുകൊണ്ടു കല്പിച്ചു് "ധർമ്മപരായിണി" എന്ന ബഹുമതി നൽകിയിരിക്കുന്നു. ധർമ്മസ്ഥാപനങ്ങൾക്കും മററുമായി ഈ മഹതി ഒരു വമ്പിച്ചതുക ദാനംചെയ്തിട്ടുണ്ടു്. ഈയിടെ മാതൃ, ശിശുസംരക്ഷണാദികൾക്കായി ഇവർ 60000–ക. ദാനംചെയ്തുകയുണ്ടായി.

U. P. S.

* * * *

കള്ളരൂപാ ഉണ്ടാക്കാൻഅതിവിദഗ്ദ്ധനായ ഒരു പ്രതി മൂർംട്ടാൻഡിസ്ത്രിക്റ്റമജിസ്ത്രേട്ടിന്റെ കോടതിയിൽവച്ചു് കള്ളരൂപായുണ്ടാക്കി കാണിച്ചിരിക്കുന്നു. പ്രസ്തുത പ്രതി തന്റെ കുററം സമ്മതിക്കയും തന്റെ സാമർത്ഥ്യം പ്രദർശിപ്പിക്കാൻ കോടതിയോടു അനുവാദം ചോദിക്കയും ചെയ്തു. അനുവാദം കൊടുക്കയും അനേകം ഉദ്യോഗസ്ഥന്മാർ മേൽനോട്ടം വഹിക്കയുംചെയ്തു. അരമണിക്കൂർകൊണ്ടു പ്രതി ഒരു രൂപായുടെ പണിതീർത്തു. ഗവണ്മെന്റ ട്റഷറർ ഈ നാണയം പരിശോധിക്കയും നല്ലതെന്നു സാക്ഷ്യംവഹിക്കയും ചെയ്യുകയുണ്ടായി.

* * * *

ലണ്ടനിലെ മാഞ്ചസ്റ്റർഗാർഡിയൻപത്രം അതിന്റെ മുഖപ്രസംഗത്തിൽ ഇങ്ങനെ എഴുതുന്നു "ഓരോ നേതാവും അനുപേക്ഷണീയനാണു്. ഓരോ നേതാവിന്റെയും കുറവു് എങ്ങനെയോ പരിഹരിക്കപ്പെടുന്നു. മി. ഗാന്ധിയുടെ കാര്യവും അങ്ങനെയായിരുന്നേക്കാം. ബ്രിട്ടനുമായുള്ള സമരത്തിൽ ഇന്ത്യയുടെ സാന്മാർഗ്ഗികബോധത്തെ അതിന്റെ അത്യുച്ചാവസ്ഥയിൽ പ്രതിനിധീകരിച്ചതോടെ അദ്ദേഹത്തിന്റെ യഥാർത്ഥജോലി തീർന്നു "അദ്ദേഹം ഒരു രാഷ്ട്രീയമരുഭൂവിലേക്കു പിൻവലിഞ്ഞേക്കാം. എന്നാൽ അദ്ദേഹത്തിന്റെ ചെവിയിലെത്തുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിനു് സ്വീകാര്യമല്ലാതായിത്തീരുന്ന ഒരു ഇന്ത്യൻഭരണരീതിയോടു് ആക്കും അസൂയ ഉണ്ടാകാനിടയില്ല."

* * *

ഇന്ത്യയിലെ കമ്മ്യൂണിസ്റ്റപാർട്ടി അതിന്റെ കമ്മററികൾ, സബ്കമ്മററികൾ, ബ്രാഞ്ചുകൾ എന്നിവയെല്ലാം നിയമവിരുദ്ധമാണെന്നുള്ള ഇന്ത്യാഗവണ്മെന്റിന്റെ കമ്മ്യൂണിക്കിനെ തുടർന്നു ബാംബെ ഗവണ്മെന്റ താഴെപറയുന്ന സംഘടനകളെ നിയമവിരുദ്ധമാക്കിയിരിക്കുന്നു 1 ബാംബെ യംഗ്‌വർക്കേഴ്സ്‌ലീഗ് (യുവപ്രവർത്തകസംഘം) 2. ബാംബെ ലാൽ ബവ്ത്തഗിർണികാം ഗാർയൂണിയൻ, 3. കാംഗാർ വാങ്മയപ്രസാരകമണ്ഡലം, 4. ബാംബെ മാർക്സിസ്റ്റ് ലീഗ്കമ്പനി 5. മിൽമസ്ദൂർ യൂണിയൻ (അഹമ്മദബാദു്) ഇവയൊന്നും യഥാർത്ഥത്തിൽ തൊഴിൽസംഘടനകളല്ലെന്നു ഗവണ്മെന്റ പരിശോധിച്ചറിഞ്ഞിരിക്കുന്നു എന്നു കമ്മ്യൂണിക്കിൽ പറയുന്നു. അവയെല്ലാം മുഴുവനേ കമ്മ്യൂണിസ്റ്റുകാരാൽ നിയന്ത്രിക്കപ്പെടുന്നു ഇന്ത്യയിലെ കമ്മ്യൂണിസ്റ്റപാർട്ടിയുടെ ഉദ്ദേശങ്ങളെയാണു് അവ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിരിക്കുന്നതു്.

* * * *



മി. കെ. ഗോപാലൻ, M. A., Dip. Econ. (Madras)B.Com., C.H. D. Manchester F. R. Econ. S (London) മദ്രാസിൽ സഹകരണസംബന്ധമായ വിദ്യാഭ്യാസം നൾകുന്നതിനായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന കാളേജിലെ പ്രിൻസിപ്പാലായി ഇദ്ദേഹത്തെ നിയമിച്ചിരിക്കുന്നു. തെക്കൻകർണ്ണാടകജില്ലയിൽ കാസർകോട്ടു ഒരു മാന്യ അരയകുടുംബത്തിലെ അംഗമാണു മി. ഗോപാലൻ ഇദ്ദേഹത്തിന്റെ ഒരു സഹോദരൻ മദ്രാസിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ ഒരു ഇൻസ്പെക്ടറും മറെറാരു സഹോദരൻ തലശ്ശേരയിൽ ഒരു സബ്‌രജിസ്ത്രാറുമാണു്.

* * *

ഗ്രാമീണവ്യവസായസംഘത്തിനുള്ള പ്ലാൻ തയാറാക്കുന്നതിൽ ഗാന്ധിജി അത്യന്തം വ്യാപൃതനായിരിക്കുന്നതായി അറിയുന്നു. കട്ടയുണ്ടാക്കുക തുടങ്ങി, കന്നുകാലിവളർത്തൽവരെയുള്ള ഗ്രാമീണവ്യവസായങ്ങളെപ്പററി അദ്ദേഹം അറിവുകൾ ശേഖരിക്കുകയാണു്. ഗ്രാമീണവ്യവസായസംഘത്തിന്റെ ജോലി ചെയ്യുന്നതിനായി കേന്ദ്രത്തിൽ ഒരു ബോർഡും അതിന്റെകീഴിൽ പ്രാവിൻസുകളിലും

### സ്വപ്രജകളുടെ സ്വീകരണം.



ദക്ഷിണേന്ത്യാ പര്യടനശേഷം തിരിച്ചെഴുന്നള്ളിയ കൊച്ചിമഹാരാജാവുതിരുമനസ്സിലേക്കു അത്തതിയിൽവച്ചു് തൃപ്പൂണിത്തുറ പൊതുജനങ്ങളുടെവക മംഗളപത്രം പഞ്ചായത്തുപ്രസിഡന്റു് മി. പാൾ വിളങ്ങാടൻ സമർപ്പിക്കുന്നതു്.

Royal Studio, Ernakulam. Courtesy Erigat Bros.

ഡിസ്ത്രിക്ടുകളിലും മററു ബോർഡുകളും ഉണ്ടായിരിക്കുന്നതാണ്. ഓരോ ഗ്രാമത്തിലും പരിശീലനമുള്ള പ്രവൎത്തകന്മാരെ അയക്കാൻ നിശ്ചയിച്ചിട്ടുണ്ട് ഓരോ പ്രവൎത്തകനും അയാളുടെ കഴിവുപോലെ 5 മുതൽ 15-വരെ ഗ്രാമങ്ങളിൽ പ്രവൎത്തനം നടത്താവുന്നതാകുന്നു. ഇങ്ങനെ രണ്ടു കൊല്ലത്തിനകം ഗ്രാമീണസാമ്പത്തിക സ്ഥിതിയെ പുനഃസംഘടിപ്പിക്കാമെന്നു ഗാന്ധിജി വിചാരിക്കുന്നു ഒരുമാസത്തിനകം പ്ലാൻ തയാറാക്കിക്കഴിയുമെന്നും വാൎദ്ധാആശ്രമത്തിലെയും പഴയ സബർമതി ആശ്രമത്തിലെയും നിവാസികളുടെ സഹായത്തോടെ ഗാന്ധിജി തന്റെ ജോലി ആരംഭിക്കുമെന്നും അറിയുന്നു. ഇവരെല്ലാം ഇപ്പോഴും ഇതരജോലികൾതന്നെ ചെയ്തുകൊണ്ടിരിക്കയാണ്. ഗാന്ധിജിയുടെ ഹെഡ്ക്വാർട്ടേഴ്സ് അഹമ്മദബാദ് ആയിരിക്കും. അവിടെ അദ്ദേഹം ഗവണ്മെന്റ് തിരിച്ചുകൊടുക്കുവാൻപോകുന്ന ഗുജറാത്ത് വിദ്യാപീഠമന്ദിരത്തിൽ താമസിക്കുന്നതാണ്.

* * *

ഇക്കൊല്ലം (1934-34) കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ച് കള്ളനാണയങ്ങളുടെ സംഖ്യ പൊതുവെ അല്പം കൂടുതലാണെങ്കിലും ബംഗാളും വേറെ രണ്ടുമൂന്നു പ്രാവിൻസുകളും ഒഴിച്ചു ബാക്കിസ്ഥലങ്ങളിൽ അതു വളരെ കുറവാണെന്നു കാണുന്നു. അസ്സാമിൽ 1932-33-ൽ 2078-ഉം, 1933-34-ൽ 2713-ഉം, കള്ളനാണയങ്ങൾമാത്രം വന്നിട്ടുള്ളതായി കാണുന്നു രണ്ടാമതായി ഏററവും കുറച്ചു കള്ളനാണയങ്ങൾ കിട്ടിയിരിക്കുന്നതു് സെന്റ്റൽപ്രാവിൻസുകളിൽ ആണ്. അവിടെ 1932-33-ൽ 4211-ം, 1933-34-ൽ 3535-ം ആണ് കിട്ടിയിരിക്കുന്നതു്. ബാംബെയിലും സിൻഡിലുമാണ് കള്ളനാണയങ്ങൾ ഏററവും കൂടുതലായി കണ്ടിട്ടുള്ളതു്. അവിടെ 1932-33-ൽ 32562-നാണയങ്ങൾ കിട്ടിയിട്ടുണ്ട് പഞ്ചാബിലെയും നാർത്ത്വെസ്ററ് ഫ്രാണ്ടിയർപ്രാവിൻസുകളിലെയും ഡെൽഹിയിലെയുംകൂടിയുള്ള സംഖ്യ 1933-34-ൽ 31613 ആണ്. ബംഗാളിൽ കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ച് 18584-ൽ നിന്ന് 3000-കൂടുതലായി 1933-34-ൽ കാണുന്നു ഇൻഡ്യയിൽ ആകെ 1932-33-ൽ കണ്ടുകിട്ടിയിട്ടുള്ള കള്ളനാണയങ്ങളുടെ സംഖ്യ 152,938-ം 1933-34-ൽ 154,516-ം ആണ്.

## കേരളം.

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ ഇരുപത്തിരണ്ടാമത്തെ ആട്ടത്തിരുനാൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഇക്കഴിഞ്ഞ ചൊവ്വാഴ്ച ആഡംബരപൂർവം ആഘോഷിച്ചിരിക്കുന്നു. തിരുമനസ്സിലേക്ക് ദീർഘായുസ്സും ആരോഗ്യവും ആശംസിച്ചു നിരവധി സമ്മേളനങ്ങളും, ദേവാലയങ്ങളിൽ വിശേഷാൽ വഴിപാടുകളും പ്രാർത്ഥനകളും നടന്നിരിക്കുന്നു.

* * *

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ട് തിരുമനസ്സിലെ തിരുനാൾ ബഹുമതിയായി റാവുസാഹിബ് ററി. പത്മനാഭറാവു അവർകൾക്ക് "ഉദാരശിരോമണി" എന്നും വാട്ടർവർക്ക്സ് ഇൻജിനീയർ മി. ബാലകൃഷ്ണറാവുവിന് "വസ്തുവിദ്യാകുശലൻ" എന്നുമുള്ള ബഹുമതികൾ നൽകിയിരിക്കുന്നു. തിരുവിതാംകൂർ രാജകുടുംബം ഇതിനുമുൻപും ബഹുമതിദാനങ്ങൾനൾകീട്ടുണ്ടെങ്കിലും ഏതാനും ദശവർഷങ്ങളായി നിറുത്തിവച്ചിരുന്ന പ്രസ്തുത പതിവു ചിത്തിരതിരുനാൾ മഹാരാജാവ് ഇപ്പോൾ തുടരുകയും, അർഹന്മാരായ രണ്ടു മാന്യന്മാൎക്കു ബഹുമതി നൽകുകയും ആണ് ചെയ്തിട്ടുള്ളതു്.

* * *



ചവറ മി: രാമകൃഷ്ണപിള്ളയാൽ നടത്തപ്പെടുന്ന തിരുവനന്തപുരം 'ഫ്റീതയ്യൽ' വിദ്യാലയം. ഹരിജൻഫണ്ടിൽനിന്ന് ഈ വിദ്യാലയത്തിലേയ്ക്കു പ്രതിമാസം ഒരു തുക സംഭാവനചെയ്തുവരുന്നു

* * * *

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഈയിടെയുണ്ടായ അഗ്നിബാധയെപ്പററി അന്വേഷണംനടത്തി റിപ്പോർട്ടുചെയ്യുവാൻ കൊല്ലം അസിസ്ററൻറുപേഷ്കാർ മി. കെ എൻ കേശവപിള്ളയേയും, പബ്ലിക്സർവീസ്കമ്മീഷൻ സംബന്ധിച്ചു ഹൈക്കോർട്ടുജസ്ററിസ് മി. ക്നോക്സിനേയും സ്പെഷ്യൽഡ്യൂട്ടിയിൽ നിയമിച്ചിരിക്കുന്നു.

* * *

കൽക്കട്ടായിൽ തുടങ്ങാൻ നിശ്ചയിച്ചിരിക്കുന്ന "സ്കൂൾ ആഫ് ഇന്ത്യൻ ആർക്കിടെക്ച്ചർ" സ്ഥാപനത്തിന്റെ രക്ഷാധികാരസ്ഥാനം കയ്യേൽക്കണമെന്ന് അതിന്റെ സിക്രട്ടറി തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ സന്നിധിയിൽ അപേക്ഷിച്ചിരിക്കുന്നു. കലകൾ, ശില്പശാസ്ത്രം ആദിയായ കാൎയ്യങ്ങളിൽ തിരുവിതാംകൂർ ഡർബാർ പ്രദർശിപ്പിച്ചുപോരുന്ന അനുസ്യൂതവും അസുലഭവും, അനന്യലബ്ധവും ആയ പ്രോത്സാഹനങ്ങളും സഹായസഹകരണങ്ങളുംകാരണം ഈ സ്ഥാനം അലങ്കരിക്കാൻ ഇത്രയുംയോഗ്യതയുള്ള വേറൊരാൾ ഭാരതത്തിലുണ്ടെന്നു തോന്നുന്നില്ലെന്നുകൂടി സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുണ്ട്.

* * *

മയ്യഴിയിൽനിന്ന് ഒരു ലേഖകൻ ഇപ്രകാരം അറിയിക്കുന്നു—ഫ്രഞ്ച് ഇന്ത്യാഗവൎണ്ണർ മൊന്സ്യെസൊലൊമിയാക്കും, പത്നിയും കുട്ടികളും അക്ടോബർ 29-ാം തീയതി വൈകുന്നേരം 6 30 ന് മയ്യഴി എത്തിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ പ്രൈവറ്റ്സിക്രട്ടറി മോറിസ്സനും ഭാൎയ്യയും കുട്ടികളും കൂടെ ഉണ്ടായിരുന്നു. മയ്യഴി പാലത്തിനടുത്തുണ്ടാക്കപ്പെട്ടതായ കമനീയമായ പന്തലിലേക്കായിരുന്നു ഗവൎണ്ണരേയും മററും ഇവിടെ എത്തിയ ഉടനെ സ്വീകരിച്ചിരുത്തിയതു്. അവിടെവച്ച് പൊതുജനപ്രതിനിധിയായ മേയരുടെ സ്വാഗതപ്രസംഗം കഴിഞ്ഞാറെ അദ്ദേഹംതന്നെ മാന്യഅതിഥികളെ ഹാരമണിയിച്ചു. ഇതിൽപിന്നെ ഗവൎണ്ണരേയും മററും പലവിധവാദ്യഘോഷങ്ങളോടുകൂടി ഗവണ്മെന്റ്ഹൌസ് വരെ അനുഗമിച്ചു അക്ടോബർ 31-ാം തീയതിയായിരുന്നു ഗവൎണ്ണർ ഇവിടത്തെ ടൗൺഹാളിൽവച്ചു പരോപകാരപ്രവീണനും രാജ്യസ്നേഹിയുമായ ശ്രീമാൻ ഇ. സി. ഗോപാലൻവക്കീൽ അവർകൾക്കു Chevalier de La Legien E'honeur എന്ന കീൎത്തിമുദ്ര സമ്മാനിച്ചതു്. നവംബർ 1-ാം തീയതി രാത്രി 9-മണിക്കു ഗവൎണ്ണരും പത്നിയും, ക്യാപ്ററൻ മോറിസനും പത്നിയും സ്ഥലം വിദ്യാർത്ഥിസമാജത്തിന്റെ ക്ഷണപ്രകാരം, "കൽവെബ്രാഞ്ച് ഹൈസ്കൂൾ ഹാളിൽ" സമാജാംഗങ്ങളാൽ അഭിനയിക്കപ്പെട്ട പ്രഹസനങ്ങൾ കാണ്മാൻ സന്നിഹിതരായിരുന്നു. സമാജം വൈസ്പ്രസിഡന്റിന്റെ സ്വാഗതപ്രസംഗം കഴിഞ്ഞതോടുകൂടി പ്രസിഡന്റ് ഗവൎണ്ണരേയും പത്നിയേയും, ക്യാപ്ററൻ മോറീസ്സനേയും പത്നിയേയും ഹാരമണിയിച്ചു. മി. ഇ. വി-യുടെ "പ്രണയക്കമ്മീഷൻ" ഇംഗ്ലീഷിൽ "Mock Doctor by Moliere" ഫ്റഞ്ചിൽ "Miser by Moliere" എന്നീ പ്രഹസനങ്ങളായായിരുന്നു സമാജാംഗങ്ങൾ അഭിനയിച്ചതു്. ഇതിനുപുറമേ ഓടക്കുഴൽവായന, സംഗീതം മുതലായതും ഉണ്ടായിരുന്നു. ഗവൎണ്ണരും മററും സന്തുഷ്ടമാനസരായി ഏകദേശം രാത്രി 12-30-ന് പിരിഞ്ഞു

(C. V. D.)



കൊച്ചിക്കോട്ടയിലെ ഭദ്രാസനപ്പള്ളിയിൽ 'ജപമാലരാജ്ഞി'യുടെ പെരുന്നാൾആഘോഷം.

അക്ടോബർ 21-ാംനു കൊച്ചിമെത്രാന്റെ പൌരോഹിത്യത്തിൽ ഇതു് നടത്തപ്പെട്ടു.

Royal Studio, Ernakulam.

## അമരസിംഹൻ.

രജപുത്രരാജാക്കന്മാരുടേയും, രാജ്ഞികളുടെയും വീരകൃത്യങ്ങളെക്കൊണ്ടു നിബിഡമായ ഒരു നോവൽ. വില അണ 12.

ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം

(12-ാംപുറത്തുനിന്നും തുടച്ച്)
കയും കന്യാസ്ത്രീമഠംവക കോളേജിൽ സുമതിയുടെ പഠനം ഉറപ്പിച്ചു പോരികയുംചെയ്തു. നമ്മുടെ യുവാവ് അച്ഛന്റെ അഭിപ്രായപ്രകാരം സെന്റ്തോമസ്കോളേജിലാണു പഠിപ്പെന്നു പണ്ടേ തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു. പാറുഅമ്മയുടെ സഹായത്തിന്നു പോയതു നാണപ്പൻപിള്ളയായിരുന്നു. കുറിവക പന്തീരായിരവും താൻകൊടുക്കേണ്ടസംഖ്യയുംകൂടി ഒന്നായി ഇമ്പീരിയൽബാങ്കിൽ നിക്ഷേപിക്കുകയും അമ്മയ്ക്കും മകൾക്കുംകൂടി താമസിപ്പാൻ സൗകര്യപ്പെട്ടൊരുവീട്ടു വാടകയ്ക്കു വാങ്ങുകയും ചെയ്തിട്ടാണു അവർ പറൂർക്കു മടങ്ങിപ്പോന്നതു്. ഉടനെ അവർ പറൂർ താമസം തിരെവിട്ടു തൃശ്ശിവപേരൂർ സ്ഥിരതാമസമാക്കി. യുവാവിന്റെ താമസം സുധാപ്ലവം ഹോട്ടലിലായിരുന്നു. എങ്കിലും സൗകര്യമുള്ളപ്പോഴെല്ലാം ചെമ്പൂക്കാവിൽപോയി യോഗക്ഷേമം അന്വേഷിക്കാറുണ്ടു്. കാലം നിമിഷംപോലെ കഴിഞ്ഞു. രണ്ടുപേരും ഇൻറർമിഡിയററുപരീക്ഷയിൽ പാസ്സായി. യുവാവിന്നു മാക്കധികമുണ്ടായിരുന്നതുകൊണ്ടുഓണേഴ്സിന്നു പഠിപ്പാൻ മദിരാശിക്കുതന്നെ പോകേണ്ടതായ്വന്നു. കന്യാസ്ത്രീമഠകോളേജു രണ്ടാംഗ്രേഡാകയാൽ സുമതി മദിരാശി സ്ത്രീകളുടെ കോളേജിൽചേൎന്നു. കോളേജുവക ഹോസ്റ്റലിലാണു താമസം. അവിടെ പുരുഷന്മാൎക്കു പ്രവേശമേയില്ല. എങ്കിലും അച്ഛൻ സഹോദരൻ മുതലായ അടുത്തബന്ധുകൾക്കു മുൻകൂട്ടി അനുവാദംവാങ്ങിയാൽ ചെന്നുപോരുന്നതിന്നു വിരോധമുണ്ടായിരുന്നില്ല. നമ്മുടെ യുവാവ് സോദരന്റെ നിലയിൽ ഞായറാഴ്ചതോറും അവിടെചെന്നു സുമതിയെ കാണുകയും ആവശ്യമുള്ള പണവുംമററും കൊടുത്തു പോരികയും പതിവായിരുന്നു. യുവാവിന്നു ബി എൽ വരെ പാസ്സാവാൻ അഞ്ചുകൊല്ലംവേണ്ടിവന്നു. അതിലിടയ്ക്കു സുമതി ബ. എ. പരീക്ഷയും, എൽ. ടി. യും പാസ്സായി അതേ കോളേജിൽതന്നെ ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു.

ഇതിനിടയിൽ സുമതിക്കൊരത്യാപത്തു നേരിട്ടതും വിവരിക്കാതെ കഴികയില്ലല്ലോ. പാറുഅമ്മ ദീനത്തിൽകിടപ്പായി. എങ്കിലും പഠിപ്പിന്നു വിഘ്നംവരുന്നെക്കുമെന്നു കരുതി വിവരം മകളെ അറിയിച്ചില്ല. നാണപ്പൻപിള്ളയ്ക്കുമാത്രം ഒരെഴുത്തെഴുതി. അദ്ദേഹം ഉടനെവന്നു വേണ്ടത്തക്ക ചികിത്സകൾ ആരംഭിച്ചു നടത്തിവന്നിരുന്നു. എങ്കിലും പെട്ടെന്നൊരുദിവസം പാറുഅമ്മ ഇഹലോകവാസംവെടിഞ്ഞുപോയി. പിള്ളയുടെ കമ്പി കിട്ടിയപ്പോൾമാത്രമാണു സുമതി വിവരം അറിഞ്ഞതു്. ഉടനെ ടലിഫോൺമുഖേന സോദരനെ അറിയിക്കുകയും, ഉടനെ അദ്ദേഹം കുതിച്ചെത്തി അപാരമായ വ്യസനസാഗരത്തിൽ ഒഴുകിക്കിടക്കുന്ന സുമതിയെ ഒററവാക്കുകൊണ്ടാശ്വസിപ്പിക്കുകയുംചെയ്തു. ആജീവനാന്തമുള്ള രക്ഷയെ താൻ ശപഥപൂർവ്വം കയ്യേററതായി അവളെ ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞു. അന്നുതന്നെ രണ്ടുപേരും കല്പനവാങ്ങിപ്പുറപ്പെട്ടു് പിറേറന്നു തൃശ്ശിവപേരൂരെത്തിക്കഴിഞ്ഞു. നാട്ടുകാരുടെ സഹായസഹകരണത്താൽ അമ്മയുടെ ശേഷക്രിയകളെല്ലാം ഭംഗിയായിക്കഴിച്ചു കാലംവൈകിക്കാതെ രണ്ടുപേരും മദിരാശിക്കുതന്നെ മടങ്ങിപ്പോന്നു. മററുസകലതും നാണപ്പൻപിള്ള പണ്ടേ കയ്യേററുകഴിഞ്ഞിരിക്കുന്നു. ബാങ്കിലെ ലക്ഷ്യങ്ങളെല്ലാം സുമതിയുടെ പേൎക്കാക്കി കൈമുതലുകൾ പറൂർക്കു കൊണ്ടുപോകയാണുണ്ടായതു്. പൊൻപണ്ടങ്ങളും ലക്ഷ്യങ്ങളും സുമതിവശം കൊടുത്തുനോക്കി എങ്കിലും ആവശ്യമുള്ളപ്പോൾ വാങ്ങിക്കൊള്ളാമെന്നു പറകയല്ലാതെ അവൾ യാതൊന്നും വാങ്ങുകയുണ്ടായില്ല.

യുവാവ് പ്രസിഡൻസിയിൽ ഒന്നാമനായിട്ടാണു ബി. എൽ. പാസ്സായതു്. റിസൾട്ടു പുറത്തായ ഉടനെ തിരുവനന്തപുരം ലാക്കാളേജിൽ നിയമിതനായ വിവരത്തിന്നു കമ്പികിട്ടുകയാൽ അച്ഛന്നു കമ്പികൊടുത്തു നേരേ തിരുനൽവേലിവഴി തിരുവനന്തപുരത്തെത്തി ചാൎജ്ജെടുത്തു. മനുഷ്യൻ നടക്കുമ്പോൾ നിഴലൊന്നിച്ചുണ്ടായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ അങ്ങനെ ആ കാമിനീകാമുകന്മാർ ജിതേന്ദ്രിയന്മാരായിതന്നെ ചില മാസങ്ങൾ പിന്നിട്ടു. അച്ഛന്നു വിസ്താരമായൊരുകത്തെഴുതിയതിൽ വിവാഹത്തെസംബന്ധിച്ചും ചില സൂചനകളുണ്ടായിരുന്നു. ഉടനെ ആ പ്രിയപിതാവു പുത്രദർശനലാലസനായി തിരുവനന്തപുരത്തുവന്നുചേൎന്നു. അന്നുതന്നെ നാണപ്പൻപിള്ളയും എത്തി. അവർ തമ്മിലുള്ള സംഭാഷണം കഴിഞ്ഞതോടുകൂടി അച്ഛന്നു വിവരങ്ങളെല്ലാം മനസ്സിലായി. എന്നാൽ "രാജ്യശ്രിയാഞ്ചസരിതാഞ്ച രസോജ്ജ്വലാനാം പ്രായേണ മൂലചരിതാനി മലിമസാനി" എന്നു് ആംഗളസാമ്രാജ്യത്തിൽ പറഞ്ഞമാതിരി മലിമസമായ ആ പൂർവ്വചരിത്രം അദ്ദേഹത്തെ ധരിപ്പിച്ചുവോ എന്നു സംശയമാണു്. അധികം ആക്ഷേപത്തിന്നിടകൊടുക്കാതെളടനെ അവിടെവെച്ചുതന്നെ വൈദികധർമ്മപ്രകാരം മിസ്റ്റർ കാരക്കാട്ടു ദാമോദരൻനമ്പൂതിരിയും (ബി എ. ബി- എൽ) ശ്രീമതി സുമതിദേവിയും (ബി. എ. എൽ. ടി.) തമ്മിലുള്ള വിവാഹം മംഗളമായിത്തന്നെ നിർവ്വഹിക്കപ്പെട്ടു. ക്രിയാദികൾ കഴിഞ്ഞതിന്റെശേഷം അച്ഛൻ നിശ്ചയിച്ചുപോയ സുമുഹൂർത്തത്തിന്നുതന്നെ നാണപ്പൻപിള്ള മുതലായ അത്യാവശ്യംസ്നേഹിതന്മാരൊന്നിച്ചു ഇല്ലത്തുചെന്നു സാഘോഷം സതാചാരമായി ഗൃഹപ്രവേശവും കഴിഞ്ഞു. പിള്ള കൈമുതലെല്ലാം മനയ്ക്കലേക്കെത്തിച്ചു. ബാങ്കിലുള്ള ഇരുപതിനായിരത്തോളം സംഖ്യയ്ക്കു ജന്മവസ്തു തീറുവാങ്ങി സന്തതിബ്രഹ്മസ്വത്തോടു ചേൎത്തു. അച്ഛനമ്മമാരുടേയും ബന്ധുക്കളുടേയും ആശീർവ്വാദത്തോടെ ദമ്പതിമാർ തിരുവനന്തപുരത്തേക്കുതന്നെ മടങ്ങിപ്പോന്നു. മാററുകുറഞ്ഞ സ്വർണ്ണം പുടപാകംകൊണ്ടു തങ്കമായിത്തിരുമെന്നിപ്പോൾ ബോദ്ധ്യപ്പെട്ടില്ലെ? എല്ലാം സമഭാവനാതത്വമൂർത്തിയായ ഈശ്വരന്റെ ലീലാവിലാസം.

# പടയാളി.

കെ. എൻ. ബാലകൃഷ്ണൻനായർ ബി. എ.

1

അന്നുയാമിനിയോടിയെത്തവെ
നിന്നുപോയിതുസംഗരം.
പേടിയാകവെനീങ്ങിവിശ്രമം
തേടി സൈനികരെങ്കിലും,
അങ്ങുമിങ്ങുമടിഞ്ഞുവീണിരു–
ന്നംഗഭംഗമിയന്നവർ.

മാമകാക്ഷികൾപൊത്തിനിദ്രയെ-
ന്നേനിമെല്ലെത്തലോടവെ
പൊങ്ങിയങ്ങെഴുംവിണ്ണിലൂടെഞാൻ
ചെന്നുചേൎന്നിതെൻഗ്രാമത്തിൽ.

പാടത്തിൽപരിതുഷ്ടചിത്തരായ്
പാട്ടുപെട്ടിട്ടുംകർഷകർ
പാടിടുമ്പൊഴുതേററുപാടിഞാൻ
പാടവത്തൊടുതൽക്ഷണം.

ആടുമേയ്ക്കുമിടയബാലകർ
പാടിടുന്നൊരുപാട്ടുകൾ
പോയവേനലിൽകേട്ടപോലെതാ-
നായിരുന്നതുമോൎത്തുഞാൻ.

അന്നുഞാൻകണ്ടമാമരത്തോപ്പി-
നിന്നുമില്ലൊരുമാററവും
കററവാർകുഴൽ ചീകിനില്പതു-
ണ്ടാററുവക്കിലബലമാർ

നിന്നതില്ലഞാനൊന്നുനോക്കുവാൻ
സുന്ദരീമണിമാരെയും
കാട്ടുംകുന്നുംകടന്നുചെന്നുഞാൻ
കൂടിയെന്റെകുടില്ക്കകം.

2

ആഹവോദ്യമസാദമേല്ക്കയാൽ
സ്വേദമാന്നൊരെൻമേനിയിൽ
പ്രേമപൂർണ്ണവിലോകനങ്ങളാൽ
തൂമലർമാല ചാൎത്തവെ
കാമിനീമണിമാമകോരസി
രാഗലോലയായ് ചാഞ്ഞുപോയ്

കോട്ടമറെറഴുംവിൺനിലയനം
വിട്ടുപോന്നൊരുതാരപോൽ
തൊട്ടിലിൽനിദ്രചെയ്യുംകുട്ടിയെ
കുട്ടിമാന്മിഴികാട്ടിനാൾ

ഭീതിവിട്ടുടൻഗൽഗദത്തിലാ-
യോതിനാളവളീവിധം
"പോരിനായ്നാഥ!പോയിടൊല്ലിനി
പോരുംനിന്നുടെസാഹസം."
കെട്ടിനാളവൾബാഹുവല്ലികൾ
കൂട്ടിമാമകമേനിയെ.

ആ സുധാധാരമാസ്വദിക്കുവാ-
നാശപൂണ്ടുതുനിയവെ
കഷ്ടമേ! രിപുഭേരിതൻരവം
കേട്ടുണൎന്നെഴുന്നേററുഞാൻ.

# *കാൻഡിയിലെ പുരാതനരാജസിംഹാസനം

സി. പി. വാസുദേവൻപിള്ള.

കൊല്ലംകൊലയുംനടത്തി പ്രതാപത്തിൽ രാജ്യപരിപാലനംചെയ്തിരുന്നകാലത്തു് കാൻഡിരാജാക്കന്മാർ ആരോഹണംചെയ്തിരുന്ന സിംഹാസനം ഒരു നൂററാണ്ടുകാലങ്ങൾക്കുമുൻപുമുതൽ ലണ്ടനിലെ വിൻസോർകൊട്ടാരത്തിൽ വൈരസുഖം അനുഭവിക്കയും ആ സിംഹാസനത്തെ കരുണാനിലയനമായ ഇംഗ്ലീഷുചക്രവത്തി ജാജ്ജ്പഞ്ചമൻെറ ആജ്ഞാനുസരണം അദ്ദേഹത്തിൻെറ പുത്രൻ ഡ്യൂക്ക് ആഫ് ഗ്ലൂസസ്റ്റർ ആസ്ത്രേലിയായിലെ മെൽബോൺപട്ടണത്തിൽ നടക്കവാനിരിക്കുന്ന ശതാബ്ദാഘോഷത്തിൽ സന്നിഹിതനാകാനായിവരുന്നവഴി കൊണ്ടുവന്നു് തിരിയെകൊടുക്കയും ചെയ്തതായ വത്തമാനം ഇപ്പോൾ സുപ്രസിദ്ധമായി തീന്നിട്ടുണ്ടല്ലോ. ഈ സിംഹാസനം സിംഹളരാജാക്കന്മാർ ഏറിയകാലം ഉപയോഗിച്ചുവന്നിരുന്നതും ഇംഗ്ലീഷുവഷം 1818-മുതൽ ലണ്ടണിലെവിൻസോർ കൊട്ടാരത്തിൽ അപരിചിതന്മാരായ സന്ദശ്ശകന്മാക്കു നയനമോഹനമായ ഒരുകാഴ്ചദ്രവ്യമായി സൂക്ഷിക്കപ്പെട്ടുവന്നിരുന്നതും ആകുന്നു പ്രാചീനരീതിയിലുള്ള ഒരു വലിയ കസേരയോടു ഉപമിക്കാവുന്നതായ ഈ സിംഹാസനത്തിൻെറ പിൻവശത്തിനു അഞ്ചരഅടി പൊക്കമുണ്ടു്. ഈ സിംഹാസനത്തിൻെറ എല്ലാ ഭാഗങ്ങളും ചന്ദനത്തടികൊണ്ടു പണിചെയ്തു അതിൻെറ പുറത്തു് ഘനംകുറഞ്ഞ സ്വണ്ണത്തകിടുകൊണ്ടു മൂടിയിരിക്കുന്നു. അവിടവിടെ മനോഹരവും വിലയേറിയതുമായ നവരത്നങ്ങൾ പതിച്ചിട്ടുമുണ്ടു്. സിംഹാസനത്തിൻെറ രണ്ടുകൈകളിൽ രണ്ടു സിംഹരൂപങ്ങൾ സ്വണ്ണംകൊണ്ടു നിമ്മിച്ചിട്ടുള്ളതും ആ സിംഹങ്ങളുടെ നയനയുഗളങ്ങൾ രക്തവണ്ണംകലന്നനീലിമയോടുകൂടി പ്രശോഭിക്കുന്നതും ആയിരുന്നു. പ്രസ്തുതസിംഹാസനത്തിൻെറ പിൻഭാഗത്തു അകവശത്തായി സ്വണ്ണംകൊണ്ടു ഒരു സൂയ്യഗോളം നിമ്മിച്ചിട്ടുള്ളതു് തദ്ദേശരാജാക്കന്മാർ സൂയ്യവംശജാതന്മാരാണെന്നുള്ളതിനെദ്യോതിപ്പിക്കാനായിരിക്കണം. ഈ സ്വണ്ണസൂയ്യൻെറ ഇരുവശങ്ങളിലും സാലഭഞ്ജികകളെപ്പോലെ രണ്ടുസ്ത്രീരൂപങ്ങൾകൊത്തപ്പെട്ടിട്ടുള്ളവ സജീവമെന്നപോലെ പ്രശോഭിക്കുന്നു. ഇരുവശങ്ങളിലേയും കൈകൾക്കുമദ്ധ്യേ ഉള്ള ഇരിപ്പിടം വിലയേറിയതും രക്തവണ്ണവുമായ പട്ടുകൊണ്ടു തുന്നിപ്പിടിപ്പിച്ചിരിക്കുന്നു. കാൽചവിട്ടുന്നതിനായി താഴെ നിമ്മിച്ചിട്ടുള്ള ഉപധാനം തത്തുല്യമായ പട്ടുകൊണ്ടു ആവരണംചെയ്യപ്പെട്ടിരിക്കുന്നു. ഈ സിംഹാസനം എങ്ങിനെ ഇംഗ്ലണ്ടിൽ കൊണ്ടുപോകപ്പെട്ടു എന്നു അറിയുമ്പോൾ സിലോണിലെ ഒടുവിലത്തെ സ്വാതന്ത്ര്യരാജ്യമായ കാൻഡിയെ ഇംഗ്ലീഷുകാർ പിടിച്ചടക്കിയ കഥകൂടി പറയേണ്ടതായിവരുന്നു. കാൻഡിസിംഹാസനം കരസ്ഥമാക്കിയവഷം ഏവക്കും ഓമ്മയിൽനിൽക്കത്തക്കവണ്ണം അത്രപ്രസിദ്ധമായ ഒന്നാണു്. സുപ്രസിദ്ധയോദ്ധാവും രാജ്യതന്ത്രജ്ഞനും ചക്രവത്തിയുമായിരുന്ന നെപ്പോളിയനെ സമരവിദഗ്ദ്ധനായ വെല്ലിങ്ടൺപ്രഭു പരാജിതനാക്കിയ വാട്ടർലൂ യുദ്ധംനടന്ന ൧൮൧൫-ാംവഷത്തിലാണു ഇംഗ്ലീഷുകാർ കാൻഡിയെ കൈവശപ്പെടുത്തിയതു്. പോർട്ടുഗിസ്, ഡച്ച്, ഇംഗ്ലീഷ് എന്നീ രാജ്യക്കാർ കച്ചവടത്തിനായി പല രാജ്യങ്ങളിലും പോകുന്ന പതിവനുസരിച്ചു കാൻഡിയിലും കടക്കാൻ ശ്രമിച്ചെങ്കിലും കാൻഡിരാജാക്കന്മാർ അതിനു അനുവാദം നൾകിയിരുന്നില്ല. നിമ്നോന്നതങ്ങളായ പവ്വതപ്രദേശങ്ങളാലും ഇടക്കിടയുള്ള ഊടുവഴികളിൽ ധീരന്മാരായ സിംഹളഭടന്മാരുടെ കാവൽനില്പിനാലും വിദേശികളുടെ കാൻഡിയിലേക്കുള്ള പ്രവേശനം പ്രതിരോധിക്കപ്പെട്ടിരുന്നു. അക്കാലത്തെ കാൻഡിരാജാവു വിക്രമരാജസിംഹൻ ആയിരുന്നു. അദ്ദേഹം ആ രാജ്യത്തിലെ ഒരു സിംഹളപ്രഭുവായിരുന്ന ഹീലപ്പോളാ എന്ന ദേഹത്തിനെ രാജദ്രോഹപരമായ കായ്യങ്ങളെ അടിസ്ഥാനമാക്കി രാജ്യഭ്രഷ്ടനാക്കി. അദ്ദേഹം ഈ വിവരം അറിഞ്ഞു കൊളമ്പിൽ ഒളിച്ചോടിപ്പോയി അന്നത്തെ ഇംഗ്ലീഷ് ഗവർണർ ആയിരുന്ന സർ റാബർട്ടു് ബ്രൌണിംഗിനെഅഭയംപ്രാപിച്ചു ഇംഗ്ലീഷുകാരുമായി കൂട്ടുകൂടിയവിവരം അറിഞ്ഞ വിക്രമസിംഹൻ ഹീലപ്പോളോവിൻെറ ഭായ്യയേയുംകുഞ്ഞുങ്ങളേയും വധിപ്പിച്ചു. തൻെറ ഭായ്യയേയും കുഞ്ഞുങ്ങളേയും പൈശാചികമാംവിധം വധിച്ച വിവരംഅറിഞ്ഞു ഹീലപ്പോളോ ഹൃദയവേദനയോടും പാരവശ്യത്തോടുംകൂടി ഇംഗ്ലീഷ്ഗവർണരെക്കണ്ടു തൻെറ കുടുംബത്തോടു രാജാവുകാണിച്ച അതിദാരുണവും നീചവുമായ പ്രവൃത്തിയെ അറിയിച്ചു. ഈ കഠോരമായ ദുഷ്പ്രവൃത്തിയെപ്പററി കേട്ടഉടനെ രോഷാകുലനായ ഗവർണർ കാൻഡിരാജാവിനെ ഒരു നല്ല പാഠംപഠിപ്പിക്കണമെന്നുതന്നെ തീർച്ചയാക്കി 2000-സൈന്യങ്ങളോടുകൂടി യുദ്ധത്തിനു പുറപ്പെട്ടു. ഹീലപ്പോളോകൂടി സൈന്യത്തിൻെറ നേതൃത്വം വഹിച്ചിരുന്നു. കാൻഡിരാജ്യം അപ്രതിരോധ്യമായവിധത്തിൽ പ്രകൃതി അനുഗ്രഹിച്ചിട്ടുള്ള ഒന്നാണെന്നു മുൻപു പറഞ്ഞുവല്ലോ. കാൻഡുഗാനഡാ എന്ന മലയിടുക്കുവഴിയാണു ഹീലപ്പോളോ സൈന്യത്തെ നയിച്ചതു്. 1815 ഫെബ്രുവരി 14-ാംനു-സൈന്യങ്ങൾ കാൻഡിയിൽ പ്രവേശിച്ചു. ഇംഗ്ലീഷുഗവർണർ കാൻഡിയിൽ പ്രവേശിച്ചതു് രാജാവിൻെറ നീതിരഹിതമായ പ്രവൃത്തിഹേതുവാലാണെന്നു ജനങ്ങളുടെ ഇടയിൽ പ്രഖ്യാപനംചെയ്തിരുന്നതിനാലും ജനങ്ങൾ ഇതുപോലെ ഉള്ള പല ദാരുണസംഭവങ്ങൾക്കും വശംവദരായിരുന്നതുകൊണ്ടും ഇംഗ്ലീഷുകാരുടെ ആക്രമണത്തെ ആരുംതന്നെ പ്രതിരോധിച്ചില്ലെന്നു മാത്രമല്ല അവർ എല്ലാം ശാന്തന്മാരായി വത്തിക്കയും ചെയ്തു. കാൻഡിയിലെ മററു പ്രഭുക്കന്മാരുടെ ആനുകൂല്യംകൊണ്ടു്, കാൻഡിയിലെ രാജാവിനെ രാജ്യഭ്രഷ്ടനാക്കി രാജ്യത്തെ ബ്രിട്ടീഷ്കോയ്മയോടു ചേത്തു. ബ്രിട്ടീഷുഭരണം, ജാതിമതവ്യത്യാസംകൂടാതെ ന്യായത്തെമാത്രം അടിസ്ഥാനമാക്കി ആയിരുന്നതിനാൽ ആ മാതിരിയുള്ള ഭരണത്തിൽ ഇഷ്ടമില്ലാതിരുന്ന പ്രഭുക്കന്മാർ വീണ്ടും ഒരു രാജാവിനെതന്നെ നിയമിച്ചു നേരിട്ടു ഭരണംനടത്തത്തക്കവണ്ണം അനുവദിക്കണമെന്നു പരാതിപ്പെട്ടുതുടങ്ങി. ആ അപേക്ഷ വളൻവളൻ ഒരു ക്ഷോഭമായിത്തീന്നു. 1818-ൽ പ്രസ്തുതക്ഷോഭം വർദ്ധിച്ചു ഒരു കലാപമായി. ഇപ്രകാരം ഒരു കലാപം ആരംഭിച്ചപ്പോൾ റാബർട്ടു് ബ്രൌണിംഗിനോടു ഉടമ്പടിമൂലം കടപ്പെട്ടിരുന്ന പ്രഭുക്കന്മാരും ഹീലപ്പോളോതന്നെയും ആഭ്യന്തരബഹളത്തിൽ മുന്നോടികളായിരുന്നു. കാൻഡിയിലെ ഒരു വനത്തിൽ നിവസിച്ചിരുന്ന ഒരു ബൌദ്ധസന്യാസിയെ കാൻഡിയിലെ ന്യായാവകാശിയായ രാജാവായി പ്രഖ്യാപനംചെയ്തു ഇംഗ്ലീഷുകാർ ആ രാജ്യത്തിൽനിന്നും കടന്നുകളയാമെന്നുതന്നെ മനസ്സുകൊണ്ടു ഉറയ്ക്കത്തക്കവണ്ണം അത്ര അപകടകരമായ നിലയിലായിരുന്നു പ്രക്ഷോഭം എങ്കിലും ഇംഗ്ലീഷുകാരുടെ നയോപായങ്ങളാൽ ക്ഷോഭത്തെ ശമിപ്പിക്കയും പ്രഭുക്കന്മാരെ വീണ്ടും സ്വാധീനമാക്കുകയുംചെയ്തു. വീണ്ടും ഒരിക്കലും ക്ഷോഭം ഉണ്ടാകാതിരിക്കത്തക്കവണ്ണം റാബർട്ടു് ബ്രൌൺ വേണ്ട ഉപായങ്ങൾ പ്രയോഗിച്ചു അനേകം പ്രക്ഷോഭകാരികളായ പ്രഭുക്കന്മാരേയും ഹീലപ്പോളോവിനെത്തന്നെയും കാരാഗൃഹത്തിലാക്കി. കാൻഡ്യന്മാരുടെ ഇടയിൽ ഒരു പഴഞ്ചൊല്ലു പ്രചാരത്തിലുണ്ടു്. അതിൻെറ സാരാംശം കാൻഡിരാജ്യം കരസ്ഥമാക്കുന്നവർ കാൻഡിപട്ടണത്തിൽനിന്നും സമുദ്രതീരത്തിലേക്കു ഒരു റോഡു നിമ്മിക്കുമെങ്കിലല്ലാതെ അവർ ആ രാജ്യം സ്ഥിരമായി ഭരിക്കുകയില്ലെന്നായിരുന്നു. ഈ പരമാത്ഥം അറിഞ്ഞിരുന്നഗവർണർ ഉടൻതന്നെ കാൻഡിപട്ടണത്തിൽനിന്നും സമുദ്രതീരംവരെ ഒരു റോഡ് വെട്ടിച്ചു തങ്ങൾ പോകാൻവന്നവരല്ലെന്നു തദ്ദേശവാസികളെ ബോദ്ധ്യപ്പെടുത്തി. കാൻഡിരാജാവിനെ സ്ഥാനഭ്രഷ്ടനാക്കി എങ്കിലും അവരുടെ സിംഹാസനം പുരാതനമാഹാത്മ്യത്തെ തെളിയിക്കാനെന്നോണം രാജധാനിയിൽ സൂക്ഷിച്ചിരുന്നു. ആ സിംഹാസനം അവിടെത്തന്നെ ഇട്ടു സൂക്ഷിച്ചിരുന്നാൽ വീണ്ടും വല്ല കലാപവും ഉണ്ടായേക്കുമോ എന്നു ശങ്കിച്ചു ഗവർണർ അതിനെ ഇംഗ്ലണ്ടിലേക്കയച്ചു ഈ സിംഹാസനത്തെയാണു് കാൻഡിരാജാക്കന്മാരുടെ പൂവ്വമഹിമയെ പരിപാലിക്കാനായി ഇംഗ്ലീഷുചക്രവത്തി സസന്തോഷം തിരിയെ കൊടുത്തിരിക്കുന്നതു്.

(ഇംഗ്ലീഷിൽനിന്നു്.)

# ക്രിസ്തുവിൻെറകാലത്തു യൂദേയാദേശത്തിൻെറ സ്ഥിതി.

മയ്യനാട്ട്, ഏ. ജോൺ, ബി. ഏ.

ലോകൈകമഹാഗുരുവും ക്രിസ്തുമതസ്ഥാപകനുമായ ശ്രീയേശുക്രിസ്തുവിൻെറ ജന്മഭൂമിയാകാനുള്ള മഹാഭാഗ്യം സിദ്ധിച്ചത് ഏഷ്യയുടെ വടക്കുപടിഞ്ഞാറെഭാഗത്തു സ്ഥിതിചെയ്യുന്ന പലസ്തീനാരാജ്യത്തിലെ യൂദയാദേശത്തിനാണ്. ക്രിസ്തുവിൻെറകാലത്തു ആ ദേശത്തിൻെറ പുരാതനമഹിമ മുഴുവനും നശിച്ചിരുന്നു. ഒരു ശതവർഷക്കാലം ഇസ്രായലിലെ രാജാക്കന്മാരും വൈദികാധികാരികളുമായിരുന്ന മെക്കാബികളുടെ പ്രതാപമഹിമകൾ അക്കാലത്തു അവരുടെ സൽഗുണങ്ങളോടുകൂടി നാമാവശേഷമായിത്തീർന്നിരുന്നു. യൂദാസ്സും സഹോദരന്മാരും എത്രയും ശ്രേഷ്ഠമായ രീതിയിൽ പരിപാലിച്ചിരുന്ന രാജാധികാരം അവരുടെ പിൻഗാമികളുടെ കരങ്ങളിൽ ഏററവും നികൃഷ്ടമായ സ്വേച്ഛാപ്രഭുത്വമായിപ്പരിണമിച്ചു. അവരുടെ മതവിഷയകമായ ശുഷ്കാന്തി അതിമോഹമായി രൂപാന്തരീഭവിച്ചു. അവർ തമ്മിലുണ്ടായിരുന്ന സൗഹാർദ്ദത്തിൻെറ സ്ഥാനത്തു ഗൗരവാവഹങ്ങളായ ഭിന്നതകളും ആഭ്യന്തരകലഹങ്ങളും ആവിർഭവിച്ചു: തൽഫലമായി ക്രിസ്ത്വബ്ദത്തിനു നൂറു വർഷങ്ങൾക്കുമുമ്പ് ഈ രാജവംശത്തിൽ ജനിച്ച ഹൈർക്കാനൂസ്സ്, അരിസ്റ്റോബുലസ്സ് എന്നീ രണ്ടു സഹോദരന്മാർ അവർതമ്മിലുണ്ടായ അഭിപ്രായവ്യത്യാസങ്ങളും കലഹങ്ങളും പരിഹരിക്കുന്നതിനായി പോംപെയുടെ മാദ്ധ്യസ്ഥ്യം അഭ്യർത്ഥിക്കേണ്ടിവന്നു. സിറിയ മുഴുവനും കീഴടക്കിക്കഴിഞ്ഞിരുന്ന ആ റോമൻസേനാനായകൻ ഡെമാസ്കസ്സിൽവച്ച് അവരുടെ വാദങ്ങൾ കേൾക്കുകയും ഹൈർക്കാനൂസ്സിനു അനുകൂലമായ ഒരു തീരുമാനം കല്പിക്കുകയുംചെയ്തു. അരിസ്റ്റോബുലസ്സ് അതിനോടു യോജിക്കാതെ സ്വരക്ഷയ്ക്കായി യുദ്ധംചെയ്തുവെങ്കിലും നിശ്ശേഷം പരാജിതനായി ബന്ധനസ്ഥനാക്കപ്പെട്ടു. ഹൈർക്കാനൂസ്സ് യൂദയാദേശത്തിൻെറ ഏകാധിപതിയായിത്തീർന്നു. എന്നാൽ അയാൾ സിറിയായിലെ റോമൻഗവർണരുടെ അധികാരത്തിനു വിധേയനായ ഒരു സാമന്തരാജാവുമാത്രമായിരുന്നു. റോമൻസാമ്രാജ്യാധികാരത്തിൻെറ ഉപലക്ഷകമായ ഗൃദ്ധ്രചിത്രങ്ങൾ വഹിക്കുന്ന പതാകകൾ യരുശലേം നഗരപ്രാകാരങ്ങൾക്കുള്ളിൽ ഇദംപ്രഥമമായി പ്രത്യക്ഷീഭവിച്ചു. യഹൂദദൃഷ്ടിയിൽ മ്ലേച്ഛനായ പോംപെ അവിടത്തെ പരിപാവനമായ ദേവാലയത്തിനകത്തു പ്രവേശിക്കുകയും വിഗ്രഹങ്ങളോ പ്രതിമകളോ ഇല്ലാത്ത ആ ശ്രീകോവിലിനെക്കണ്ടു് അത്ഭുതപ്പെടുകയും ചെയ്തു. യൂദയുടെ രാജത്വം ഇങ്ങനെ പര്യവസാനിച്ചു; ഇസ്രായേൽജനത്തിൻെറ പാരതന്ത്ര്യം ആരംഭിച്ചു

അചിരേണ ഹൈർക്കാനൂസിനു ശേഷിച്ചിരുന്ന അധികാരച്ഛായയും നഷ്ടമായി. പോംപെയുടെ ജേതാവായ സീസർപലസ്തീനാ രാജ്യത്തെ ഏദോംസംസ്ഥാനത്തോടുകൂട്ടി ചേർക്കുകയും ഈ ദേശങ്ങളുടെ ഭരണം അന്തിപ്പേത്തർഎന്ന ശ്രേഷ്ഠവംശജനായ ഒരു ഇദൂമിയനെ ഏല്പിക്കുകയും ചെയ്തു. ഈ രാജാവിൻെറ പുത്രന്മാരായ ഫാസേലും ഹെറോദേസ്സും ഭരണകാര്യത്തിൽ പിതാവിനെ സഹായിച്ചു. ഒരാൾ ഗലീലേയായുടെയും മറെറയാൾ യൂദേയായുടെയും ഭരണം നിർവഹിച്ചു. എന്നാൽ അവരുടെ യോജിച്ചുള്ള ശ്രമങ്ങൾ കുറെക്കാലത്തേയ്ക്കെങ്കിലും സമാധാനം പരിപാലിക്കുന്നതിനു പര്യാപ്തമായിരുന്നില്ല മെക്കാബിവംശ്യനും ഹൈർക്കാനൂസ്സിൻെറ സഹോദരനുമായ അരിസ്റ്റോബുലസ്സ് റോമിലെ കാരാഗൃഹത്തിൽനിന്നു രക്ഷപ്രാപിക്കുകയും സ്വപുത്രന്മാരായ അലക്സാണ്ഡറിൻെറയും ആൻറിഗോണസ്സിൻെറയും സാഹായ്യത്തോടുകൂടി തൻെറ പൂർവികന്മാരുടെ സിംഹാസനത്തെ വീണ്ടെടുക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. ആൻറിഗോണസ്സിൻെറ ശ്രമങ്ങൾ ഒരുവിധം സഫലങ്ങളായിരുന്നു. അയാൾ ഫാസേലിനെ ബന്ധിച്ചു ആ ഹതഭാഗ്യനെക്കൊണ്ടു് ആത്മഹത്യ ചെയ്യിച്ചു. ഹെറോദേസ്സ തൻെറ ജേതാവിൻെറ നിഷ്ഠുരകരങ്ങളിൽനിന്നു രക്ഷപ്പെട്ടു് ഓടി റോമിൽ എത്തി. അവിടെവച്ചു റോമൻഭരണസമിതിയാൽ യൂദേയാ രാജാവായി പ്രഖ്യാപനംചെയ്യപ്പെട്ടു മൂന്നുവർഷത്തെ നിരന്തരമായ സമരത്തിനുശേഷം റോമൻസൈന്യം ഹെറോദേസ്സിൻെറ ഭരണാധികാരം യരുശലേമിൽ പുനഃസ്ഥാപിച്ചു. ഈ സംഭവം നടന്നതു ബി സി. ൩൭-ലായിരുന്നു.

പ്രതിജ്ഞാപരിപാലനത്തിൽ സദാ ജാഗരൂകമായ റോമാസാമ്രാജ്യത്തിൻെറ ഹസ്താവലംബവും ഹെറോദേസ്സിൻെറ സ്വതസ്സിദ്ധമായ ഭരണസാമർത്ഥ്യവും ഹൈർക്കാനൂസ്സരാജാവിൻെറ പുത്രിയായ മറിയവുമായുള്ള വിവാഹവും സമാധാനപരമായ ഒരു ഭരണത്തിനു് അയാളെ ശക്തനാക്കുന്നതിനു പര്യാപ്തമായിരുന്നു. എന്നാൽ ഈ ഇദൂമിയൻെറ വിജാതീയത്വവും പ്രതീക്ഷാതീതമായ വിജയംകൊണ്ടുള്ള ഔദ്ധത്യവും ആരെയും വിശ്വസിക്കാത്ത സ്വഭാവചാപല്യവും ഭരണാധികാരത്തിൻെറ പ്രശാന്തമായ പരിപാലനത്തിനു വിഘാതങ്ങളായിബ്ഭവിച്ചു. മെക്കാബിവംശത്തിൽ ഒരാളെങ്കിലും ശേഷിച്ചിട്ടുള്ളിടത്തോളം കാലം അയാൾക്കു സമാധാനമുണ്ടാകുമായിരുന്നില്ല. ആ കുടുംബത്തിലെ രണ്ടുരാജകുമാരന്മാരും സ്വന്തം ശ്വശുരനായ ഹൈർക്കാനൂസുമായിരുന്നു അയാളുടെ ശങ്കാവിഷത്തിനു ആദ്യമായി പാത്രീഭവിച്ചതു. അടുത്തുതന്നെ അയാളുടെ ഭാര്യമാരിൽ അയാൾക്കു സാക്ഷാൽ പ്രിയതമയായിരുന്ന മറിയാമിനെയും തനിക്കവളിൽ ജനിച്ച രണ്ടുകുട്ടികളെയും മറെറാരു ഭാര്യയിൽ ജനിച്ച തൻെറ മൂത്തപുത്രനായ അന്തിപ്പേത്തറിനെയും ഘാതകഹേതുവായി അയാൾ സംഹരിച്ചു. ഈ സ്വേച്ഛാപ്രഭുവിൻെറ മരണംകൊണ്ടല്ലാതെ ഇത്തരം ആസുരകൃത്യങ്ങൾക്കു ഒരവസാനമുണ്ടാകുമായിരുന്നില്ല

തൻെറ ശ്ലക്ഷ്ണശിലാനിർമ്മിതങ്ങളായ രമ്യഹർമ്മ്യങ്ങളെ രക്തപങ്കിലമാക്കിയ ഈ ഘോരകൃത്യങ്ങളിൽനിന്നു ജനങ്ങളുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതിനായി മനോഹരങ്ങളായ സ്മാരകസ്ഥാപനങ്ങളെക്കൊണ്ടു യൂദെയാദേശത്തെ അലങ്കരിക്കുന്നതിനു ഹെറോദേസ്സ നിഷ്ഫലമായി ശ്രമിച്ചു. അയാളുടെ വിപുലങ്ങളായ വിനോദശാലകളും അവയിൽ നടന്ന വിവിധങ്ങളായ വിനോദങ്ങളും യഹൂദന്മാരുടെ ദൃഷ്ടിയിൽ അത്യന്തം ഗർഹണീയങ്ങളായിരുന്നു. ഗൃദ്ധ്രചിത്രാങ്കിതമായ റോമൻപതാക ദേവാലയത്തിനുള്ളിൽ പ്രതിഷ്ഠിക്കപ്പെടുകയാൽ ആ മഹാക്ഷേത്രം അശുദ്ധീകൃതമായി. നവംനവങ്ങളായ ആചാരങ്ങളാലും പരിഷ്കാരങ്ങളാലും അയാൾ ജനങ്ങളെ വ്യാമോഹിപ്പിക്കാൻ നിരന്തരം ശ്രമിച്ചു. തൻെറ ഉല്പത്തിയുടെയും ജനങ്ങളുടെ പാരതന്ത്ര്യത്തിൻെറയും സ്മരണയെ അവരുടെ സ്മൃതിപഥത്തിൽനിന്നു പ്രമാർജ്ജനംചെയ്യുന്നതിനു് ഈ രാജാവു മുപ്പത്തിനാലുവർഷക്കാലം അവിശ്രമം ചെയ്തുകൊണ്ടിരുന്ന സാഹസങ്ങളെല്ലാം വിഫലീഭവിച്ചു. അവയെല്ലാം അവരുടെ ജാതീയമായ സ്വാതന്ത്ര്യവിനാശത്തെ സദാ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നതേയുള്ളൂ.

യഹൂദസ്ഥാപനങ്ങൾ ഈവിധം സാർവത്രികമായി അധഃപതിക്കുന്നതിനിടയ്ക്കു അവയിൽ ഒന്നുമാത്രമേ നാശത്തിനു വിധേയമാകാതെ സജീവമായി വർത്തിച്ചുള്ളൂ. അതു സെൻഹെദ്രിൻ എന്ന ജാതീയസഭയായിരുന്നു. ഈ സഭ മോശയാൽ സ്ഥാപിക്കപ്പെട്ടതാണെന്നും, അതല്ല; അടിമത്തത്തിനുശേഷംമാത്രമാണ് അതു രൂപവത്കരിക്കപ്പെട്ടതെന്നും അതിൻെറ ഉല്പത്തിയെപ്പററി അഭിപ്രായവ്യത്യാസമുണ്ടു. പ്രവാസകാലത്തു പ്രവാചകന്മാർക്കും വേദപണ്ഡിതന്മാർക്കും ജനങ്ങളുടെ മേലുണ്ടായിരുന്ന അധികാരവും, ബാഹ്യമായ വൈദികകർമ്മാനുഷ്ഠാനങ്ങൾക്കുണ്ടായിരുന്ന അസൌകര്യവും, ബാബിലോണിൽനിന്നുള്ള പ്രത്യാഗമനത്തിനുശേഷം രാജകുടുംബത്തിനുണ്ടായ അധഃപതനവും, രാഷ്ട്രീയവും മതപരവുമായ പുനരുദ്ധാരണത്തിനു നേരിട്ട വൈഷമ്യങ്ങളും ഈ മഹാസഭയെ യഹൂദദൃഷ്ടിയിൽ രാജോചിതമായ സകലാധികാരങ്ങളും ഉള്ളതാക്കിത്തീർത്തു. വേദനിയമത്തെ വ്യാഖ്യാനിക്കുക, പ്രധാനമായ കേസ്സുകൾ വിസ്തരിക്കുക, പൊതുക്കാര്യനിർവഹണത്തിൽ മേൽനോട്ടം വഹിക്കുക എന്നിവയായിരുന്നു ഈ സഭയുടെ മുഖ്യകൃത്യങ്ങൾ. അതു് ഒരേസമയത്തു യൂദേയാദേശത്തെ രാഷ്ട്രീയസമിതിയും, നീതിന്യായമേൽക്കോടതിയും, ഉന്നതവിദ്യാഭ്യാസനികേതവുമായിരുന്നു. പുരോഹിതപ്രധാനന്മാർ, വേദപണ്ഡിതന്മാർ, ജ്യായാന്മാർ ഇങ്ങനെ മൂന്നു ജനവിഭാഗങ്ങളുടെ പ്രതിനിധികളായിരുന്നു അതിലെ 71-സാമാജികന്മാർ. 400-വർഷക്കാലം അവിച്ഛിന്ന

മായ അധികാരത്തോടെ വർത്തിച്ച ഈ സമിതിയുടെ ശക്തി കുറയ്ക്കുന്നതിന് ആദ്യമായി ഉദ്യമിച്ചതു ഹെറോദേസായിരുന്നു. വളരെ സമർത്ഥനായിരുന്നുവെങ്കിലും സെൻഹെദ്രിൻസഭയുടെ അധികാരത്തെ നിശ്ശേഷം നശിപ്പിക്കുന്നതിന് അയാൾക്കു കഴിഞ്ഞില്ല. അയാളുടെ ഭരണകാലം മുഴുവനും അതിനുശേഷവും അതു ഊർജ്ജിതമായിത്തന്നെ അതിൻെറ കൃത്യങ്ങൾ നിർവഹിച്ചുപോന്നു. റോമാക്കാരുടെ ആധിപത്യകാലത്തു മതസംബന്ധമായ വ്യവഹാരങ്ങളെ തീരുമാനിക്കുന്നതിനും നീതിന്യായവിചാരണചെയ്യുന്നതിനും ജനകീയപ്രസ്ഥാനങ്ങളെ പരോക്ഷമായി നയിക്കുന്നതിനുമുള്ള അതിൻെറ അവകാശത്തെ അതു സധൈര്യം പുലർത്തുന്നതായി നാം കാണുന്നു.

ക്രിസ്തുവിൻെറകാലത്തു യഹൂദന്മാരുടെ രാഷ്ട്രീയസ്ഥിതി ഏവംവിധമായിരുന്നു. അവരുടെ മതപരവും സാന്മാർഗ്ഗികവുമായ അവസ്ഥ ഇതിനേക്കാൾ പരിതാപകരമായിരുന്നു. മെക്കാബിവംശത്തിലെ ഒടുവിലത്തെ രാജാവു വേദപണ്ഡിതന്മാർക്കു സർവോപരിയായ പ്രാധാന്യം നൽകുകയാൽ മഹാപുരോഹിതന്മാരുടെ മാന്യതയും പ്രാബല്യവും വളരെ ക്ഷയിച്ചിരുന്നു. ഏററവും നിസ്സാരങ്ങളായ സംഗതികളെപ്പററിയും അതിവിസ്തൃതങ്ങളായ വ്യാഖ്യാനങ്ങൾ ചമക്കുന്നതിനും സുദീർഘങ്ങളായ വാദപ്രതിവാദകോലാഹലങ്ങൾ നടത്തുന്നതിനും ഉൽസുകരായ ഈ വേദപണ്ഡിതന്മാരുടെ കരങ്ങളിൽ വേദനിയമങ്ങൾകേവലംനിരർത്ഥകങ്ങളും ശുഷ്കങ്ങളുമായിത്തീർന്നു. ഈ പണ്ഡിതന്മാരുടെ അനവധി സംഘങ്ങൾ വേദനിയമങ്ങളെ യഥേഷ്ടം വ്യാഖ്യാനിക്കുന്നതിൽ പ്രദർശിപ്പിച്ച മാത്സര്യബുദ്ധിയും പ്രതിപക്ഷവിദ്വേഷവും യഹൂദജനത്തിൻെറ അധഃപതനത്തിന് ഉത്തമസാക്ഷ്യങ്ങളായിരുന്നു. ഈ സംഘങ്ങളിൽ മൂന്നിനെപ്പററിമാത്രമേ ഇപ്പോൾ നമുക്കറിവുള്ളു. അക്കാലത്തെ യഹൂദന്മാരുടെ സാന്മാർഗ്ഗികവും മതപരവുമായ സ്ഥിതിയെപ്പററി അറിയുന്നതിനു ഫരീസ്യർ, സദ്ദൂചർ, എസ്സേനികൾ എന്നീ മൂന്നുകൂട്ടരെപ്പററി അറിഞ്ഞാൽ മതിയാകുന്നതാണ്:

ഫരീസ്യപ്രസ്ഥാനത്തിൻെറ ഉല്പത്തിയെപ്പററി സുനിശ്ചിതമായ യാതൊരറിവും നമുക്കില്ലെങ്കിലും യഹൂദവേദപ്രകാരം യഹൂദജാതിക്കു വിധിക്കപ്പെട്ടിട്ടുള്ള പ്രത്യേകതയിൽനിന്നായിരിക്കണം അതാരംഭിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. ഈശ്വരാരാധനത്തിൻെറ പരിശുദ്ധിയെ സംരക്ഷിക്കണമെങ്കിൽ വിഗ്രഹാരാധനക്കാരായ ജനങ്ങളുമായി യാതൊരുവിധസംസർഗ്ഗവും പാടില്ലെന്നുള്ളതു് മോശയുടേയും ദീർഘദർശികളുടേയും അനുശാസനങ്ങളിലൊന്നാണ്. ഇസ്രയേൽജനത്തിൻെറ ബാബിലോണിൽനിന്നുമുള്ള പ്രത്യാഗമനത്തിനുശേഷം മതസംരക്ഷണത്തിനുള്ള വൈഷമ്യങ്ങൾ വർദ്ധിക്കുകയാൽ ഈ ശാസനം പൂർവാധികം ഊർജ്ജിതമായി അനുഷ്ഠിക്കപ്പെടേണ്ടിവന്നു. ഇതരമതസ്ഥരോടുള്ള ഈ അകൽച്ച സിറിയൻ രാജാക്കന്മാരുടെ കീഴിൽ മതപരിവർജ്ജനം നിർബന്ധിതമായിബ്ഭവിച്ചപ്പോൾ അത്യന്താപേക്ഷിതമായിത്തീർന്നു. മതതിക്ഷ്ണതയുള്ള യഹൂദന്മാരെല്ലാവരും ഈ വിഷമഘട്ടത്തിൽ സ്വരക്ഷക്കായി കൂടിച്ചേർന്ന് ഒരു പ്രത്യേകസംഘം രൂപവത്കരിച്ചു. ഈ സംഘത്തിൻെറ അംഗങ്ങൾ ഭക്തന്മാർ എന്നർത്ഥമുള്ള 'അസ്സീഡിയന്മാർ' എന്ന നാമത്താൽ അറിയപ്പെട്ടു.

മത്താത്ത്യാസ്സിൻേറയും അദ്ദേഹത്തിൻെറ പുത്രന്മാരുടേയും നേതൃത്വത്തിൽ ഈ ഭക്തന്മാരുടെ ശക്തി അജയ്യമായിത്തീർന്നു. അവരുടെ ധൈര്യവും വൈരാഗ്യവും ദൈവത്തിലും ദൈവദൂതന്മാരിലുമുള്ള അവരുടെ വിശ്വാസത്തിൻെറ ദാർഢ്യവും അന്യാദൃശവും പ്രശംസനീയവുമായിരുന്നു. എന്നാൽ വിജാതീയരുമായുള്ള യുദ്ധവും മാത്സര്യവുമെല്ലാം അവസാനിച്ചു സമാധാനം പുനഃസ്ഥാപിതമായപ്പോൾ, മുമ്പു ശ്ലാഘനീയമായിരുന്ന അവരുടെ മതപ്രതിപത്തി സീമാതീതമാവുകയും ഒടുവിൽ കേവലം മതഭ്രാന്തായിപ്പരിണമിക്കുകയുംചെയ്തു. അവരുടെ സ്വരാജ്യസ്നേഹം ക്രമേണ വിദേശീയവിദ്വേഷമായിത്തീർന്നു. വിജാതീയരുടെ അശുദ്ധികരമായ സഹവാസത്തിൽനിന്നു് ഓടിയൊളിക്കുകയെന്നുള്ളതു് ഈ ഭക്തസംഘത്തിന് അലംഘനീയമായ ഒരു നിയമമായിത്തീരുകയും ആ നിയമത്തിനു യഹൂദരെയേവരെയും വിധേയരാക്കുന്നതിന് അതിഭക്തരായ ഈ സംഘാംഗങ്ങൾ ആഗ്രഹിക്കുകയും ചെയ്തു. അകന്നുമാറി ജീവിക്കുകയെന്നുള്ള ഈ നിയമത്തിൽനിന്നാത്രേ 'വിയുക്തൻ' എന്നർത്ഥമുള്ള 'പാരൗഷ്', 'ഫരീസ്സി' എന്ന അരമേയൻസംജ്ഞ ആഗമിച്ചിട്ടുള്ളതു്. പ്രസ്തുത അതിഭക്തന്മാരുടെ ഉപദേശങ്ങളെ അനുസരിക്കാതിരുന്ന യഹൂദന്മാർ 'ഫരീസ്യർ' എന്ന ഈ അപരനാമം അവർക്കു നൽകി.

മെക്കാബികളാകട്ടെ അവരുടെ പാർശ്വവർത്തികളായിരുന്ന പുരോഹിതന്മാരാകട്ടെ ഈ സംഗതിയിൽ ഫരീസ്യരെ അനുകരിച്ചില്ല. ഇതരരാജ്യങ്ങളുമായി രാഷ്ട്രീയബന്ധം പരിപാലിക്കുന്നതിനു നിർബന്ധിതരും അധികാരത്തിൻെറയും ധനത്തിൻെറയും പ്രതാപമഹിമകളാൽ ആകൃഷ്ടരുമായ യൂദേയായിലെ ആ അഭിനവനരേന്ദ്രന്മാർ ഈ മതപ്രമത്തന്മാരുടെ അനുശാസനങ്ങളെ നിരാകരിച്ചു. അവർ വേദനിയമത്തിൻെറ പ്രത്യക്ഷര (സദേച്ഛ)മായ അനുഷ്ഠാനത്തിൽമാത്രം ശ്രദ്ധിച്ചു. ഇതിൽനിന്നു് അവർക്കു ന്യായസ്ഥന്മാർ എന്നർത്ഥമുള്ള 'സദ്ദൂച്യർ' എന്ന നാമം സിദ്ധിച്ചു. മെക്കാബികളുടെ കാലത്തു ഫരീസ്യരുടെയും സദ്ദൂച്യരുടെയും ആവിർഭാവവും ഭിന്നങ്ങളായ അവരുടെ രീതിവിശേഷങ്ങളും ഇപ്രകാരമായിരുന്നു. ക്രിസ്തുവിൻെറകാലത്തു അവരുടെ ആദർശങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പരിണാമഫലങ്ങൾ എന്തായിരുന്നുവെന്നു നമുക്കു അന്വേഷിക്കാം. ഇവർ ഇരുകൂട്ടരും അവരവർ അവലംബിച്ച അധോമുഖമായ സരണിയിൽക്കൂടി പുരോഗമനം ചെയ്തു. പുരോഹിതപ്രഭുക്കന്മാരും വൈദികശ്രേഷ്ഠന്മാരുമായ സദ്ദൂച്യർ സമുദായത്തിലും രാഷ്ട്രത്തിലുമുള്ള അവരുടെ സ്ഥാനങ്ങളെ പരിരക്ഷിക്കുന്നതിനു കാലോചിതങ്ങളും നവംനവങ്ങളുമായ സകലോപായങ്ങളെയും പ്രയോഗിക്കുകയും, സ്വരാജ്യത്തിൻെറ പാരാധീനത പ്രത്യക്ഷമായി വന്നതോടുകൂടി അയൽരാജ്യക്കാരോടും വിജാതീയരോടുമുള്ള ബന്ധം പൂർവാധികം സൌഹാർദ്ദപരമായി പരിപാലിക്കുകയും ചെയ്തു. യഹൂദേതരലോകവുമായുള്ള സനാതനസംസർഗ്ഗം ഹേതുവായി സദ്ദൂച്യരുടെ മതവിശ്വാസം ക്രമേണ ക്ഷയിക്കുകയും റോമയിലും മററും പ്രചാരത്തിലിരുന്ന സുഖഭോഗതത്വങ്ങൾക്കു അവർ വശീഭവിക്കുകയും ചെയ്തു. സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസം അവർക്കു നിശ്ശേഷം നഷ്ടമായില്ലെങ്കിലും, പ്രപഞ്ചപരിപാലനത്തിൽ അദ്ദേഹത്തിനു കാര്യമായ എന്തെങ്കിലും പങ്കുള്ളതായി അവർ സംവദിച്ചില്ല. "ജനങ്ങൾക്കു വേദപ്രമാണം പ്രദാനംചെയ്തശേഷം യഹോവാ മനുഷ്യനെ അവൻെറ സ്വതന്ത്രമനസ്സിൻെറ സ്വഛന്ദവും അപ്രതിഹതവുമായ വിഹാരത്തിനായി സംത്യജിച്ചിട്ടു പ്രശാന്തമായ നിത്യതയിലേക്കു തിരോധാനംചെയ്തു" എന്നു അവർ സിദ്ധാന്തിച്ചു. അചിരേണ അവർ ആത്മാവിൻെറ അനശ്വരതയേയും ശരീരത്തിൻെറ പുനരുത്ഥാനത്തെയും മാലാഖമാരുടെ സത്തയേയുംകൂടി നിഷേധിച്ചു. എങ്കിലും യഹോവായുടെ ആചാര്യന്മാരായ അവർ വേദനിയമങ്ങളെ അനുസരിക്കുന്നതിലും വൈദികകർമ്മങ്ങളെ അനുഷ്ഠിക്കുന്നതിലും ജാഗരൂകരായിത്തന്നെ വർത്തിച്ചു. എന്നാൽ അതിഭക്തരായ ഫരീസ്യരുടെ അമിതവാദങ്ങളെ സാവജ്ഞം നിരസിച്ചു. "ഐഹികജീവിതത്തിൽ ഫരീസ്യർ കഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ചു് സ്വയം പീഡിപ്പിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകാനില്ല. അവരുടെ കഷ്ടാനുഭവങ്ങൾക്കു ഈ ലോകത്താകട്ടെ മറേറതെങ്കിലും ലോകത്താകട്ടെ അവർക്കു ഒരു പ്രതിഫലവും കിട്ടുകയില്ലെന്നുള്ളതു തീർച്ചയാണ്" എന്നു് അവർ പരിഹാസമായിപ്പറഞ്ഞിരുന്നു. (തുടരും)


## ചില രസികൻ നോവലുകൾ.

| | ക. | ണ. |
|---|---|---|
| മായാമണ്ഡലം | 1 | 8 |
| കുസുമോത്സവം | 1 | 8 |
| ഇന്ദിര | 1 | 0 |
| പ്രണയപാശം | 1 | 0 |
| പ്രണയപ്രതീകാരം | 1 | 0 |
| ദൊരശ്ശ്ണി | 0 | 12 |
| ചിത്രലേഖ | 0 | 12 |
| അമരസിംഹൻ | 0 | 12 |
| കാലൻെറ കൊലയറ | 1 | 0 |
| അരമനരഹസ്യം | 1 | 0 |
| അംഗനാചുംബനം(മൂന്നുഭാഗം) | 3 | 0 |
| ചമ്പകമാല | 0 | 10 |
| അഹിഭയം | 1 | 8 |
| വാസിനി | 0 | 12 |
| മലയൻ | 0 | 12 |
| ബാങ്കർ ചന്ദ്രശേഖരൻ | 0 | 12 |
| അവളുടെ അത്ഭുതപ്രേമം | 0 | 10 |
| കമലാഭായി | 1 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 |
| ചമ്പകമാല | 0 | 12 |

ശ്രീരാമവിലാസം ബുക്കഡിപ്പോ,
കൊല്ലം.

# ബുദ്ധമതതത്വങ്ങൾ.

(തുടർച്ച)

കെ. പി. ഗോപാലമേനോൻ. (ഹൈക്കോടതിജഡ്ജി)

## മൂന്നാം അദ്ധ്യായം.

### ആത്മനിഷ്ഠ.

"ആത്മാവല്ലാതെയുള്ള ദേഹാദിവസ്തുക്കളി–
ലാത്മാവെന്നുള്ള ബോധംയാതൊന്നുജഗത്രയേ
മായയാകുന്നതു നിർണ്ണയമതിനാലെ
കായസംബന്ധമാകും സംസാരംഭവിക്കുന്നു.

* * * *

ജനനജരാമരണങ്ങളെ ചിന്തിച്ചുള്ളി
ലനഹങ്കാരത്വേന സമഭാവനയോടും
സർവ്വാത്മാവാകുമെങ്കലുറച്ചമനസ്സോടും
സർവ്വദാരാമരാമേത്യമിത്ജപത്തോടും
പുത്രദാരാർത്ഥാദിഷുനിസ്സ്നേഹത്വവുംചെയ്തു
സക്തിയുമൊന്നിങ്കലുംകൂടാതെ നിരന്തരം
ഇഷ്ടാനിഷ്ടപ്രാപ്തിക്കുതുല്യഭാവത്തോടുംസ–
ന്തുഷ്ടനായ്വിവിക്തശുദ്ധസ്ഥലെവസിക്കണം

രാമായണം ആരണ്യകാണ്ഡം ലക്ഷ്മണോപദേശം.

രാജകുമാരനും രാജകുമാരിയ്ക്കും വേണ്ട സകലസുഖങ്ങളും കൊടുക്കണമെന്നുള്ള താല്പര്യത്താൽ മഹാരാജാവു് തന്റെ അരമനയെതന്നെ അവർക്ക് താമസത്തിനായി വിട്ടുകൊടുത്തു. ലോകത്തിലുള്ള കഷ്ടപ്പാട്, ബുദ്ധിമുട്ട് ഇവകൾ കേട്ടറിവാൻ പോലും ഇടകൊടുക്കാതെയാണ് ഈ ദമ്പതിമാരെ അരമനയിൽ താമസിപ്പിച്ചുവന്നിരുന്നതു് ഇവർക്ക് എന്തെല്ലാം വേണമോ അതുകളെല്ലാം മനസ്സിൽ വിചാരിക്കുന്നതിനു മുമ്പുതന്നെ തയാറാക്കിയിരിക്കും. എന്നുമാത്രമല്ല ഇവർ താമസിക്കുന്ന രീതികൾ കണ്ടും കേട്ടും മഹാരാജാവു് വളരെ സന്തോഷത്തോടു കാലംകഴിച്ചുവന്നു.

എന്നാൽ ചങ്ങലയിട്ടു കെട്ടിയിട്ടിരിക്കുന്ന ആന കാടുകാണുവാൻ ആഗ്രഹിക്കുന്നതുപോലെ, ഇഹലോകവ്യാപാരങ്ങൾ നേരെ കണ്ടു മനസ്സിലാക്കണമെന്നു സിദ്ധാർത്ഥനു് താല്പര്യവും സിദ്ധാന്തവും ഉണ്ടാകയും തന്റെ പിതാവിനോടു്, അരമനവിട്ടുപോയി രാജ്യത്തിൽ സഞ്ചരിക്കുവാൻ അനുവദിക്കണമെന്നു് അപേക്ഷിക്കുകയുംചെയ്തു. ഉദ്ദേശം മനസിലാക്കാതെ മഹാരാജാവു് അനുവാദം നൽകുകയും, തന്റെ മന്ത്രിമാരെ വിളിച്ചു രത്നഖചിതമായ ഒരു രഥം വലിയ നാലു കുതിരകളെ പൂട്ടി തയാർചെയ്യുന്നതിനും രാജവീഥികളെല്ലാം അടിച്ചുതളിച്ചു വൃത്തിയാക്കി കടൽമണ്ണും വിരിച്ചു തോരണങ്ങളും കെട്ടി ശരിപ്പെടുത്തുവാനും ആജ്ഞാപിച്ചു. രാജധാനിയിലുള്ള വീടുകളെല്ലാം വെള്ളയടിച്ചും കോലങ്ങൾ ഇട്ടും അലങ്കരിച്ചുവരുന്നു. എവിടെ നോക്കിയാലും പ്രത്യേകവേഷങ്ങളോടുകൂടിയ കാലാൾപ്പടകളും കുതിര സൈന്യവും കൊടികൾ പറപ്പിച്ചുനിൽക്കുന്നു. ആലവട്ടം, വെഞ്ചാമരം, കുട, തഴ ഇവകളോടും വാദ്യഘോഷങ്ങളോടുംകൂടിയ രാജകീയ ആഡംബരസഹിതമുള്ള കുമാരരാജാവിന്റെ എഴുന്നള്ളത്തുകാണുവാൻ അത്യാഗ്രഹത്തോടുകൂടി എല്ലാ തെരുവുകളിലും വീടുകളിലും ജനങ്ങൾ തിക്കിതിരക്കി ഞെരുങ്ങികൂടി വിനീതരായി നിലകൊള്ളുന്നു. വിദ്യാലയങ്ങളിൽനിന്നും കുട്ടികൾ എല്ലാം വരിവരിയായിനിന്നുകൊണ്ടു മംഗളഗാനങ്ങൾ മുഴക്കുന്നു ക്ഷേത്രങ്ങളിൽനിന്നും പൂർണ്ണകുംഭങ്ങളോടുകൂടി വേദോച്ചാരണസഹിതം ബ്രാഹ്മണർ രാജകുമാരനെ അനുഗ്രഹിക്കുവാൻ പുറപ്പെട്ടിരിക്കുന്നു രാജകുമാരൻ രഥത്തിൽ എഴുന്നള്ളിവരുന്നതു കണ്ട ആബാലവൃദ്ധം ജനങ്ങളും നിശ്ശബ്ദരായി സാഷ്ടാംഗം വീണുനമസ്കരിക്കുകയു പുഷ്പവൃഷ്ടിചെയ്കയും ചെയ്യുന്നു മന്ദഹാസത്താൽ സുപ്രസന്നമുഖനായ, "ഛന്ദൻ"എന്ന തന്റെ സാരഥിയാൽ നയിക്കപ്പെട്ട രഥത്തിൽ ഇരുന്നു് സിദ്ധാർത്ഥരാജകുമാരൻ എല്ലാവരോടും തലതാഴ്ത്തി വന്ദനം ചെയ്തുകൊണ്ടു എഴുന്നള്ളുന്നു രാജവീഥിയെല്ലാം ചുററിക്കഴിഞ്ഞയുടൻ രാജകുമാരൻ തന്റെ സാരഥിയെ വിളിച്ചു് വിജനവും വൃക്ഷങ്ങളാലും അരുവികളാലും നിറയപ്പെട്ടതുമായ ഒരു പ്രദേശത്തേക്കു തന്റെരഥത്തെ വിടുവാൻ ആജ്ഞാപിച്ചു. സാരഥി അപ്രകാരം ചെയ്യുകയും രാജകുമാരൻ കേവലം ഒരു മലംപ്രദേശത്തു വന്നുചേരുകയും ചെയ്തു.

ഈ സ്ഥലത്തു നരച്ചതലമുടിയോടും ക്ഷീണിച്ചു വളഞ്ഞ ദേഹത്തോടും കീറിയ വസ്ത്രങ്ങളോടും വ്യസനിച്ചു, ബുദ്ധിമുട്ടി കാട്ടുകമ്പും ഊന്നി പതുക്കെപ്പതുക്കെ നടക്കുന്ന ഒരു വഴിപോക്കനെ രാജകുമാരൻ കാണുകയും ഉടനെ രഥത്തിൽനിന്നും ഇറങ്ങി തന്റെ സാരഥിയോടു് "ഛന്ദാ! ഇതാരാണു്? ഇദ്ദേഹത്തിനു നടക്കാൻകൂടി പാടില്ല. വളരെ ക്ഷീണിച്ചും ഇരിക്കുന്നു. കയ്യും കാലും വിറക്കുന്നു. മുഖത്തു വ്യസനമേ കാണുന്നുള്ളു. എന്തുകഷ്ടമാണിതു്?" എന്നു ചോദിക്കയുംചെയ്തു.

രാജകുമാരാ! ഇതെല്ലാം വാർദ്ധക്യലക്ഷണങ്ങളാണു്. ഒരുകാലത്തു് ഇയ്യാളും ദേഹശക്തിയോടും യൗവനചേഷ്ടകളോടുംകൂടി ഇരുന്നവനാണു്. പക്ഷെ ഇപ്പോൾ അതെല്ലാം പോയി മരണകാലം അടുത്തിരിക്കുന്ന സ്ഥിതിയിൽ ബുദ്ധിമുട്ടി നടക്കുകയാണു് എന്നു സാരഥി പറഞ്ഞു. ഉടനെ അസഹ്യമായ ദുഃഖത്തോടും നെടുവീർപ്പോടുംകൂടി സിദ്ധാർത്ഥനു് "കഷ്ടം കഷ്ടം മനുഷ്യർക്ക് എന്തു സന്തോഷമാണുള്ളതു്. ഒരു കാലത്തു ഈ സ്ഥിതിയാകുമെന്നുള്ള ഓർമ്മയുണ്ടെങ്കിൽ യൗവ്വനചാപല്യങ്ങളും, പദവി, അഹങ്കാരം, ആഹ്ളാദം ഇവകളും തുച്ഛമല്ലെ"എന്നു തോന്നുകയും ഇതിനെ വിളിച്ചുപറയുകയും ചെയ്തു

കുറച്ചു കഴിഞ്ഞയുടനെ വേദന സഹിക്കാൻവയ്യാതെ വാവിട്ടു നിലവിളിച്ചും ശ്വാസംവലിച്ചും രക്തമയമില്ലാതെയും കാലിൽ വലുതായ പുണ്ണുപിടിച്ചു് അഴുകിയും ദേഹം ശോഷിച്ചുപ്രാകൃതസ്ഥിതിയിലായും ഒരു മഹാരോഗി കടന്നുപോയി. ആ രോഗി, രാജകുമാരനെകണ്ടു് ഭിക്ഷ ചോദിക്കയും സിദ്ധാർത്ഥൻ ദുഃഖത്തെ അടക്കുവാൻ സാധിക്കാതെ "അയ്യോ! മനുഷ്യരെ ദൈവം ഈ സ്ഥിതിയിലും ആക്കുമോ" എന്നു തുറന്നുപറഞ്ഞുപോകയുംചെയ്തു.

ഇതു രണ്ടും കണ്ട ഉടനെ സിദ്ധാർത്ഥൻ "മനുഷ്യജീവിതം കേവലം നിസ്സാരം, അരമനയും ആഡംബരവും അനാവശ്യം, ധനവും മണ്ണും സമാനം. എല്ലാവർക്കും ഇതാണല്ലോ ഗതി" എന്നു പറഞ്ഞു മയങ്ങി വീഴുകയും സാരഥി ഉടനെ രാജകുമാരനെ രഥത്തിൽ എടുത്തിരുത്തി കുതിരകളെ വേഗത്തിൽ ഓടിക്കുവാൻ തുടങ്ങുകയും ചെയ്തു. കുറച്ചു പോയപ്പോഴേക്കും പൂമാലയണിയിച്ചു് നാലുപേർ തൂക്കി ഒരു ശവത്തെ കൊണ്ടുവരുന്നതുകണ്ടു് രാജകുമാരൻ "ഛന്ദാ," സാരഥി, ഇതെന്താണു്. നല്ല പൂമാലയണിഞ്ഞിട്ടുണ്ടു്. വെള്ളവസ്ത്രം ഇട്ടു മൂടിയിട്ടുണ്ടു്. എന്നാലും തൂക്കിക്കൊണ്ടുവരുന്ന നാലുപേരും കരയുന്നല്ലോ" എന്നു ചോദിച്ചതിനു് സാരഥി "രാജകുമാര! ഇതു് ഒരു മരിച്ച ദേഹമാണു്. അയാളുടെ കുടുംബത്തിലുള്ളവരും ബന്ധുക്കളും ശവദാഹത്തിനായി ശ്മശാനത്തിലേക്കു കൊണ്ടുപോകയാണു്. അയാൾ മരിച്ചുപോയ വ്യസനം സഹിക്കാൻവയ്യാതെ അവർ കരയുകയാണു്" എന്നു മറുപടിപറഞ്ഞു. ഉടനെ രാജകുമാരൻ "ഈ ലോകത്തിൽ മരണംഅടഞ്ഞതു് ഇയ്യാൾ മാത്രമേഉള്ളോ, ഇതുപോലെ ഇനിയും വേറെ ആളുകളും ഉണ്ടോ" എന്നു ചോദിക്കയും സാരഥി വ്യസനാക്രാന്തനായി "ഭൂലോകത്തിൽ എല്ലാവരുടേയും ഗതി ഇതുതന്നെയാണെന്നു് മറുപടിപറകയും ചെയ്തു. ഇതു കേട്ട ഉടനെ രാജകുമാരൻ വളരെ ഉറക്കെ "ഹാ മനുഷ്യജീവികളെ, നിങ്ങളുടെ മായാജീവിതം കഷ്ടംതന്നെ. ഒരുകാലത്തു ദേഹം ഭസ്മമായി ഭൂമിയോടു ചേരുമെന്നുള്ള ഓർമ്മയില്ലാതെ, കാമ,ക്രോധ,മോഹമദമാത്സര്യത്തോടുകൂടി നിങ്ങൾ ജീവിച്ചുവരുന്നല്ലൊ. കഷ്ടം കഷ്ടം കഷ്ടം." ഇതെല്ലാം കണ്ടു ഭയന്നും രാജകുമാരന്റെ സ്ഥിതിയിൽ ആശ്ചര്യപ്പെട്ടും സാരഥി, രഥം തിരിച്ചു് കുതിരകളെ അരമനയിലേക്കു് ഓടിച്ചു. പോകുന്നവഴിക്കു കൃശഗൌതമി എന്ന ഒരു രാജകുമാരി സിദ്ധാർത്ഥനെക്കണ്ടു് സഹിക്കാൻവയ്യാതെ "ഈ മന്മഥതുല്യനായ കുമാരന്റെ പിതാവിനെക്കാൾ ഭാഗ്യവാൻ ആരെങ്കിലും ഉണ്ടോ? ഇവനെ വളർത്തിയ അമ്മയല്ലെ പുണ്യവതി? ഇവൻ വരിച്ച ഭാര്യയല്ലെ ഭാഗ്യവതി?" എന്നു വിളിച്ചുപറയുന്നതു് രാജകുമാരൻ കേട്ടു് "അല്ലയോ രാജകന്യകെ! നീ പറഞ്ഞതൊന്നും ശരിയല്ല. ഈ ജന്മത്തിൽ നിന്നും മോചനം സിദ്ധിക്കുന്നവരാണു് ഭാഗ്യവാന്മാർ, മനഃസമാധാനത്തോടുകൂടി ഇരുന്നു് ഇന്നുമുതൽഞാൻ "നിർവ്വാണ"ത്തിനുള്ള മാർഗ്ഗങ്ങൾ തേടുവാൻ

# കൊയ്ത്തുകാരി.

കെ. കെ. വേലായുധൻപിള്ള ബി. ഏ

( മഞ്ജരി )

കണ്ടാലുമൊററയ്ക്കൊരുഞ്ഞാൽപാട്ടുംപാടി-
ക്കൊണ്ടേതാമൽഗ്രാമീണപ്പെൺകൊടിയാം
കണ്ടത്തിൽനിന്നതാകൊയ്യുന്നു; നിൽക്കണേ
മിണ്ടാതെപോകുവിനല്ലയെങ്കിൽ.
തന്നാടൽപാടിനെപ്പാടിക്കൊണ്ടുകന്യ
തന്നത്താൻ കെട്ടുന്നുകൊയ്തതെല്ലാം
ധന്യാസ്സംഗീതംതാഴ്‌വരചൂഴവും
നിന്നുതുളുമ്പിമുഴങ്ങിടുന്നു.
താന്തരായ്‌വന്മണൽകാന്താരംവിശ്രാന്ത-
സ്വാന്തരായ്‌നീന്തുന്നപാന്ഥരിൽതാൻ
സാന്ദ്രമിതിലുംമധുരമായ്‌പൂംകുയിൽ
സാന്ത്വനഗാനംപൊഴിച്ചതില്ല.
ഇത്രകുളുർമ്മയിക്കോളിളക്കുംശബ്ദത്തെ
തത്ത,ശരത്തിൽപൊഴിച്ചീലെങ്ങും
എന്താവാംപാടുന്നതോമലാളാകുല
ബന്ധുരമാകും മൃദുസ്വരത്തിൽ?

പണ്ടുപടവന്നകാര്യമോനാട്ടാക്ക-
ങ്ങുണ്ടായോരിണ്ടലോ,അല്ലയെങ്കിൽ;
ഉള്ളിൽകൊള്ളാതുള്ളവല്ലവല്ലായ്മയോ
വല്ലോരുംപൊയ്പ്പോയവേദനയോ,
വല്ലതുംസാമാന്യസംഭവമായിടാം
കല്യാംഗിതൻകളഗാനവസ്തു.
എന്തായാലുംകൊള്ളാം;കന്യകപാടിനാൾ
അന്തമില്ലപ്പാട്ടിനെന്നാവണ്ണം
കണ്ടേൻ,കുനിഞ്ഞവൾപൊല്ക്കതിരൊന്നൊ
(ന്നായ്
കണ്ടിച്ചുകൊൾവതുപാടിക്കൊണ്ടേ.
നിഷ്പന്ദംനിന്നാനിരുഗ്ഗളമാധുരി
ഉൾക്കൊണ്ടേനല്പവുംചോന്നിടാതെ.
ഏറിനേൻതേരി,യെന്നാലുമാമാധുരി
ഊറിയെന്നുള്ളിലുയരുംതോറും.

---

Wordrworth ൻെറ Reaper എന്ന കവിതയിൽനിന്നു്.


---

നിഷ്ഠയെടുത്തിരിക്കുന്നു" എന്നുപറഞ്ഞു് തന്റെ കഴുത്തിൽ കിടന്ന രത്നഖചിതമായ ഒരു ഹാരം ആ രാജകന്യകയ്ക്കു കൊടുത്തു് അരമനയിൽ വന്നുചേൎന്നു.

അരമനയിൽ എത്തിയ ഉടനെ താൻ ധരിച്ചിരുന്ന വിലപിടിച്ച വസ്ത്രങ്ങളേയും അണിഞ്ഞിരുന്ന സകല ആഭരണങ്ങളേയുംഅഴിച്ചു് ദൂരെ എറിയുകയും, മുഖം വാടി വളരെ ദുഃഖത്തോടുകൂടി ഇരിക്കയും, ചെയ്യുന്നതുകണ്ടു് സഹിക്കാൻവയ്യാതെ രാജകുമാരി "അല്ലയോ ഭൎത്താവേ! ഇതെന്താണു് അവിടുന്നു ഇങ്ങിനെ വ്യസനിക്കുന്നതു്. എന്താണു് കാരണം" എന്നു നിർബ്ബന്ധിച്ചു ചോദിക്കയും അതിനു് സിദ്ധാൎത്ഥൻ "ഇതെല്ലാം മായയാണു്, ഭൂലോകത്തിൽ ഒന്നും നിത്യമായും സ്ഥിരമായും ഇല്ലാ. ഇഹലോകസുഖങ്ങളെല്ലാം തുച്ഛം. ജനിച്ചാൽ മരണം നിശ്ചയം. എനിക്കു നിർവ്വാണമാൎഗ്ഗങ്ങൾ ആരാഞ്ഞു് കണ്ടുപിടിക്കണമെന്നാണു് താല്പൎയ്യം. അതിനായി ഞാൻ പുറപ്പെടുന്നു. രാജ്യവും വേണ്ട, ഒരു സമ്പത്തും വേണ്ട" എന്നു മറുപടിപറഞ്ഞു് നിശ്ചഞ്ചലമായി മൂർഛിച്ചുവീഴുകയും ഇതുകേട്ടു് മഹാരാജാവു വ്യസനിച്ചുദുഃഖാക്രാന്തനായിത്തന്നെ കാലം കഴിച്ചുവരികയുംചെയ്തു.

---


## പ്രചാരത്തിനായി മത്സരവില



വളരെ ബലമുള്ള വെള്ളവലകൊണ്ടുണ്ടാക്കപ്പെട്ടതോ മനോഹര വൎണ്ണങ്ങളിലുള്ളതോ ആയതും വളരെ ഈടുള്ളതുമായ സ്വദേശി കൊതുകുവലകൾ, ഒരേവിലയ്ക്കു വിൽക്കപ്പെടുന്നു. ഇഷ്ടമുള്ള ഏതു വലിപ്പത്തിലും ആർഡർ കിട്ടിയ 4 മണിക്കൂറിനകം ചെയ്തുതരുന്നതാണു്.

| നീളം. | വീതി. | ഉയരം. | | വില. | |
|---|---|---|---|---|---|
| 6 | 3½ | 2½ | 1 | 14 | 0 |
| 6 | 4 | 4 | 2 | 0 | 0 |
| 6½ | 4½ | 4½ | 2 | 8 | 0 |
| 7 | 5 | 5 | 3 | 0 | 0 |
| 7½ | 6 | 6 | 4 | 0 | 0 |

ഏതെങ്കിലും നാലുവലകൾ ഒരുമിച്ചു വാങ്ങുന്നവൎക്കു തപാൽചിലവും 6 എണ്ണം വാങ്ങുന്നവൎക്കു ഇക്കാണുന്ന മനോഹരമായതും ൪ വൎഷത്തെ ഗാറൻറിയുള്ളതുമായ നിക്കൽ റിസ്റ്റ്‌വാച്ചും ഇനാം. മാതൃക കട്ടിംഗ്സിനു് അപേക്ഷിക്കുക.

Bijaya Shambhu & Co
Baralazar, Calcutta.



## സൈൻറിഫിക്ക് സ്വൎണ്ണാഭരണങ്ങൾ

—*—

(തനി സ്വൎണ്ണത്തിനു പകരമുള്ളതു്)
ഹൈക്കോടതിജഡ്ജിമാർ, ഗവൎമ്മെൻറിൻെറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം.
**The Scientific Gold Bangles Co., Ltd,**
Head Office:- 43, Byragimatam Street,
Post Box No. 203. MADRAS.



## ഒരേറിനു രണ്ടു പക്ഷിയെക്കൊല്ലാൻ

സുവൎണ്ണാവസരം.



പുഴക്കടി ഭേദപ്പെടുത്തുന്നതിനും മഴനനയാതിരിക്കുന്നതിനുംകൂടി, ഞങ്ങളുടെ പുഴക്കടിതൈലം ൨൪ മണിക്കൂർകൊണ്ടു പുഴക്കടിയെ ഭേദപ്പെടുത്തുന്നു. ഇതിനെ പ്രചാരപ്പെടുത്തുന്നതിനായി ൨൪ ഡപ്പി ഒരുമിച്ചു ൩ ക. വിലയ്ക്കു വാങ്ങുന്നവൎക്കു ഇനാമായി പട്ടയോടുകൂടിയ ഡമ്മി റിസ്റ്റ്‌വാച്ചു ൧, ചങ്ങലയോടുകൂടി ഇൻഫൻറു പാക്കററുവാച്ചു ൧, ൧൦ വൎഷത്തെ ഗാരൻറിയുള്ളതും കൃത്യമായി സമയം സൂചിപ്പിക്കുന്നതുമായ 'ബീ' ടൈംപീസ്സു് ൧, ബാററിയോടുകൂടിയ ടാർച്ചുവിളക്കു ൧, ഫൗണ്ടൻപേന ൧, ബ്ലേഡുസഹിതം സേഫ്റ്റി റേസർ ൧, ബ്രഷ്, സോപ്പ്, ചീപ്പ് അല്ലെങ്കിൽ കൂടിയതരം വാട്ടർപ്രൂഫ് (മഴക്കോട്ടു) കോട്ടു ൧ പാക്കിംഗും പോസ്റേറജും പ്രത്യേകം (കോട്ടിൻെറനിറവും അളവുംഅയയ്ക്കണം. തൃപ്തികരമല്ലെങ്കിൽവില തിരിച്ചുതരുന്നതാണു്.)

International Trading Co., Post Box No. 6714 (Sect. No 11, M. Q.)Calcutta.



## കാമകലാസഞ്ചികകൾ

---

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധർമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാൎഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുർവ്വഹഭാരം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ഗൂഢതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു.

ഏഴിനുംകൂടി 1 രൂ. 8 ണ.

ശ്രീരാമവിലാസം ബുക്കുഡിപ്പോ,
കൊല്ലം.

ജീവചരിത്രം.

# സർ. രാമകൃഷ്ണഗോപാൽഭൻഡർകർ

## കേ സി. ഐ. ഈ., എം. ഏ. പി. എച്ച് ഡി, എൽ എൻ.ഡി.

കേ. സി. പിള്ള, ശാന്തിനികേതനം.

പാശ്ചാത്യരുടെ ആക്രമണത്തിനും അവരുടെ സംസ്കാരത്തിന്റെ സംസൎഗ്ഗത്തിനുംശേഷം അഭിനവഭാരതത്തിന്റെ രൂപീകരണത്തിൽ കത്തൃത്വം വഹിച്ചിട്ടുള്ള മഹാന്മരിൽ സുപ്രസിദ്ധനായ സർ. ആർ. ജീ. ഭൻഡർകർ ഒരു പ്രധാനസ്ഥാനം അർഹിക്കുന്നു റാനഡേ, ദാദാബായി, ഗോഖലേ ഇവരെക്കഴിഞ്ഞാൽ ഇദ്ദേഹത്തെപ്പോലെ ഇത്ര ബഹുമതി സമ്പാദിച്ചവർ മഹാരാഷ്ട്രത്തിൽ ആരുംതന്നെ ഇല്ല. പ്രവൃത്തിരംഗം ഭിന്നമായിരുന്നുവെങ്കിലും തന്റെ സമകാലീനന്മാരായ രാഷ്ട്രീയ പ്രവത്തകന്മാരിൽനിന്നും ഒരുതരത്തിലും താഴേ അല്ലാത്ത ഒരു സ്ഥാനം ജനതാമദ്ധ്യത്തിൽ ഭൻഡർകർ സമ്പാദിച്ചിരുന്നു. അപാരമായ പാണ്ഡിത്യം, പൌരസ്ത്യവിജ്ഞാനത്തിന്റെ വിഭിന്നശാഖകളിലുമുള്ള ഗവേഷണം, സമുദായപരിഷ്കാരപ്രവത്തനങ്ങൾ, സർവ്വോപരി പ്രശംസാർഹമായ സന്മാൎഗ്ഗനിഷ്ഠ, സത്യാന്വേഷണം ഇതുകളാൽ അദ്ദേഹം ഒരു മഹഷി എന്നാണറിയപ്പെട്ടിരുന്നതു്. രാജ്യകാൎയ്യങ്ങളിൽ നേരിട്ടല്ലെങ്കിലും ദേശീയപ്രബുദ്ധതയ്ക്കു് ഗണനീയമായ പ്രചോദനം അദ്ദേഹം നൾകിവന്നിരുന്നു. പരിപൂൎണ്ണമായ പാണ്ഡിത്യവും നിരന്തരമായ പരിശ്രമവുംമൂലം യൌവനകാലത്തിൽതന്നേ തനിക്കു സമ്പാദിക്കാൻ കഴിഞ്ഞ യൂറോപ്യൻ പ്രഫസർമാരുമായുള്ള സമനിലയും തന്റെ ഗ്രന്ഥങ്ങളിൽ തെളിഞ്ഞുകാണുന്ന ഭാരതീയസംസ്കാരത്തിന്റെ മാഹാത്മ്യവും നാട്ടുകാരിൽ ഒരുത്തമനായ രാഷ്ട്രീയ പ്രവത്തകനുണ്ടാക്കാൻ കഴിയുന്ന ദേശാഭിമാനവും ആത്മബലവും ഉണ്ടാക്കിയെന്നുള്ളതു സമ്മതിച്ചേകഴിയൂ. പ്രാചീനമഹാരാഷ്ട്രസന്ന്യാസികളുടെ ചരിത്രവും സാഹിത്യവും മഹാരാഷ്ട്രസാഹിത്യത്തിൽ ഒരു മാന്യസ്ഥാനം അർഹിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടി ദേശീയമായ സകലതിനോടും തോന്നിത്തുടങ്ങിയ അവജ്ഞ സാഹിത്യത്തേയും നല്ലപോലെ ബാധിച്ചു. ബുദ്ധിപൂവ്വമല്ലാത്ത അനുകരണമനോഭാവത്തിന് സർ ഭൻഡർകർ ഒരു വലിയ വ്യത്യാസം വരുത്തി. നിഷ്കളങ്കമായ സാഹിത്യവ്യാപാരത്തിനു് അദ്ദേഹം ഒരു മാതൃകയുമായിരുന്നു.

### ജനനവും വിദ്യാഭ്യാസവും

1837 ജൂലൈ 6-ാംതീയതി മഹാരാഷ്ട്രത്തിൽ രത്നഗിരിഡിസ്ട്രിക്ടിലേ 'മാൾവർ' എന്ന സ്ഥലത്താണു് ഭൻഡർകർ ജനിച്ചതു്. രത്നഗിരിഹൈസ്കൂളിലും ബാംബെ 'എൽഫിൻസ്റ്റൺ' കാളേജിലുമായി തന്റെ വിദ്യാഭ്യാസം പൂത്തിയാക്കി. എൽഫിൻസ്റ്റൺകാളേജിൽ അക്കാലത്തു ഗണിതശാസ്ത്രം അഭ്യസിപ്പിച്ചിരുന്നതു ദാദാബായി നവറോജിയായിരുന്നു. 1859-ൽ പൂനാകാളേജിലേ ഒരംഗമായി തിരഞ്ഞെടുത്തതിൽപിന്നീടാണു് അദ്ദേഹം സംസ്കൃതം അഭ്യസിക്കാനാരംഭിച്ചതു്. 1862 ൽ ബാംബെ സർവ്വകലാശാലയിൽനിന്നും അദ്ദേഹം ബി. ഏ. പാസ്സായി. റാനഡേയും ഭൻഡർകരുമായിരുന്നു ബാംബേ സർവ്വകലാശാലയിലേ ആദ്യത്തേ ബി. ഏ ക്കാർ. അടുത്തകൊല്ലം എം. ഏ. പരീക്ഷയിലും പ്രശസ്തമായ വിജയംനേടിയതോടുകൂടി നിയമപരീക്ഷയ്ക്കു ചേരണമെന്നാണു് ഭൻഡർകർ തീച്ചപ്പെടുത്തിയതു്. എന്നാൽ അന്നത്തേ എഡ്യൂക്കേഷൻഡയറക്ടരായിരുന്ന മി. ഹോവാർഡ് ആ ഉദ്യമത്തിൽനിന്നും അദ്ദേഹത്തേ പിൻതിരിച്ചു് കറാച്ചിയിലേ ഒരു സ്ക്കൂളിലേ ഹെഡ്മാസ്റ്ററായി നിയമിച്ചു. ഏതാനും കൊല്ലങ്ങൾ കഴിഞ്ഞു് ആ സ്ഥാനം രാജിവയ്ക്കുകയാൽ വീണ്ടും രത്നഗിരിസ്ക്കൂളിലെ അദ്ധ്യക്ഷനായി നിയമിതനായി. 68-മുതൽ 82-വരെ പൂനയിലും ബാംബെയിലുമായി അസി: പ്രഫസറുദ്യോഗവുമദ്ദേഹം വഹിച്ചിരുന്നു പിന്നിട്ട്, വളരെക്കാലം 'ഡെക്കാൻകാളേജി'ലെ സംസ്കൃതപ്രഫസറുദ്യോഗവും ഭരിച്ചു. ആദ്യത്തേ ഇൻഡ്യൻപ്രഫസറും അദ്ദേഹമായിരുന്നു. 1898-ൽ പ്രഫസർജോലിയിൽനിന്നും വിരമിച്ചതിൽ പിന്നീടുള്ളകാലം പൂനയിൽതന്നെ കഴിച്ചുകൂട്ടി. ഇങ്ങിനെ സുദീർഘമായ സാഹിത്യസേവനത്തിനുശേഷം 1925 ആഗസ്റ്റുമാസം 24-ാംതീയതി ആ മഹാപുരുഷൻ പൂനയിലെ സംഗമാശ്രമത്തിൽവച്ചു് ഇഹലോകത്തോടു യാത്രപറഞ്ഞുപിരിഞ്ഞു. രാജോചിതമായ ആഡംബരങ്ങളോടും ബഹുമതിയോടും കൂടിയാണു ശവസംസ്കാരകർമ്മങ്ങൾ നിവ്വഹിച്ചതെന്നുള്ളതും പ്രസ്താവ്യമാകുന്നു.

### ജീവിതരീതി

ദീർഘജീവിതം ഉപയോഗപ്രദമായി നടത്തുന്ന പലരിൽ എന്നപോലെ സർ. രാമകൃഷ്ണന്റേയും പ്രവൃത്തിപരിധി നാനാമുഖമായിരുന്നു. അദ്ധ്യാപകജീവിതമാണു് എല്ലാത്തിലും കൂടുതൽ വിജയപ്രദമായിരുന്നതു്. അദ്ദേഹത്തിന്റെക്ലാസ്സിലുണ്ടായിരുന്ന ഏകാന്തതയും ശ്രദ്ധയും ഇന്നും ജീവിച്ചിരിപ്പുള്ള പല ശിഷ്യന്മാരും പ്രശംസിച്ചുപറയുന്നുണ്ടു്. വിദ്യാഭ്യാസപ്രവത്തകനെന്നുള്ള നിലയിൽ ബാംബേസവ്വകലാശാലയുമായി അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധം പ്രഥമഗണനീയമാകുന്നു. വളരെക്കാലം സെനററുമെമ്പറും കുറച്ചുകാലം വൈസ് ചാൻസലറുമായിരുന്നു് സവ്വകലാശാലക്കു ചെയ്തിട്ടുള്ള സഹായങ്ങൾ ഒരിക്കലും വിസ്മരിക്കത്തക്കതല്ല. അക്കാലത്തു ബാംബെയിലും പൂനയിലുമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ കൌൺസിൽഅദ്ധ്യക്ഷനായി ഭൻഡർകറേ സ്വീകരിക്കുന്നതിൽ വലിയ ഒരു മത്സരംതന്നേ നടന്നിരുന്നുവെന്നു പറയാം. സമുദായപരിഷ്കരണസംരംഭങ്ങളിൽ ധാരാളമായി ഇടപെട്ടിരുന്നതുനിമിത്തം പലക്ലേശങ്ങൾകൂടി അദ്ദേഹത്തിനു സഹിക്കേണ്ടതായി വന്നിട്ടുണ്ടു്. സന്മാൎഗ്ഗനിഷ്ഠ ഭൻഡർകരുടെ ഒരു ജീവിതതത്വമായിരുന്നു. മാതൃകാദ്ധ്യാപകനും സത്യനിഷ്ഠനുമായിരുന്ന പ്രസ്തുത മഹാപുരുഷൻ ഭാരതീയസംസ്കാരത്തിന്റേയും മഹത്വത്തിന്റേയും ഒരു സജീവോദാഹരണമായിരുന്നുവെന്നുള്ളതിനു സംശയമില്ല.

മനുഷ്യസാധാരണമായ ചില്ലറ ന്യൂനതകൾക്കു അദ്ദേഹം അതീതനല്ലായിരുന്നുവെങ്കിലും നവഭാരതത്തിന്റെ രൂപീകരണത്തിൽ ഭൻഡർകാരുടെ സ്ഥാനം വിസ്മരിക്കത്തക്കതല്ല. സാധാരണജീവിതവും സത്യത്തിലും ധർമ്മത്തിലുംനിന്നു വ്യതിചലിക്കാതെ കഴിച്ചുകൂട്ടുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ആവശ്യമനുസരിച്ചു ദാനംചെയ്തും സഹജീവികളെ സ്നേഹിച്ചും നിർമ്മലമായ സന്മാൎഗ്ഗജീവിതംനയിച്ചും ദ്വിതീയാശ്രമം കഴിച്ചുകൂട്ടി. യഥാത്ഥത്യാഗം ഏതു രൂപത്തിലായാലും അദ്ദേഹം ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്തിരുന്നു. പ്രതിപക്ഷബഹുമാനം ഭൻഡർകരുടെ വിശിഷ്ടഗുണങ്ങളിൽ ഒന്നായിരുന്നു.

### സാഹിത്യപരിശ്രമം.

എല്ലാത്തിനും ഉപരിയായ തന്റെ അവിശ്രാന്തമായ സാഹിത്യസേവകൊണ്ടാണല്ലോ സർ. ആർ. ജി. ഭൻഡർകർ ബാഹ്യലോകത്തിനു സുപരിചിതനായിതീർന്നതു്. പൂനയിലെ ഭൻഡർകർ ഇൻസ്റ്റിറ്റ്യൂട്ട് അദ്ദേഹത്തിന്റെ ശാശ്വതമായ സാഹിത്യസമ്പത്തിനു ഉദാരമതികളായ പൊതുജനങ്ങൾ ചെയ്ത ഒരു സംഭാവനയാകുന്നു. 1864-ൽ പ്രസിദ്ധപ്പെടുത്തിയ, 'ഹാഗ്സി'ന്റെ ഐതരേയ ബ്രാഹ്മണത്തിന്റെ ഒരു വിമർശമായിരുന്നു ഭൻഡർകരേ ആദ്യമായി പാശ്ചാത്യപണ്ഡിതന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നതു്. വൈഷ്ണവമതംസംബന്ധിച്ച ഗ്രന്ഥങ്ങൾ, വിൽസൺഫൈലലാജിക്കൽപ്രസംഗങ്ങൾ മുതലായവ പിന്നീടു അനശ്വരമായ യശസ്സു സമ്പാദിച്ചുകൊടുത്തു. ഇങ്ങിനെ അൻപതിൽപരംകൊല്ലങ്ങൾ നിരന്തരമായ സാഹിത്യവ്യാപാരത്തിൽ ഏപ്പെട്ടു് അനർഘമായ ഒരു സാഹിത്യസമ്പത്തു നമുക്കു അദ്ദേഹം പ്രദാനംചെയ്തു കഴിഞ്ഞിരിക്കുന്നു.

സംസ്കൃതസാഹിത്യത്തിൽ ഭൻഡർകർക്കുണ്ടായിരുന്ന പാണ്ഡിത്യം നവീനങ്ങളായ പലേ ഗവേഷണങ്ങൾക്കും ഇടംകൊടുത്തു. സംസ്കൃതപാഠാവലികൾ, വ്യാകരണം മുതലായ ഭാഷാഭ്യസനസഹായകങ്ങളായ പല ഗ്രന്ഥങ്ങൾക്കുംപുറമേ പ്രാചീനഗ്രന്ഥാന്വേഷണത്തെപ്പററി അദ്ദേഹം എഴുതിസമർപ്പിച്ച റിപ്പോർട്ടു് ഒരുത്തമസാഹിത്യചരിത്രഗ്രന്ഥമാകുന്നു. ശബ്ദശാസ്ത്രസംബന്ധമായ പ്രബന്ധങ്ങൾ എല്ലാവരുടെയും ഒന്നുപോലുള്ള പ്രശംസ സമ്പാദിച്ചു.

രുന്നു. ചരിത്രസംബന്ധമായ ഗവേഷണങ്ങളും സർവ്വഥാ വിജയപ്രദമായിരുന്നു.

ഭൻഡാർകർ സ്ഥാപനം.

പൂനയിലെ ഭൻഡർകർഇൻസ്ററിറ്റ്യൂട്ട് ആർ. ജി. ഭൻഡർകരുടെ സ്മരണയെ ശാശ്വതമായി നിലനിറുത്തുന്നതിനുള്ള ഒരു സ്ഥാപനമാണെന്നു മുൻപറഞ്ഞുവല്ലോ. 1918-ൽ അദ്ദേഹത്തിൻെറ എൺപതാമത്തെ വയസ്സുതികഞ്ഞ അവസരത്തിലായിരുന്നു സ്ഥാപനത്തിൻെറ ഉദ്ഘാടനം നടത്തിയതു്. അതിനു രണ്ടുകൊല്ലത്തിനുമുമ്പു ഭൻഡർകരുടെ ശിഷ്യന്മാരും അഭിനന്ദകന്മാരുമായ വലിയ ഒരുസംഘം പ്രതിനിധികൾ ദേശീയസാഹിത്യത്തിനും ഗവേഷണത്തിനും ഇത്രകണ്ടു പ്രചാരം വരുത്തിയിട്ടുള്ള ഈ മഹാപുരുഷൻെറ നാമധേയത്തിൽ ഒരു സ്ഥാപനം നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുന്നതിനു ഒരു യോഗംകൂടി. ഉദാരമതികളായ പല മഹാന്മാരുടെ സഹായവും ഭരണാധികാരികളുടെ അംഗീകാരവും കിട്ടിയതിനാൽ താമസിയാതെതന്നെ അവരുടെ ആശ പ്രയോഗപരിധിയിൽ കൊണ്ടുവരുന്നതിനും സാധിച്ചു. ചരിത്രസംബന്ധവും സാഹിത്യസംബന്ധവുമായ ഗവേഷണങ്ങൾ ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുന്നതാണു സ്ഥാപനത്തിൻെറ മുഖ്യോദ്ദേശം. 1918 ഡിസംബർമാസം 15 ാംതീയതി ഭൻഡർകർ വലിയ ആഘോഷങ്ങളോടും വൈദികമായ ചടങ്ങുകളോടും കൂടി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അന്നത്തെ ബാംബെ ഗവർണ്ണരായിരുന്ന വില്ലിങ്ടൺപ്രഭുവായിരുന്നു സ്ഥാപനത്തിൻെറ ഒന്നാമത്തെ അദ്ധ്യക്ഷൻ.

ഈ കുറഞ്ഞകാലഘട്ടത്തിൽതന്നെ ലോകത്തിൻെറ എല്ലാഭാഗത്തുമുള്ള പൗരസ്ത്യശാസ്ത്രപണ്ഡിതന്മാരുടെ ഇടയിൽ ഭൻഡർകർ ഇൻസ്ററിറ്റ്യൂട്ട നല്ല ഒരു സ്ഥാനം സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. അവിടെനിന്നും ലഭിക്കുന്ന പരിശീലനം ശാസ്ത്രീയവും വളരെ പ്രയോജനകരവുമാണു്. അനേകായിരംരൂപാ ചിലവുചെയ്തു, ഇൻഡ്യയുടെ നാനാഭാഗത്തുനിന്നും ശേഖരിച്ച ഗ്രന്ഥങ്ങൾതമ്മിൽ പരിശോധിച്ചു ഏററവും നവീനമായ രീതിയിൽ അവിടെ നിന്നും പ്രസിദ്ധംചെയ്തുവരുന്ന മഹാഭാരതവും എല്ലാവരുടെയും പ്രശംസ അർഹിച്ചു കഴിഞ്ഞിരിക്കുന്നു.

ഭൻഡർകർ ഇൻസ്റ്റിറ്റ്യൂട്ടിൻെറ വേറൊരുപ്രവർത്തനം ഓറിയൻററൽകാൺഫറൻസിൻെറ രൂപീകരണമാകുന്നു. ഈരണ്ടുകൊല്ലങ്ങളിലൊരിക്കലായി നടത്തപ്പെടുന്ന ഈ മഹായോഗം വളരെ പ്രാധാന്യമേറിയ ഒന്നാകുന്നു. 1919-നവംബർമാസം അഞ്ചാംതീയതി പൂനായിൽ കൂടിയ ഒന്നാമത്തെ ഓറിയൻററൽ കാൺഫറൻസിൻെറ അദ്ധ്യക്ഷൻ സർ ഭൻഡർകരായിരുന്നു. അന്നത്തെ ബംബൈഗവർണ്ണറായിരുന്ന സർ ജാർജ്ജ് ലായിഡ് ആയിരുന്നു ഉൽഘാടനകർമ്മം നിർവ്വഹിച്ചതു്. ചരിത്രം, സാഹിത്യം, ശാസ്ത്രം, വേദം, പ്രാകൃതം, ബുദ്ധമതം, ജൈനമതം, പേർസ്യൻ തുടങ്ങിയ ഏഷ്യയിലെ എല്ലാ വിഭാഗങ്ങൾക്കും അതിൽ പ്രവേശമുണ്ടു്. കഴിഞ്ഞയോഗം പ്രസിദ്ധ ചരിത്രപണ്ഡിതനായ കെ. പി. ജയസ്വാൽ അവർകളുടെ അദ്ധ്യക്ഷതയിൽ ബറോഡയിൽ വച്ചാണു നടന്നതെന്നുള്ളതു വായനക്കാർ ഓർമ്മയായിരിക്കുമല്ലോ. ഈ രൂപത്തിലും ഭൻഡർക്കർസ്ഥാപനത്തിൻെറ പ്രവർത്തനം അത്യന്തം പ്രശംസാർഹമാകുന്നു.

## മരണം.

[എം. എസ്സ്. കുമാരൻനായർ, ബി. ഏ. എൽ ററി.]

I

"മരണം", —വെറും "വൃത്തിഹീന"നാം പിച്ചക്കാരൻ;
അരയിൽക്കരിമ്പടക്കീറത്തുണ്ടുകൾ കെട്ടി
പതിവായ് ബീഭത്സമീ രൂപമെൻ ജീവിതത്തിൻ-
പടിവാതില്ക്കലെന്തിന്നസഹ്യപ്പെടുത്തുന്നു!!
സാധുവല്ലിവൻ, കണ്ടാൽഭയമാംകരിംക്രൂരൻ;
ബാധയായ്തീർന്നു; പോകില്ലെൻ"ധർമ്മം"വാങ്ങീടാതെ!
കണ്ടുകണ്ണിണയ്ക്കേതും കന്മഷം ഭവിയ്ക്കാതെ
കല്ലെറിഞ്ഞോടിയ്ക്കയേവേണ്ടുഞാ,നിനിവേഗം!" —
അവിവേകത്തിൻമൂഢപ്രേരണമൂലം, കഷ്ടം!
ഇവിധം കരുതിഞാൻ കഴിച്ചു മമബാല്യം!!
ലോകജീവിതസൌഖ്യമധുരാഹാരം തെല്ലു-
മേകുകില്ലവനെ,ന്നനുറച്ചു, കൊതിയൻഞാൻ!
കദനംകടന്നാളിക്കരിയ്ക്കുംമുൻപേയെന്നെ
സദയം ക്ഷണിയ്ക്കുവാൻ വന്നതായിരുന്നുപോൽ!!

II

"മരണം", —പരിതപ്തചിത്തനാം മനുഷ്യനു
കരുണം സമാശ്വാസമരുളും ഹൃദയാലു
എത്രനാൾ അനുകമ്പാകുലനായ് വീണ്ടുംവീണ്ടും
മിത്രബുദ്ധിയാലിങ്ങുവന്നെന്നെ വിളിച്ചുപോയ്!!
ഭാവിജീവിതഘോരവൻകാട്ടിൽ കുഴങ്ങാതെ
പൂവിതൾവിതറിയ സുന്ദരാധ്വാവിലൂടെ
എത്രയുംചാരത്തൊരു, നിത്യവിശ്രമംനൾകും
ചിത്രമന്ദിരത്തിലന്നെത്തുവാൻ കഴിഞ്ഞേനേ!!
തിരിയാ വഴിയിപ്പോൾ; വരവുംനോക്കിത്തന്നെ
കരയുംകരളുമായ് കാത്തുഞാൻ ഇരിയ്ക്കട്ടെ!
എങ്ങിനിയന്വേഷിപ്പൂ, ഭവ്യനാമദ്ദേഹത്തേ-
എങ്ങാനും കണ്ടെന്നാകിലോടിയെത്തുവൻകൂടെ!!
ചെയ്തുപോയ് അപരാധം; ക്ഷമിപ്പാൻകണ്ണീർമഴ
പെയ്തുഞാൻ അപേക്ഷിയ്ക്കും; ശാന്താത്മാവല്ലോമൃത്യു!!


Cure for Tooth Trouble etc.
Consult Dr. Philip Modiel,
Surgeon Dentist,
Statue Road, Trivandrum.



ദൊരശ്ശ്ളിണി

ഗ്രന്ഥകർത്താ, കെ. എം. പണിക്കർ എം. ഏ.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ പ്രധാന ദോഷങ്ങൾക്കു വിധേയയായിതീർന്ന ഒരു യുവതിയുടെ ജീവിതത്തിൻെറ അതിസൂക്ഷ്മമായ ഒരു ചിത്രമാണു് ഇതിലെ കഥാവസ്തു. അഗാധപാണ്ഡിതനും നിരീക്ഷണകുശലനും ആയ കവിയുടെ ദൊരശ്ശ്ളിണിസൃഷ്ടി എത്രമാത്രം ഹൃദയംഗമമായിട്ടുണ്ടെന്നു വർണ്ണിക്കാവുന്നതല്ല.

വില 1 രൂപാ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# പാചകകല.

എസ്സ്. എ. പിള്ള, കടയ്ക്കൽ.

രണ്ടാംഭാഗം (തുടച്ച്.)

(8) നാവരയ്ക്കാമെഴുക്കുപിരട്ടി:—ഇതിനു അവരയ്ക്കാമുറിച്ചും പച്ചമുളകു കീറിയുംഉപ്പും മഞ്ഞളുംചേൎത്തു വെന്തു വെള്ളംവററിയാൽ വെളിച്ചെണ്ണയൊഴിച്ചു മൊരിച്ചു വാങ്ങണം.

(9) കൂട്ടുമെഴുക്കുപിരട്ടി:—പിഞ്ചുമുരിങ്ങയ്ക്കാ ഇളയവഴുതനങ്ങാ, പച്ചമുളക്, ഇവ മൂന്നുംകൂടി ഉപ്പും മഞ്ഞളുംചേൎത്തു വററിച്ചു വെളിച്ചെണ്ണചേൎത്തു മൊരിയിച്ചു വാങ്ങിക്കൊള്ളണം.

(10) ചീനിഅവരയ്ക്ക്, മെഴുക്കുപിരട്ടി:- ചീനിഅവരയ്ക്കാമുറിച്ചും പച്ചമുളകു കീറിയുംഇട്ടു ഉപ്പും മഞ്ഞളുംചേൎത്തു ശരിയായി വേവിച്ചു വെളിച്ചെണ്ണയൊഴിച്ചു മൊരിയിച്ചു മെഴുക്കുപിരട്ടിയാക്കാം.

(11) വെണ്ടയ്ക്കാ മെഴുക്കുപിരട്ടി:—ഇതോടുകൂടി മററൊന്നും ചേൎക്കാൻ പാടില്ല. അല്പം വെള്ളവും പാകത്തിനു ഉപ്പുംചേൎത്തു കുഴഞ്ഞുപോകാതെ അല്പം ഒന്നു വാട്ടിയെടുത്തു വെളിച്ചെണ്ണവീഴ്ത്തി അധികംമൊരിഞ്ഞുപോകാതെ രുചിപ്രദമായ മെഴുക്കുപിരട്ടിയാക്കാം.

(12) കത്തിരിക്കാമെഴുക്കുപിരട്ടി:—കത്തിരിക്കാമാത്രമൊ, പച്ചമുളകുംകൂടിച്ചേൎത്തോ പാകം ചെയ്യാം. കത്തിരിക്കാ അതിന്റെ വലിപ്പം അനുസരിച്ചു കീറിമുറിച്ചു കഴുകി കറകളഞ്ഞു പച്ചമുളകുംചേൎത്തു പാകത്തിനു ഉപ്പും അല്പം മഞ്ഞളും കലൎത്തി വെന്തുവററുമ്പോഠം അല്പം വെളിച്ചെണ്ണയൊഴിച്ചു വെളിച്ചെണ്ണവീഴ്ത്തി പാകത്തിനു വററ്റി എടുത്തുകൊള്ളണം.

(13) ചക്കക്കുരുമെഴുക്കുപിരട്ടി:—ഇതിന് വിളയാത്ത ചക്കയിൽനിന്നു് എടുക്കുന്ന കുരു ഒട്ടും നന്നല്ല. ചക്കപ്പഴത്തിൽനിന്നു് എടുത്തു ഉണങ്ങി നീരുപററിട്ടുള്ളതുതന്നെ ആയിരിക്കണം. എങ്കിലെ മെഴുക്കുപിരട്ടിക്കു പൂൎണ്ണമായ സ്വാദു ലഭിക്കയുള്ളു ചക്കക്കുരു പുറന്തൊലിയും അതിനുള്ളിൽ പററിയിരിക്കുന്ന ഘനം കുറഞ്ഞ ഒരുമാതിരി ചുവന്ന തൊലിയും ശരിയായി ചുരണ്ടി നാലായി കീറി പാകത്തിനുപ്പുംചേൎത്തു വേവിച്ചു് വെളിച്ചെണ്ണ ഒഴിച്ചു് ശരിയായി മൊരിയിക്കണം.

(14) ഇടിച്ചക്ക മെഴുക്കുപിരട്ടി—വളരെ ചെറുപ്രായത്തിലുള്ള ഇടിച്ചക്ക മടൽ പോക്കി കീറി ചെറുതായി പൂഞ്ഞോടുകൂടി നുറുക്കി കഴുകി പാകത്തിനു ഉപ്പും വേവുന്നതിനുമാത്രം ശുദ്ധജലവും ചേൎത്തു വേവിച്ചു് വററിച്ചു വച്ചുകൊള്ളണം. ചീനച്ചട്ടിയിൽ അല്പം വെളിച്ചെണ്ണവീഴ്ത്തി വററൽമുളകും, കടുകും, കറിവേപ്പിലയുംചേൎത്തു കടുകുവറുത്തു് വേവിച്ചുവച്ചിരിക്കുന്ന ഇടിച്ചക്ക അതിൽ ഇട്ടു് ഇളക്കി യോജിപ്പിച്ചു ഉടൻ വാങ്ങിക്കൊള്ളണം. ഇതു് തോരൻപോലെ ഇരിക്കും. അല്ലാതെ ശരിയായിമൊരിഞ്ഞുകിട്ടുകയില്ല.

(15) പടവലങ്ങാമെഴുക്കുപിരട്ടി—അകത്തുള്ള അരികളഞ്ഞു് പടവലങ്ങാ വട്ടത്തിൽ നുറുക്കി പാകത്തിന് ഉപ്പുംചേൎത്തു വററിച്ചു് വെളിച്ചെണ്ണവീഴ്ത്തി ശരിയായി മൊരിയിച്ചു വാങ്ങിക്കൊള്ളണം. രുചിപ്രദമായിരിക്കും.

(16) കയ്പൻ പടവലങ്ങാ മെഴുക്കുപിരട്ടി ഇതു പിച്ചാത്തികൊണ്ടരിഞ്ഞുപോകരുതു്. അപ്രകാരം ചെയ്യുന്നപക്ഷം കയ്പുവർദ്ധിച്ചു് ഉപയോഗിക്കാൻ തീരെ നിവൃത്തിയില്ലാതെവന്നുപോകും. കയ്പൻപടവലങ്ങാ നന്നായി ചതച്ചു് പാകത്തിന് ഉപ്പും തൈരും അല്പം ശുദ്ധജലവുംചേൎത്തു വേവിച്ചു് വെള്ളം വററുമ്പോഠം വെളിച്ചെണ്ണ ഒഴിച്ചു നല്ലതുപോലെ മൊരിയിച്ചു് പാകമാകുമ്പോഠം വാങ്ങിക്കൊള്ളാവുന്നതാണു്.

## ചുണ്ടലുകഠം.

ദ്രാവിഡപാകപ്രകാരം പാകംചെയ്തുവരുന്ന ഒരുതരം മെഴുക്കുപിരട്ടിതന്നെയാണു് ചുണ്ടൽ. "ചുണ്ടൽ" എന്ന തമിഴ് വാക്കിന്റെ അൎത്ഥംതന്നെ "ഉണങ്ങിയതു്" എന്നത്രെ. മെഴുക്കുപിരട്ടിക്കുള്ള കഷണങ്ങളും പാകരീതികളും തന്നെയാണിതിനു കാണുന്നതു്. എന്നാൽ ഇതിന്റെ കഷണത്തിൽ ഉപ്പും മഞ്ഞളും, ചിലതിന് അല്പം പുളിയും ചേൎത്തു വററിക്കയും, കടുകും മുളകും ഉഴുന്നുപരിപ്പും കറിവേപ്പിലയുംചേൎത്തു കടുകുവറുത്തു കഷണങ്ങഠം അതിൽഇട്ടു് അധികം മൊരിഞ്ഞുപോകാതെ ജലമയം വററിച്ചു ഉലൎത്തിവാങ്ങി ഉപയോഗിക്കയും എന്നുള്ള ഒരു വ്യത്യാസമാണു് പറയത്തക്കവണ്ണം ഇതിനുള്ളതു്. ഇതിലേക്കു നല്ലതുപോലെ വെന്തുടയുന്ന പടററുകായ്, മൊന്തൻകായ്, വെണ്ടയ്ക്കാ, ചേമ്പു്, കാച്ചിൽ, കത്തിരിക്കാ, ഇത്യാദി സാധനങ്ങഠം ഏററവും യോജിച്ചിരിക്കുന്നു. ഇവയ്ക്കു പുറമെ മിക്ക സസ്യാദികളുംചേൎത്തു ചുണ്ടൽ ഉണ്ടാക്കാവുന്നതുമാണു്. അവ എല്ലാം പാചകന്റെ യുക്തിക്കനുസരിച്ചിരിക്കുമെന്നുമാത്രം ധരിക്കേണ്ടതാകുന്നു.

(1) വാഴക്കാചുണ്ടൽ:—പടററുകായ്, മൊന്തൻകായ്, ചാരക്കാളി, ഇവയിൽ ഓരോന്നും തനിച്ചു് ചേൎത്തുകൊള്ളണം. ചെറുതായി അരിഞ്ഞു് ശുദ്ധിചെയ്തു പാകത്തിന് ഉപ്പും അല്പം മഞ്ഞളും ചേൎത്തു വേവു പകുതിയാകുമ്പോഠം അല്പം പുളികലക്കി പിഴിഞ്ഞ വെള്ളം ഒഴിച്ചിളക്കി വെന്തുവററുമ്പോഠം മുളകും, കടുകും, ഉഴുന്നുപരിപ്പും, കറിവേപ്പിലയും വെളിച്ചെണ്ണയിൽ ഇട്ടു കടുകുവറുത്തു് അതിൽതട്ടി വെള്ളം തോൎന്നു ഉടഞ്ഞു് അല്പം മൊരിയാൻ ആരംഭിക്കുമ്പോഠം വാങ്ങിക്കൊള്ളാവുന്നതാണു്.

(2) ചേമ്പുചുണ്ടൽ:—ഘനം തീരെ കുറഞ്ഞുപോകാതെ ചേമ്പു് വട്ടത്തിൽ നുറുക്കി കഴുകി (വളരെ ചെറുചേമ്പാണെങ്കിൽ നുറുക്കണമെന്നില്ല വേവിച്ചു് ഉടച്ചാൽമതി) ഉപ്പുമാത്രംചേൎത്തു പകുതി വേവാകുമ്പോഠം അല്പം പുളിപിഴിഞ്ഞുചേൎത്തു വീണ്ടും വേവിച്ചു് വെള്ളം മുഴവൻവററിക്കണം. ഒരു ചീനച്ചട്ടിയിൽ അല്പം വെളിച്ചെണ്ണ വീഴ്ത്തി മുളകും, കടുകും, ഉഴുന്നുപരിപ്പും, കറിവേപ്പിലയും ഇട്ടു് വറുത്തു സുഗന്ധംവരുമ്പോഠം വേവിച്ചുവച്ചിരിക്കുന്ന കഷണം അതിൽതട്ടി ഇളക്കിച്ചേൎത്തു് ശരിയായി യോജിപ്പിച്ചുകൊണ്ടാൽ അധികം രുചിയുള്ള ഒരു നല്ല ചുണ്ടലായിതീരും.

(3) പച്ചമുളകുചുണ്ടൽ:—അധികം വിളവുചെല്ലാത്ത (പിഞ്ചു്) പച്ചമുളക് തുമ്പുമാത്രം അല്പം കീറി അല്പം കൂടുതൽ ഉപ്പുകലക്കിയവെള്ളത്തിൽ ഇട്ടു് അടുപ്പിൽവച്ചു് അല്പമൊന്നു് വാട്ടിക്കൊള്ളണം. മുളകു പാകത്തിന് വാടുമ്പോഠം വററത്തക്കവണ്ണമേ ആദ്യം വെള്ളം ചേൎക്കാവൂ. വെളിച്ചെണ്ണയിൽ, കടുകും കറിവേപ്പിലയും അരിഞ്ഞ പച്ചകൊത്തമല്ലിയും ഇട്ടു് കടുകുവറുത്തു അതിൽ വേവിച്ചു വച്ചിരിക്കുന്ന മുളകു തട്ടി പുളിരസത്തിനു ചെറുനാരങ്ങാനീരിൽഅല്പം കായംകൂടിചേൎത്തു കലക്കി ഒഴിച്ചു്, അതിൽ കിടന്നു് ശരിയായി മൊരിയുമ്പോഠം വാങ്ങിക്കൊള്ളണം. ഇതു പാകംചെയ്യുമ്പോഠം അത്യാവശ്യമുണ്ടെങ്കിൽമാത്രം തവികൊണ്ടു് ഇളക്കിക്കൊള്ളണം. അല്ലെങ്കിൽ മുളകു ഉടഞ്ഞു് വെള്ളത്തിൽ കലങ്ങിപ്പോകും. ജലമയം മുഴുവൻ വററിച്ചു് പാകപ്പെടുത്തുന്ന ഈ മുളകു ചുണ്ടലിന്റെ സ്വാദു പറഞ്ഞറിയിക്കാൻ പ്രയാസംതന്നെ.

(4) കത്തിരിക്കാചുണ്ടൽ—കത്തിരിക്കാ ചെറുതായി നുറുക്കി കറകളഞ്ഞു് ഉപ്പും വെള്ളവുംചേൎത്തു പകുതി വേവുമ്പോഠം പുളി കലക്കിവീഴ്ത്തി ശേഷം ഭാഗവും വററിക്കണം. പിന്നീടു്, കടുകും ഉഴുന്നുപരിപ്പും, മുളകും, കറിവേപ്പിലയും വെളിച്ചെണ്ണയിൽവറുത്തു് ശരിയായി മൂത്തുവരുമ്പോഠം അതിൽ വേവിച്ച കഷണംതട്ടി ചിക്കി ഇളക്കി ഒരുമാതിരി മൊരിയിച്ചു് വാങ്ങിക്കൊള്ളണം.

(5) പാവയ്ക്കാചുണ്ടൽ:—പാവയ്ക്കാ പലജാതിഉണ്ടല്ലൊ. അവയെല്ലാം ചുണ്ടലിനും ഉപയോഗംതന്നെ പാവയ്ക്കാനുറുക്കി അല്പം നല്ലമുളകും മഞ്ഞളും കൊത്തമല്ലിയുംകൂടി അരച്ചു് ശുദ്ധജലത്തിൽ കലക്കിച്ചേൎത്തു് അതിൽ കഷണംഇട്ടു് പകുതിവേവുമ്പോഠം പാകത്തിനു അല്പം പുളിയും ഉപ്പുംചേൎത്തു വററിച്ചു്, മുളകും കടുകും ഉഴുന്നുപരിപ്പും കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു് അതിൽതട്ടി നല്ലതുപോലെചിക്കി ഉലൎത്തി വാങ്ങിക്കൊള്ളേണ്ടതാകുന്നു.

(6) പടവലങ്ങാചുണ്ടൽ:—പിഞ്ചുപടവലങ്ങാ ഘനംകുറച്ചു് വട്ടത്തിൽ അരിഞ്ഞു കഴുകി വച്ചുകൊള്ളണം. ധാരാളം ഉഴുന്നുപരിപ്പും, മുളകുവററലും കടുകും കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽഇട്ടു വറുത്തു

സുഗന്ധംവരുമ്പോൾ തയാറാക്കിവച്ചിരിക്കുന്ന കഷണം അതിൽതട്ടി പാകത്തിനു ഉപ്പുകലക്കിയൊഴിച്ച് തവിക്കണകൊണ്ട് ഇളക്കിക്കൊള്ളണം. കഷണങ്ങൾ വെന്തുചുരുങ്ങി കുഴഞ്ഞുപോയതുപോലെ കാണുന്ന പാകത്തിൽ വാങ്ങിക്കൊള്ളണം. ഇടങ്ങഴികഷണം പാകംചെയ്യേട്ടത്താൽ നാഴിചുണ്ടലേ ഉണ്ടായിരിക്കയുള്ളു.

(7) കടലച്ചുണ്ടൽ—കടല ശുദ്ധജലത്തിൽ ഇട്ടു കുറഞ്ഞതു് ആറേഴമണിക്കൂർ നേരമെങ്കിലും കുതിത്തിരിക്കണം. കുതിർന്നുവീത്താലുടൻ അതിൽനിന്നും വാരി ഒരു വെള്ളവട്ടിയിൽ ഇട്ടു വെള്ളം തോർത്തണം. വേറൊരുപാത്രത്തിൽ ഇതു വേകുവാൻ വേണ്ട വെള്ളം അല്പം മഞ്ഞളും ചേർത്തു അടുപ്പിൽവച്ചു തിളപ്പിക്കണം തിളയ്ക്കുമ്പോൾ കടലയിട്ടു നല്ലതുപോലെ വേവിച്ച് വെള്ളം വററാറാകുമ്പോൾ ഉപ്പു വെള്ളത്തിൽ കലക്കി അല്പം കായവും ചേർത്ത് ഒഴിച്ചിളക്കി ജലമയം വററുന്നതോടുകൂടി വാങ്ങിക്കൊള്ളണം. കടുകും മുളകും കറിവേപ്പിലയും അല്പം നെയ്യൊഴിച്ചു മൂത്തു സുഗന്ധംവരുമ്പോൾ വെന്തകടല അതിൽ തട്ടി ഇളക്കി ജലമയം മുഴുവൻ തോർത്തി ചിക്കി യോജിപ്പിച്ചേട്ടത്താൽ അധികം രുചിയുള്ള കടലച്ചുണ്ടലായി. ഒരു കടലയെടുത്തു വിരൽകൊണ്ടു ഞെക്കിയാൽ അതിന്റെ പരിപ്പിൽനിന്നും പ്രയാസംകൂടാതെ തൊലി ഇളകി വേർപെട്ടുപോകുന്നുവെങ്കിൽ പാകം ശരിയായി എന്നു തീർച്ചപ്പെടുത്താം. കടുകുവറുക്കുന്നതിനു് ഇതിനെസംബന്ധിച്ചിടത്തോളം നെയ്യ് ഉത്തമപക്ഷവും വെളിച്ചെണ്ണ മദ്ധ്യമപക്ഷവുമാണെന്നറിഞ്ഞുകൊള്ളണം.

(8) ചെറുപയർച്ചുണ്ടൽ - ഇതിനു് ഒന്നാമതായി ചെറുപയർ പാകത്തിനു് അല്പം ചുവക്കുന്നതുവരെ വറുത്തുകൊള്ളണം. (എല്ലാം ഒരേക്രമത്തിൽ വെന്തു ശരിപ്പെടുന്നതിനു് ഇപ്രകാരം വറുക്കുന്നതു സഹായമായിരിക്കും) ആറിയതിൽപിന്നീടു ശുദ്ധജലത്തിൽ അരിച്ചു കല്ലുപോക്കി വേവത്തക്കപാകത്തിൽ വെള്ളം ഒഴിച്ച് (ക്രമത്തിനു വേകുമ്പോൾ വെള്ളം വററത്തക്കവണ്ണം) വേവിക്കണം. വെന്തുകഴിഞ്ഞാൽ പാകത്തിനു് ഉപ്പുചേർത്തു വററിച്ച് മുളകും കടുകും കരിവേപ്പിലയും കൂട്ടി നെയ്യിൽ (വെളിച്ചെണ്ണയിലുമാകാം) വറുത്തു് സുഗന്ധം പുറപ്പെടുമ്പോൾ ചുണ്ടൽ അതിൽതട്ടി ഇളക്കി മുഴുവൻ ജലാംശവും വററിച്ചു വാങ്ങിക്കൊള്ളണം.

(9) ഉഴുന്നുചുണ്ടൽ—ഉഴുന്നു പാകത്തിനു വറുത്തു ആറിയതിൽപിന്നീട് അരിച്ചു കല്ലുപോക്കി പാകത്തിനു വെള്ളം ഒഴിച്ചു പുഴുങ്ങി ഉപ്പുംചേർത്തു വററിച്ച്, നെയ്യിൽ, മുളകും കടുകും കരിവേപ്പിലയും ചേർത്തു കടുകുവറുത്തു് അതിൽ തട്ടി ചിക്കിഇളക്കി തോർത്തി ഉപയോഗിക്കാം. വാസനയ്ക്കുവേണ്ടി മാത്രം അല്പം നല്ലമുളകു് പച്ചയായി പൊടിച്ച്, കടുകുവറുത്തശേഷം അതിൽ ഇട്ടു് ഇളക്കിക്കൊണ്ടാൽ നന്നായിരിക്കും.

എല്ലാജാതി പയറുകളെക്കൊണ്ടും ഇതുപോലെ ചുണ്ടൽ ഉണ്ടാക്കാം. എന്നാൽ പയർവർഗ്ഗങ്ങളെല്ലാം ചുവക്കെ വറുത്തു് ആറിയശേഷം മാത്രമെ പുഴുങ്ങാൻ പാടുള്ളു. അല്ലാത്തപക്ഷം എല്ലാം ഒരുപോലെ വേവുന്നതിനു് ഇടയാകയില്ല. ഇടയ്ക്കിടയ്ക്കു കല്ലുകടിക്കുന്നതുപോലെ തോന്നുകയുംചെയ്യും. ഈ സംഗതിമാത്രം ഇമ്മാതിരി ചുണ്ടലുകളിൽ ശ്രദ്ധിച്ചുകൊള്ളേണ്ടതു അത്യാവശ്യമാണു്.

(10) കാച്ചിൽചുണ്ടൽ—കാച്ചിൽ തൊലിചെത്തി ചെറുതായിനുറുക്കി ശുദ്ധിചെയ്തു (ഒന്നോ രണ്ടോ പ്രാവശ്യം വെള്ളത്തിൽ കഴുകി) മസാല അരച്ചു വെള്ളത്തിൽ കലക്കി പാകത്തിനു് ഉപ്പുംചേർത്തു തിളയ്ക്കുമ്പോൾ കഷണം അതിൽഇട്ടു വററിച്ച് മസാലകഷണങ്ങളിൽ ശരിയായി പൊതിഞ്ഞുപിടിച്ചതിനുശേഷം, കടുകും കരിവേപ്പിലയും ഉഴുന്നുപരിപ്പുംകൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു് അതിൽ തട്ടി ചിക്കി അല്പമായി മെലിയിച്ചുകൊണ്ടാൽ വളരെ രുചിപ്രദമായി തിരുന്നതാണു്.

(11) ചേനച്ചുണ്ടൽ—ചേന അതിന്റെ തൊലിചെത്തി കഷണമാക്കി, പുഴുങ്ങിവച്ചുകൊള്ളുക. മസാലകളരച്ചു് ശുദ്ധജലത്തിൽ കലക്കി പാകത്തിനു ഉപ്പും ചേർത്തു് അടുപ്പിൽവച്ചു തിളയ്ക്കുമ്പോൾ കഷണം അതിൽ ഇട്ടു് വെള്ളം ശരിയായി വററിക്കണം. മസാല മുഴുവൻ കഷണങ്ങളിൽ പൊതിഞ്ഞു പിടിച്ചശേഷം കരിവേപ്പിലയും കടുകും ഉഴുന്നുപരിപ്പുംകൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു അതിൽ കഷണംഇട്ടു ശരിയായി ഇളക്കി ചിക്കി അല്പമായി മൊരിയിച്ചു വാങ്ങിക്കൊള്ളാവുന്നതാകുന്നു.

(തുടരും)


# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

**CHAIRMAN:- K. C. PANDALAI B. Sc. (LOND.)**

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 - 11.

Reserve and other Funds :- 2,23,500.

**HEAD OFFICE:- ALLEPPEY.**

**Branches: TRIVANDRUM. CHANGANACHERRY, COCHIN & QUILON.**

**SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted.

For Particulars apply to

**C. KRISHNA MENON M. A.**
MANAGER ALLEPPEY.

or to the
CHAIRMAN
**COLLEGE BUILDINGS**
ESPLANADE, MADRAS.

 REG. NO. M 2689 & T. 122.


# THE MALAYALA RAJYAM

12th NOV. 1934.

## CHITRAVARIKA.

Vol. VII
No. 10




### കാൺഗ്രസ്സുപതാക.

കാൺഗ്രസ്സുപന്തലിലേക്കു പ്രവേശിക്കുന്ന ഏതൊരാളിൻെറയും നയനത്തെ ആകർഷിക്കത്തക്കരീതിയിൽ സ്ഥാപിച്ചിരുന്ന അത്യുന്നതമായ കാൺഗ്രസ്സുധ്വജം. ഇതിൻെറ പൊക്കം 110 അടിയായിരുന്നു. പതാകയ്ക്കുതന്നെ 30 അടി നീളവും 20 അടി വീതിയും ആയിരുന്നു പരിമാണം. വിജയഘോഷങ്ങളുടെ ഇടയിൽ ത്രിവർണ്ണാങ്കിതമായ പതാക അക്ടോബർ 26-ാംനു- വെള്ളിയാഴ്ച രാവിലെ രാജൻ ബാബുവിനാൽ ഉയർത്തപ്പെട്ടു. തുടരെ നടന്നുകൊണ്ടിരുന്ന മാരുതനർത്തനത്താൽ ഈ ദേശീയപതാക അതിൻെറ പൂർണ്ണപരിമാണം തെളിഞ്ഞു കാണത്തക്കവണ്ണം പാറിക്കൊണ്ടിരുന്നതു ഹൃദയാവർജ്ജകമായ കാഴ്ചയായിരുന്നു എന്നു പ്രേക്ഷകർ രേഖപ്പെടുത്തിയിരിക്കുന്നു.


ഒന്നാംതരം റബ്ബർസ്റ്റാമ്പുകൾ ——

—— ചെയ്തുകൊടുക്കപ്പെടും.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം


Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.